(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ. കെ.കെ ഡി/പി-10/1810/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്
ഫോൺ: 04952371012
Email:- dokkd.ksa.kerala.gov.in

തീയതി:25.10.2017

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന )

ഉണ്ണികുളം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ഉണ്ണികുളം ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

******************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉണ്ണികുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ. കെ.കെ ഡി/പി10/1810/2017 തിയ്യതി:-25.10.2017

# കോഴിക്കോട് ജില്ലയിലെ ഉണ്ണികുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ഉണ്ണികുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 37അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | ശ്രീ. വിനോദ് ശ്രീധർ, ഡപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.09.2017 മുതൽ 18.9.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര്, തസ്തിക | ശ്രീമതി. സബിത | ഓഡിറ്റ്ഓഫീസർ |
| | ശ്രീമതി.ഷൈനി.പി | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഷിപിൻപീറ്റർ.സി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.അഫ്സൽ.ടി.എം | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ബിനോയ്.ഇ.ടി | 01.04.2016 - 31.03.2017 |
| സെക്രട്ടറി | ശ്രീമതി.റോസമ്മ ജേക്കബ്<br>ശ്രീ.ഫവാസ് ശമീം<br>ബാലൻ. കെ.പി | 1.04.2016 -1.07.2016<br>1-8-16—9-8-16<br>10-8-16- 31-3-17 |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| | പേര് | കാലയളവ് |
| അസി.സെക്രട്ടറി | ശ്രീ. ഫവാസ് ഷമീം<br>ശ്രീ.എം. ധർമരാജ് | 01.04.2016– 17.11.2016<br>18.11.16- 31.3.17 |
| അസി.എന്ജിനീയർ | ശ്രീമതി. അശ്വതി എസ് പ്രസാദ്<br>ശ്രീ.രജീഷ് കുമാർ.സി | 01.04.2016– 11.07.2016<br>12.7.16- 31.3.17 |

| | | |
|---|---|---|
| വി.ഇ.ഒ | ശ്രീമതി. ലക്ഷ്മി ശശീന്ദ്രൻ<br>ശ്രീമതി.ഗ്രാസിയൻ(അഡി.ചാർജ്)<br>ശ്രീമതി. സുധ | 01.04.2016– 15.11.2016<br>16.11.16-19.12.16<br>20.12.16-31.3.17 |
| വി.ഇ.ഒ | ശ്രീമതി. സിന്ധു. കെ | 01.04.2016– 31.03.2017 |
| ഹെഡ് മാസ്റ്റർ | ശ്രീമതി. ഒ കെ മഹിജ<br>ശ്രീ.മോഹനൻ | 01.04.2016– 11.08.2016<br>12.8.16-31.03.17 |
| വെറ്ററിനറി സർജൻ | ഡോ.സി കെ ഷാജിബ് | 01.04.2016– 31.03.2017 |
| മെഡിക്കൻ ഓഫിസർ | ഡോ.എ എൻ സഹദേവൻ<br>ഡോ.സുനിൽലാൽ<br>കാഞ്ഞിരത്തിങ്കൽ | 01.04.2016 – 8.02.2017<br>09.02.2017-31.03.2017 |
| ഐ.സി.ഡി.എസ് സൂപർവൈസ് | ശ്രീമതി.ജ്യോതിലക്ഷ്മി<br>ശ്രീമതി.ഗീത.ടി.എം | 01.04.2016– 18.09.2016<br>19.9.16-31.3.17 |
| ഐ.സി.ഡി.എസ് സൂപർവൈസ് | ശ്രീമതി.ലക്ഷ്മി.ടി.കെ | 1.04.2016 – 31.03.2017 |
| കൃഷി ഓഫീസർ | ശ്രീ. മുഹമ്മദ് ഇഖ്ബാൽ | 01.04.2016 –<br>31.03.2017 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ബിന്ദു.എൻ<br>ജിഷ. | 01.04.2016 – 3.10.2016<br>1.12.16- 31.3.17 |
| മെഡിക്കൻ<br>ഓഫിസർ(ഹോമിയോ) | ഡോ.സാഹിദ മജീദ് | 01.04.2016–31.03.2017 |
| മെഡിക്കൻ ഓഫിസർ(ആയു) | ഡോഅഫ്സിദ. പി.എ | 01.04.2016–31.03.2017 |

<u>ഓഡിറ്റ് റിപ്പോർട്ടിന്റെ ഉള്ളടക്കം</u>

ഈ റിപ്പോട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

| | |
|---|---|
| ഭാഗം-1പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക. |
| 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. |

| | |
|---|---|
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം. |
| 1-7 | തനത് വരുമാനം. |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ. |
| 1-10 | സ്ഥാപനത്തിൽ മറ്റ് ഓഡിറ്റ് വിഭാഗങ്ങൾ ഓഡിറ്റ് നടത്തിയതിന്റെ വിവരം. |
| ഭാഗം-2 വരവ് കണക്കുകളിൻ മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വാർഷിക കണക്കിലെ അപാകതകൾ. |
| 2-2 | വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ. |
| 2-3 | ദേശീയ ആയുർവ്വേദിക്ക് ഫാർമസി യൂണിറ്റിന് അനർഹമായി വസ്തു നികുതിയിൽ ഇളവ് നൽകി. |
| 2-4 | അനധികൃത കെട്ടിട നിർമ്മാണങ്ങൾ നടത്തി താമസിക്കുന്നവരിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല. |
| 2-5 | റഗുലറൈസേഷൻ ഫീ ഈടാക്കിയതിൽ കുറവ്. |
| 2-6 | തൊഴിൽ നികുതി ഈടാക്കിതിലെ അപാകതകൾ. |
| 2-7 | ഡി.&.ഒ. ലൈസൻസ് അനുവദിക്കുന്നതിലെ അപാകതകൾ. |
| 2-8 | പഞ്ചായത്ത് പരിധിയിൽ ലൈവ് സ്റ്റോക്ക് ഫാം ലൈസൻസില്ലാതെ ഫാമുകൾക്ക് പ്രവർത്തനാനുമതി നൽകി. |
| 2-9 | സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള ഉപനികുതി ഈടാക്കുന്നില്ല. |
| ഭാഗം- 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും വീഴ്ച. |

| | |
|---|---|
| 3-2 | സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിച്ചു. |
| 3-3 | പദ്ധതി രൂപീകരണം നിർവ്വഹണം ചെലവ് - സർക്കാർ നിശ്ചയിച്ച പരിധി പരിഗണിച്ചില്ല. |
| 3-4 | പദ്ധതി രൂപീകരിക്കാതെ വരൾച്ച ദുരിതാശ്വാസത്തിനായി തുക ചെലവഴിച്ചു. |
| 3-5 | ബാലസഭ പ്രവർത്തനങ്ങൾ - അപാകതകൾ. |
| 3-6 | സമഗ്ര വിദ്യാഭ്യാസ പരിപാടി - അപാകതകൾ. |
| 3-7 | എൽ.പി, യു.പി. സ്കൂളുകൾക്ക് ഫർണിച്ചർ/ഉപകരണങ്ങൾ വാങ്ങൽ - അപാകതകൾ. |
| 3-8 | തൊഴിലുറപ്പ് പദ്ധതി - നഴ്സറിയിലേക്ക് വിത്ത് വാങ്ങൽ - അപാകതകൾ. |
| 3-9 | ജി.യു.പി സ്കൂളിലിൽ ഇൻസിനറേറ്റർ സ്ഥാപിക്കൽ - അപാകതകൾ. |
| 3-10 | തൊഴിലുറപ്പ് പദ്ധതി - വാറ്റ് ഈടാക്കിയതിൽ കുറവ്. |
| 3-11 | പശു വളർത്തൽ പദ്ധതി - ഉയർന്ന വരുമാന പരിധിയുള്ളവർക്കും സബ്സിഡി അനുവദിച്ചു. |
| 3-12 | കിടപ്പിലായ രോഗികൾക്ക് റേഡിയോ വിതരണം. |
| 3-13 | സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ വയോജനക്ഷേമ പദ്ധതി. |
| 3-14 | ഔഷധിയിൽ നിന്നും മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല. |
| 3-15 | എൽ.ഇ.ഡി. തെരുവ് വിളക്ക് സ്ഥാപിച്ചതിലെ അപാകതകൾ. |
| 3-16 | ഓഫീസ് വയറിംഗ് വിപുലീകരണ പ്രവൃത്തികൾ നടപ്പാക്കിയില്ല. |
| 3-17 | തെരുവ് വിളക്ക് റിപ്പയർ പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ. |
| 3-18 | സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ മാലിന്യ നിർമ്മാർജ്ജന പദ്ധതി. |
| 3-19 | കുടുംബശ്രീ ഓണം വിപണന മേളക്ക് പഞ്ചായത്ത് ഫണ്ട്. |
| 3-20 | സ്വകാര്യ ലൈബ്രറികളുടെ പത്രവരിസംഖ്യ നൽകുന്നതിന് പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചു. |
| 3-21 | വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല. |
| 3-22 | വരുമാന പരിധി പരിശോധിക്കാതെ വിവാഹ ധനസഹായം അനുവദിച്ചു. |

| | |
|---|---|
| 3-23 | സേവന പെൻഷൻ കുടിശ്ശിക അധികം വിതരണം ചെയ്തു. |
| 3-24 | യൂണിഫോം, ഫുട്ട് വെയർ അലവൻസ്. |
| 3-25 | പെയിൻ & പാലിയേറ്റീവ് നഴ്സിന്റെ ഓണറേറിയം പ്രതിമാസം നൽകുന്നില്ല. |
| 3-26 | പഞ്ചായത്ത് പരിധിയിൽ അനധികൃതമായി താമസിക്കുന്നവർക്ക് താമസാനുവാദം നൽകുന്നു. |
| 3-27 | നിയമനാധികാരിയുടെ അനുവാദമില്ലാതെ പഞ്ചായത്തിൽ തസ്തിക സൃഷ്ടിച്ച് വേതനം നൽകുന്നു. |
| 3-28 | പരിമിതമായ അടിസ്ഥാന സൌകര്യങ്ങളോടെ പൊതുജനാരോഗ്യ കേന്ദ്രങ്ങൾ. |
| 3-29 | ആശുപത്രി വികസന സമിതി രൂപീകരിച്ചില്ല. |
| 3-30 | ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി ഹാജരാക്കുന്നില്ല. |
| 3-31 | തൊഴിൽ രഹിതർക്ക് തൊഴിൽ ലഭ്യമാക്കുന്നില്ല. |
| ഭാഗം 4 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| | അനുബന്ധം - ഓഡിറ്റ് സർട്ടിഫിക്കറ്റ്. |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 4.03.2016തിയതിയിലെ 64/16നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 21.07.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

സാക്ഷ്യ പത്രം അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,32,16,616 |
| തൻവർഷ വരവ് | 8,04,25,567 |
| ആകെ വരവ് | 9,36,42,183 |
| ആകെ ചെലവ് | 7,18,29,689 |
| നിക്കിയിരിപ്പ് | 2,18,12,494 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിയിരുപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 2,02,22,047 | 2,02,22,047 | 160,35,339 | 41,86,708 | 79.29 |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 90,68,700 | 90,68,700 | 68,46,310 | 22,22,390 | 75.49 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 97,65,327 | 97,65,327 | 40,26,558 | 57,38,769 | 41.23 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 54,70,698 | 54,70,698 | 27,68,616 | 27,02,082 | 50.60 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 1,13,41,452 | 1,13,41,452 | 73,07,341 | 40,34,111 | 64.43 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|
| 237 | 88 | 114 | 35 | 88 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വ്യത്യാസം ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5629642 | 7132962 | 1503320 | +26.72 |
| നികുതിയേതര വരവുകൾ | 809332 | 847367 | 38035 | +4.7 |
| മറ്റുവരവുകൾ | 105570 | 191637 | 86067 | +81.53 |
| ആകെ | 6544544 | 8171966 | 1627422 | +24.87 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 6,78,120 | 417 |
| കർഷകതൊഴിലാളി പെൻഷൻ | 97,91,020 | 1001 |
| വിധവാപെൻഷൻ | 2,27,71,260 | 1865 |
| വാർദ്ധക്യകാലപെൻഷൻ | 2,68,69,615 | 2614 |
| വികലാംഗപെൻഷൻ | 59,91,450 | 555 |
| 50വയസ്സ്കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 14,71,130 | 136 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 3,60,000 | 12 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന

13.9.2017ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12234/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം/തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.2.2017 മുതൽ 28.2.20117 വരെ | 1/2017 | A10/3861/17 31.8.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.08.2016മുതൽ 17.09.2016വരെ | 2011-02മുതൽ 2015-16വരെ | എൽ.ബി.എ(എച്ച്.ക്യൂ) VI/8A-2499/112 26.10.2016 |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികകണക്കിലെ അപാകതകൾ

2016- 17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) താഴെ പറയുന്ന ഡിമാന്റ് രജിസ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഇത് സംബന്ധിച്ച് വാർഷിക കണക്കിലെ രേഖപ്പെടുത്തലുകൾ പരിശോധിക്കാനായില്ല.

എ) വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ

ബി) വസ്തുനികുതി കുടിശ്ശികഡിമാന്റ് രജിസ്റ്റർ

സി) മിസലേനിയസ് ഡിമാന്റ് രജിസ്റ്റർ

3) ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ പൂർണ്ണമല്ല.

4)31.3.17ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി - 17 പ്രകാരം ട്രഷറി വി പി എഫ് എ 1-2, ട്രഷറി വി പി എഫ് എ 1-3, എസ് ബി ടി ഇ-പെയ്മെന്റ് എന്നീ അക്കൗണ്ടുകളിൽ താഴെ പറയും പ്രകാരം നീക്കിയിരിപ്പുണ്ട്.

ട്രഷറി വി പി എഫ് എ 1-2 - 26111.02

ട്രഷറി വി പി എഫ് എ 1-3 - 28217

എസ് ബി ടി ഇ-പെയ്മെന്റ് അക്കൗണ്ട് നം.67391802137 - 13264

മേൽ അക്കൗണ്ടുകളുടെ പാസ്സ് ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4)ട്രഷറി ടി എസ് ബി അക്കൗണ്ടിന്റെ 31.3.17ലെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം directly debited by bank ആയി രേഖപ്പെടുത്തിയ 84313രൂപയുടെ വിശദാംശം ലഭ്യമാക്കിയട്ടില്ല.

5) ഗ്രാമ പഞ്ചായത്തിലെ മുഴവൻ ആസ്തികളും വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല.

6) അസിസ്റ്റന്റ് എൻജിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളിൽ അടവാക്കിയ വാറ്റ് , നിർമ്മാണ തൊഴിലാളി ക്ഷേമനിധി, ആദായനികുതി എന്നിവ വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല.

7)ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം തൻവർഷം നടത്തിയ പർചേസുകളുടെ മൂല്യം ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-2 വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതി സർചാർജ്ജും) ചട്ടങ്ങളിലെ, ചട്ടം.3 ൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം സെക്രട്ടറി വസ്തു നികുതി ചുമത്തി ഈടാക്കണം. ചട്ടം 3(4) പ്രകാരം ഒരു കെട്ടിടത്തിന്റെ തന്നെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പടെ)വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പരുകൾ നൽകിയിട്ടുണ്ടെങ്കിലോ, ഒരോ ഭാഗത്തേയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരൊന്നിനും വസ്തുനികുതി ചുമത്തേണ്ടതാണ്. ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4 (1)ൽ പരാമർശിക്കുന്ന തരത്തിൽ വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിട ഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരൊന്നിനും വസ്തുനികുതി ചുമത്തേണ്ടതാണ്. ചട്ടം.4 (1) ൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ കെട്ടിടങ്ങളെ എങ്ങനെ ഇനം തിരിച്ച് കണക്കാക്കാമെന്ന് വിശദീകരിച്ചിട്ടുണ്ട്.

1. പാർപ്പിടാവശ്യത്തിനു ഉപയോഗിക്കുന്നവ.
2. വ്യാവസായികാവശ്യത്തിനു ഉപയോഗിക്കുന്നവ.
3. വിദ്യാലയങ്ങൾക്കോ, ആശുപത്രികൾക്കോ ഉപയോഗിക്കുന്നവ.
4. അമ്യൂസ്മെന്റ് പാർക്ക്, മൊബൈൽ ടെലഫോൺ ടവർ എന്നിവയ്ക്കായി ഉപയോഗിക്കുന്നവ.
5. വാണിജ്യ ആവശ്യത്തിനു ഉപയോഗിക്കുന്നവ.
6. മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നവ.
7. സർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റേതെങ്കിലും ഇനം കെട്ടിടങ്ങൾ.

മേൽ വിവരിച്ച നിയമ വ്യവസ്ഥകൾ നിലനിൽക്കേയാണ് ഗ്രാമപഞ്ചായത്ത് പരിധിയിൽ 200 ച.മീ വിസ്തൃതിക്കു മുകളിൽ നിർമ്മാണം പൂർത്തീകരിക്കുന്ന വാണിജ്യ കെട്ടിടങ്ങളിലെ മുറികൾക്ക് ഒരോന്നിനും പ്രത്യേക നമ്പർ അനുവദിക്കുന്നത്. ഒരു വ്യക്തിയുടെ തന്നെ കെട്ടിടത്തിലെ വിവിധ മുറികൾക്ക് ഇപ്രകാരം നമ്പർ നൽകുന്നത് വഴി നികുതി നിർണ്ണയിച്ചപ്പോൾ നിയമപരമായി പഞ്ചായത്ത് ഫണ്ടിന് ലഭിക്കേണ്ട നികുതിയിൽ കുറവ് വരുകയും ചെയ്തു. പഞ്ചായത്ത് പരിധിയിലെ 200 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണം വരുന്ന വാണിജ്യ ആവശ്യത്തിനു ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 80/- രൂപ നിരക്കിലും 200 ചതുരശ്ര മീറ്ററിനു താഴെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50/- രൂപ നിരക്കിലുമാണ് നികുതി ഈടാക്കുവാൻ നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ താഴെ പറയുന്ന കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾക്ക് വിവിധ നമ്പർ നൽകി വസ്തു നികുതി ഈടാക്കിയപ്പോൾ ഓരോ ഒക്യൂപ്പൻസിയുടെ വിസ്തീർണത്തിനും കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണയിച്ചതായി കാണുന്നു.

എ) ഉടമസ്ഥന്റെ പേര്, മേൽവിലാസം - പ്രസിഡന്റ്, എകരൂൽ മുസ്ലീം മഹൽ കമ്മിറ്റി, എകരൂൽ

- പെർമിറ്റ് നം, കെട്ടിട തരം - B.L- A-2/467/15-16, വാണിജ്യ കെട്ടിടം
- തറ നില വിസ്തീർണ്ണം - 165.99 ച.മീ., ഒന്നാം നില വിസ്തീർണ്ണം - 152.96 ച.മീ.
- റോഡിന്റെ പേര് - കൊയിലാണ്ടി - താമരശ്ശേരി റോഡ് (പ്രഥമ മേഖല)
- വഴി സൌകര്യം - 5 മീറ്ററിൽ കൂടുതൽ
- അടിസ്ഥാന വസ്തു നികുതിയിൻ മേൽ ഇളവ് - ഇല്ല
- അടിസ്ഥാന വസ്തു നികുതിയിൻ മേൽ വർദ്ധനവ് - 20%
- ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി

തറനില – 165.99x80=13279.20 x 20% (വർദ്ധനവ്) = 13279.20+2655.84= 15935.04

ഒന്നാം നില – 152.96 x80 = 12236.80 x 20% (വർദ്ധനവ്) - 5% (ഇളവ്)

12236.80+ 2447.36 - 611.84 = 14072.32

ആകെ കെട്ടിടത്തിന്റെ നികുതി – 15935.04 + 14072.32 = 30007.36 =30007

ലൈബ്രറി സെസ്സ് 5% – 30007 x 5% = 1500

ആകെ – 30007 + 1500 = 31,507

- <u>ഈടാക്കിയ അടിസ്ഥാന വസ്തുനികുതി</u>

<table>
<tr><th>കെട്ടിട നം<br>(തറനില)</th><th>ഈടാക്കിയ നികുതി<br>+ ലൈ. സെസ്സ്</th><th>കെട്ടിട നം<br>(ഒന്നാം നില)</th><th>ഈടാക്കിയ നികുതി<br>+ ലൈ. സെസ്സ്</th></tr>
<tr><td>2/532/ H, 55 m2</td><td>3652 + 183 = 3835</td><td>2/532/ K, 152.96 m2</td><td>10096 + 505 = 10601</td></tr>
<tr><td>2/532/ I, 55 m2</td><td>3652 + 183 = 3835</td><td colspan="2" rowspan="2">11601101164, 12/07/2016 = 3835<br>11601101165, 12/07/2016 = 3835<br>11601101166, 12/07/2016 = 3835<br>11601101167, 12/07/2016 = 10601</td></tr>
<tr><td>2/532/ J, 55 m2</td><td>3652 + 183 = 3835</td></tr>
<tr><td colspan="4">ആകെ ഈടാക്കിയ വസ്തു നികുതി - 21052 + 1054 = 22,106/-</td></tr>
<tr><td colspan="4">നികുതിയിനത്തിൽ കുറവ് വന്ന തുക – 8955/- (30007 – 21,052)<br>ലൈബ്രറി സെസ്സിനത്തിൽ കുറവ് വന്ന തുക – 446/- (1500 - 1054)</td></tr>
</table>

<u>ബി) ഉടമസ്ഥന്റെ പേര്, മേൽവിലാസം - ശ്രീ.മുഹമ്മദ് അഷ്റഫ് മുതൽ 8 പേർ, കക്കാട്ടുപറമ്പിൽ</u>

- പെർമിറ്റ് നം, കെട്ടിട തരം - B.L- A-2/8/08-09, വാണിജ്യ കെട്ടിടം
- തറ നില വിസ്തീർണ്ണം - 162.16 ച.മീ., ഒന്നാം നില വിസ്തീർണ്ണം - 69.16 ച.മീ.
- റോഡിന്റെ പേര് - കൊയിലാണ്ടി - താമരശ്ശേരി റോഡ് (പ്രഥമ മേഖല)
- വഴി സൌകര്യം - 5 മീറ്ററിൽ കൂടുതൽ
- അടിസ്ഥാന വസ്തു നികുതിയിൻ മേൽ ഇളവ് - [തറനില – ഇല്ല, ഒന്നാം നില - 5%]
- അടിസ്ഥാന വസ്തു നികുതിയിൻ മേൽ വർദ്ധനവ് - 20%
- <u>ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി</u>

തറനില – 162.16 x 80 = 12972.80 x 20% (വർദ്ധനവ്) = 12972.80 + 2594.56 = 15567.36

ഒന്നാം നില – 69.16 x80 = 5532.80 x 20% (വർദ്ധനവ്) - 5% (ഇളവ്) =

5532.80 + 1106.56 – 276.64 = 6362.72

ആകെ കെട്ടിടത്തിന്റെ നികുതി - 15567.36 + 6362.72 = 21930.08 = 21,931/-

ലൈബ്രറി സെസ്സ് 5% = 21931 x 5% = 1096.55 = 1097

ആകെ - 21,931 + 1097 = 23,028/-

- <u>ഈടാക്കിയ അടിസ്ഥാന വസ്തുനികുതി</u>

| കെട്ടിട നം | ഈടാക്കിയ നികുതി | കെട്ടിട നം | ഈടാക്കിയ നികുതി |
|---|---|---|---|

| (തറനില) | + ലൈ. സെസ്സ് | (ഒന്നാം നില) | + ലൈ. സെസ്സ് |
|---|---|---|---|
| 9/621/ A, 40.54 m2 | 2543 + 128 = 2671 | 9/621/ E, 17.29 m2 | 1085 + 55 = 1140 |
| 9/621/ B, 40.54 m2 | 2543 + 128 = 2671 | 9/621/ F, 17.29 m2 | 1085 + 55 = 1140 |
| 9/621/ C, 40.54 m2 | 2543 + 128 = 2671 | 9/621/ G, 17.29 m2 | 1085 + 55 = 1140 |
| 9/621/ D, 40.54 m2 | 2543 + 128 = 2671 | 9/621/ H, 17.29 m2 | 1085 + 55 = 1140 |
| 11601103393, 31/03/2017 = 2671<br>11601103399, 31/03/2017 = 2671<br>11601103400, 31/03/2017 = 2671<br>11601103401, 31/03/2017 = 2671 | | 11601103402, 31/03/2017 = 1140<br>11601103403, 31/03/2017 = 1140<br>11601103404, 31/03/2017 = 1140<br>11601103405, 31/03/2017 = 1140 | |
| ആകെ ഈടാക്കിയ വസ്തു നികുതി + ലൈ.സെസ്സ് = 14512 + 1733 = 15,244/- | | | |
| നികുതിയിനത്തിൽ കുറവ് വന്ന തുക – 7,419/- (21931 – 14512)<br>ലൈബ്രറി സെസ്സിനത്തിൽ കുറവ് വന്ന തുക – 365/- (1097 - 732) | | | |

<u>സി) ഉടമസ്ഥന്റെ പേര്, മേൽവിലാസം - ശ്രീ.അബ്ദുള്ള.ടി.കെ, ടി.കെ.ഹൌസ്, കോട്ടായികുന്നമ്മൽ</u>

- പെർമിറ്റ് നം, കെട്ടിട തരം - B.L- A-2/4307/12-13, വാണിജ്യ കെട്ടിടം, 235.80 ച.മീറ്റർ
- തറ നില - 61 ച.മീ., ഒന്നാം നില - 105.60 ച.മീ., രണ്ടാം നില – 69.20 ച.മീ
- വഴി സൌകര്യം - 5 മീറ്ററിൽ കൂടുതൽ
- അടിസ്ഥാന വസ്തു നികുതിയിൻ മേൽ ഇളവ് -

  [തറനില – ഇല്ല, ഒന്നാം നില – 5%, രണ്ടാം നില – 10% ]
- അടിസ്ഥാന വസ്തു നികുതിയിൻ മേൽ വർദ്ധനവ് - 20%
- <u>ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി</u>

  തറനില – 61 x 80 = 4880 x 20% (വർദ്ധനവ്) = 4880 + 976 = 5856

  ഒന്നാം നില – 105.60 x80 = 8448 x 20% (വർദ്ധനവ്) - 5% (ഇളവ്) =

  8448 + 1689.60 – 422.40 = 9715.20

  രണ്ടാം നില – 69.20 x 80 = 5536 x 20% (വർദ്ധനവ്) - 10% (ഇളവ്) =

  5536 + 1107.20 – 553.6 = 6089.60

  ആകെ കെട്ടിടത്തിന്റെ നികുതി - 5856 + 9715.20 + 6089.60 = 21,660.80 = 21,661/-

  ലൈബ്രറി സെസ്സ് 5% = 21661 x 5% = 1083.05 = 1084

  ആകെ - 21,661 + 1084 = 22,745/-
- <u>ഈടാക്കിയ അടിസ്ഥാന വസ്തുനികുതി</u>

| കെട്ടിട നം (തറനില) | ഈടാക്കിയ നികുതി + ലൈ. സെസ്സ് | കെട്ടിട നം (ഒന്നാം നില) | ഈടാക്കിയ നികുതി + ലൈ. സെസ്സ് |
|---|---|---|---|
| 7/495/ A, 10 m2 | 660+ 33 = 693 | 7/495/ E, 18.20 m2 | 1142 + 58 = 1200 |

| | | | |
|---|---|---|---|
| 7/495/ B, 17 m2<br>7/495/ C, 17 m2<br>7/495/ D, 17 m2 | 1122 + 57 = 1179<br>1122 + 57 = 1179<br>1122 + 57 = 1179 | 7/495/ F, 18.20 m2<br>7/495/ G, 17m2<br>7/495/ H, 17 m2<br>7/495/ I, 17 m2<br>7/495/ J, 18.20 m2 | 1142 + 58 = 1200<br>1066 + 54 = 1120<br>1066 + 54 = 1120<br>1066 + 54 = 1120<br>1082 + 55 = 1137 |
| 11601100839, 20/06/2016 = 693<br>11601100840, 20/06/2016 = 1179<br>11601100841, 20/06/2016 = 1179<br>11601100842, 20/06/2016 = 1179 | | 11601100843, 20/06/2016 = 1200<br>11601100844, 20/06/2016 = 1200<br>11601100845, 20/06/2016 = 1120<br>11601100846, 20/06/2016 = 1120<br>11601100847, 20/06/2016 = 1120<br>11601100848, 20/06/2016 = 1137 | |
| കെട്ടിട നം<br>(രണ്ടാം നില) | ഈടാക്കിയ നികുതി<br>+ ലൈ. സെസ്സ് | | |
| 7/495/ K, 18.20 m2 | 1082+ 55 = 1137 | 11601100849, 20/06/2016 = 1137 | |
| 7/495/ L, 17 m2 | 1010 + 51 = 1061 | 11601100850, 20/06/2016 = 1061 | |
| 7/495/ M, 17 m2 | 1010 + 51 = 1061 | 11601100851, 20/06/2016 = 1061 | |
| 7/495/ N, 17 m2 | 1010 + 51 = 1061 | 11601100852, 20/06/2016 = 1061 | |
| ആകെ ഈടാക്കിയ വസ്തു നികുതി + ലൈ.സെസ്സ്= 10590 +4112 = 14,702/- | | | |
| നികുതിയിനത്തിൽ കുറവ് വന്ന തുക – 6,959/- (21661 – 14702)<br>ലൈബ്രറി സെസ്സിനത്തിൽ കുറവ് വന്ന തുക – 339/- (1084 - 745) | | | |

ഡി) ഉടമസ്ഥന്റെ പേര്, മേൽവിലാസം - ശ്രീ.അബ്ദുൾ നാസർ, വേട്ടരക്കണ്ടി (ഹ), ഉണ്ണികുളം

- പെർമിറ്റ് നം, കെട്ടിട തരം - B.L- A-2/287/15-16, വാണിജ്യ കെട്ടിടം, 815.48 ച.മീറ്റർ
- തറ നില – 326.48 ച.മീ., ഒന്നാം നില - 489 ച.മീ.
- റോഡിന്റെ പേര് - കൊയിലാണ്ടി - താമരശ്ശേരി റോഡ് (പ്രഥമ മേഖല)
- വഴി സൌകര്യം - 5 മീറ്ററിൽ കൂടുതൽ
- അടിസ്ഥാന വസ്തു നികുതിയിൻ മേൽ ഇളവ് - [തറനില – ഇല്ല, ഒന്നാം നില – 5% ]
- അടിസ്ഥാന വസ്തു നികുതിയിൻ മേൽ വർദ്ധനവ് - 20%
- ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി

തറനില – 326.48 x 80 = 26118.40 x 20% (വർദ്ധനവ്) = 26118.40 + 5223.68 = 31342.08

ഒന്നാം നില – 489 x80 = 39120 x 20% (വർദ്ധനവ്) - 5% (ഇളവ്) =

39120 + 7824 – 1956 = 44988

ആകെ കെട്ടിടത്തിന്റെ നികുതി - 31342.08 + 44988 = 76330.08 = 76,331/-

ലൈബ്രറി സെസ്സ് 5% = 76331 x 5% = 3816.55 = 3817

ആകെ - 76,331 + 3817 = 80,148/-

- ഈടാക്കിയ അടിസ്ഥാന വസ്തുനികുതി

| കെട്ടിട നം (തറനില) | ഈടാക്കിയ നികുതി + ലൈ. സെസ്സ് | കെട്ടിട നം (ഒന്നാം നില) | ഈടാക്കിയ നികുതി + ലൈ. സെസ്സ് |
|---|---|---|---|
| 9/140/ A, 20 m2 | 1320 + 66 = 1386 | | |
| 9/140/ B, 18 m2 | 1188 + 60 = 1248 | 9/140/ V, 22 m2 | 1452 + 73 = 1525 |
| 9/140/ C, 17 m2 | 1122 + 57 = 1179 | 9/140/ W, 22 m2 | 1380 + 69 = 1449 |
| 9/140/ D, 17 m2 | 1122 + 57 = 1179 | 9/140/ X, 22 m2 | 1452 + 73 = 1525 |
| 9/140/ E, 11 m2 | 726 + 37 = 763 | 9/140/ Y, 22 m2 | 1380 + 69 = 1449 |
| 9/140/ F, 15 m2 | 990 + 50 = 1040 | 9/140/ Z, 22 m2 | 1380 + 69 = 1449 |
| 9/140/ G, 15 m2 | 990 + 50 = 1040 | 9/140/ A1, 22 m2 | 1380 + 69 = 1449 |
| 9/140/ H, 15 m2 | 990 + 50 = 1040 | 9/140/ A2, 44 m2 | 2759 + 138 = 2897 |
| 9/140/ J, 15 m2 | 990 + 50 = 1040 | 9/140/ A3, 22 m2 | 1380 + 69 = 1449 |
| 9/140/ K, 33 m2 | 2178 + 109 = 2287 | 9/140/ A4, 110 m2 | 6847 + 395 = 7242 |
| 9/140/ L, 33 m2 | 2178 + 109 = 2287 | 9/140/ A5, 22 m2 | 1380 + 69 = 1449 |
| 9/140/ M, 13 m2 | 858 + 43 = 901 | 9/140/ A6, 22 m2 | 1380 + 69 = 1449 |
| 9/140/ N, 13 m2 | 858 + 43 = 901 | 9/140/ A7, 22 m2 | 1380 + 69 = 1449 |
| 9/140/ P, 13 m2 | 858 + 43 = 901 | 9/140/ A8, 27 m2 | 1693 + 85 = 1770 |
| 9/140/ Q, 16 m2 | 1056 + 53 = 1109 | 9/140/ A9, 22 m2 | 1380 + 69 = 1449 |
| 9/140/ R, 13 m2 | 858 + 43 = 901 | 9/140/ A10, 22 m2 | 1380 + 69 = 1449 |
| 9/140/ S, 13 m2 | 858 + 43 = 901 | 9/140/ A11, 22 m2 | 1380 + 69 = 1449 |
| 9/140/ T, 19.48 m2 | 1286 + 65 = 1351 | 9/140/ A12, 22 m2 | 1380 + 69 = 1449 |
| 9/140/ U, 17 m2 | 1122 + 57 = 1179 | | |

| | |
|---|---|
| 11601102039, 22/09/2016 = 1386 | 11601102058, 22/09/2016 = 1525 |
| 11601102040, 22/09/2016 = 1248 | 11601102059, 22/09/2016 = 1449 |
| 11601102041, 22/09/2016 = 1179 | 11601102060, 22/09/2016 = 1525 |
| 11601102042, 22/09/2016 = 1179 | 11601102061, 22/09/2016 = 1449 |
| 11601102043, 22/09/2016 = 763 | 11601102062, 22/09/2016 = 1449 |
| 11601102044, 22/09/2016 = 1040 | 11601102063, 22/09/2016 = 1449 |
| 11601102045, 22/09/2016 = 1040 | 11601102064, 22/09/2016 = 2897 |
| 11601102046, 22/09/2016 = 1040 | 11601102065, 22/09/2016 = 1449 |
| 11601102047, 22/09/2016 = 1040 | 11601102066, 22/09/2016 = 7242 |

| | |
|---|---|
| 11601102048, 22/09/2016 = 2287 | |
| 11601102049, 22/09/2016 = 2287 | 11601102067, 22/09/2016 = 1449 |
| 11601102050, 22/09/2016 = 901 | 11601102068, 22/09/2016 = 1449 |
| 11601102051, 22/09/2016 = 901 | 11601102069, 22/09/2016 = 1449 |
| 11601102052, 22/09/2016 = 901 | 11601102070, 22/09/2016 = 1770 |
| 11601102053, 22/09/2016 = 1109 | 11601102071, 22/09/2016 = 1449 |
| 11601102054, 22/09/2016 = 901 | 11601102072, 22/09/2016 = 1449 |
| 11601102055, 22/09/2016 = 901 | 11601102073, 22/09/2016 = 1449 |
| 11601102056, 22/09/2016 = 1351 | 11601102074, 22/09/2016 = 1449 |
| 11601102057, 22/09/2016 = 1179 | |
| ആകെ ഈടാക്കിയ വസ്തു നികുതി + ലൈ.സെസ്സ് = 52311 + 2669 = 54980/- | |
| നികുതിയിനത്തിൽ കുറവ് വന്ന തുക – 24,020/- (76331 – 52311)<br>ലൈബ്രറി സെസ്സിനത്തിൽ കുറവ് വന്ന തുക – 1,148/- (3817 - 2669) | |

പഞ്ചായത്ത് പരിധിയിലെ മേൽ വിവരിച്ച കെട്ടിടത്തിൽ നിന്നും കുറഞ്ഞ നിരക്കിൽ നികുതി നിർണയിച്ച് ഈടാക്കിയതിനാൽ പഞ്ചായത്ത് ഫണ്ടിന് വലിയ അളവിൽ പ്രതിവർഷം നഷ്ടം സംഭവിക്കുന്നുണ്ട്. വസ്തു നികുതിയിനത്തിലും ലൈബ്രറി സെസ്സ് ഇനത്തിലും കുറവ് വന്ന തുക മേൽ ഉടമസ്ഥരിൽ നിന്നും ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അപാകത പരിശോധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും പഞ്ചായത്ത് പരിധിയൽ 200 ച.മീറ്റർ വിസ്തീർണ്ണത്തിൽ വരുന്ന കെട്ടിടങ്ങൾക്ക് മുൻവർഷങ്ങളിൽ തെറ്റായ രീതിയിൽ നികുതിയിളവ് നൽകിയിട്ടുണ്ടെങ്കിൽ ആയത് ക്രമീകരിക്കേണ്ടതാണ്.

## 2-3 ദേശീയ ആയുർവ്വേദിക് ഫാർമസി യൂണിറ്റിന് അനർഹമായി വസ്തു നികുതിയിൽ ഇളവ് നൽകി.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പൂന്നൂർ വാർഡിൽ പ്രവർത്തിക്കുന്ന ദേശീയ ആയുർവ്വേദിക് എജൻസിയുടെ പ്രൊഡക്ഷൻ യൂണിറ്റ് മാനേജർ തങ്ങളുടെ സ്ഥാപനം 2006 ലെ എസ്.എസ്.ഐ. യൂണിറ്റ് പ്രകാരം രജിസ്റ്റർ ചെയ്തതാണെന്നും പ്രൊഡക്ഷൻ യൂണിറ്റിൽ നിർമ്മിച്ച കെട്ടിടങ്ങൾക്ക് ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് ഈടാക്കുന്ന നികുതി നിരക്ക് ബാധമാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് അപേക്ഷിച്ചു. യൂണിറ്റ് മാനേജരുടെ മേൽ അപേക്ഷ പരിഗണിച്ച് പ്രസ്തുത പ്രൊഡക്ഷൻ യൂണിറ്റിലെ കെട്ടിടങ്ങൾക്ക് 25/- രൂപ (ഒരു ച.മീറ്ററിന്) നിരക്കിൽ നികുതി നിർണ്ണയിച്ച് നൽകി.

രാജ്യത്ത് പ്രവർത്തിക്കുന്ന സൂക്ഷ്മ - ചെറുകിട - ഇടത്തരം സംരംഭകർ 2015 മുതൽ മുതൽ ഉദ്യോഗ് ആധാർ പദ്ധതി പ്രകാരം വേണം രജിസ്റ്റർ ചെയ്യുവാൻ. എം.എസ്.എം.ഇ.ഡി.നിയമം 2006 (M.S.M.E Development Act) അനുസരിച്ച് മെമ്മോറാണ്ടം ഫയൽ ചെയ്ത് അതിന്റെ അംഗീകാരം നേടുക എന്നതായിരുന്നു മുൻകാലങ്ങളിലെ രീതി. 2006 ഒക്ടോബർ 2 മുതലാണ് ഈ രീതി നിലവിൽ വന്നത്. എന്നാൽ പ്രസ്തുത നിയമത്തിൽ ഭേദഗതികൾ വരുത്തിക്കൊണ്ട് 2015 സപ്തംബർ 21 ന് കേന്ദ്ര സർക്കാർ അസാധാരണ ഗസറ്റായി വിജ്ഞാപനം ഇറക്കി. വ്യവസായ സംരംഭകർ അവരുടെ ആധാർ നമ്പരുമായി ബന്ധപ്പെടുത്തി വേണം ഉദ്യോഗ് ആധാറിന് അപേക്ഷിക്കുവാൻ. ഒരു വ്യവസായ സ്ഥാപനം ഇന്ത്യയിൽ എവിടേയും രജിസ്റ്റർ ചെയ്താൽ അതേ നിമിഷം തന്നെ അതിന്റെ വിവരങ്ങൾ കേന്ദ്ര വ്യവസായ മന്ത്രാലയത്തിന് ലഭിക്കുന്നതിനും കൂടുതൽ വ്യവസായ പ്രോത്സാഹന പദ്ധതികൾ കൊണ്ടു വരുന്നതിനും മെച്ചപ്പെട്ട വ്യവസായ നയം രൂപപ്പെടുത്തുന്നതിനും ഈ സംവിധാനം ഗുണം ചെയ്യും എന്ന ലക്ഷ്യത്തോടെയാണ് പുതിയ രജിസ്ട്രേഷൻ നിലവിൽ വന്നത്. ആയതിനാൽ തന്നെ നിലവിൽ വ്യത്യസ്ത വ്യവസായ സ്ഥാപനങ്ങളുടെ തരം കണക്കാക്കേണ്ടതില്ല.

കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ച് നൽകിയതിനാൽ താഴെ പറയുന്ന തരത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്.

- ഉടമസ്ഥന്റെ പേര്, മേൽവിലാസം - ശ്രീ.എൻ.പി.അബ്ദുൾ സലാം, മാനേജിംഗ് പാർട്ടണർ, ദേശീയ ആയുർവ്വേദിക് ഫാർമസി, പൂന്തൂർ, ഉണ്ണികുളം
- പെർമിറ്റ് നം, കെട്ടിട തരം - B.L.A-2/2338/13, ഗോഡൌൺ
- തറ നില വിസ്തീർണ്ണം - 133.90 ച.മീ., ഒന്നാം നില വിസ്തീർണ്ണം - 152.82 ച.മീ.
- വഴി സൌകര്യം - 5 മീറ്ററിൽ കൂടുതൽ
- അടിസ്ഥാന വസ്തു നികുതിയിൻ മേൽ ഇളവ് - 10%
- അടിസ്ഥാന വസ്തു നികുതിയിൻ മേൽ വർദ്ധനവ് - 20%
- <u>ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി</u>

<u>തറനില</u> – 133.90 x 55 = 7364.50

ഇളവ് 10% (-) = 736.45

വർദ്ധനവ് 20% (+) = 1472.90

അടിസ്ഥാന വസ്തു നികുതി = 8100.95/- (7364.50- 736.45 +1472.90)

<u>ഒന്നാം നില</u> – 152.82 x 55 = 8405.10

ഇളവ് 10% (-) = 840.51

വർദ്ധനവ് 20% (+) = 1681.02

അടിസ്ഥാന വസ്തു നികുതി = 9245.61/- (8405.10 – 840.51 + 1681.02)

ആകെ കെട്ടിടത്തിന്റെ നികുതി - 8100.95 + 9245.61 = 17346.56/- = 17347/-

ലൈബ്രറി സെസ്സ് 5% - 17347 x 5% = 867.35 = 868/=

ആകെ - 17347+ 868 = 18,215/-

- <u>ഈടാക്കിയ അടിസ്ഥാന വസ്തുനികുതി</u>

| കെട്ടിട നം (തറനില) | ഈടാക്കിയ നികുതി (ച.മീ.)+ ലൈ. സെസ്സ് | കെട്ടിട നം (ഒന്നാം നില) | ഈടാക്കിയ നികുതി (ച.മീ.)+ ലൈ. സെസ്സ് |
|---|---|---|---|
| 9/1390/A, 133.90 m2 | 3683 + 185 = 3868 | 9/1390/B, 152.82 m2 | 7886 + 396 = 8232 |
| <u>രശീതി നം., തീയ്യതി</u><br>116011 - 04824, 23/03/2017 = 3,868/-, 116011 - 04825, 23/03/2017 = 4,414/- | | | |
| നികുതിയിനത്തിൽ കുറവ് വന്ന തുക – 9,511/- (17347 – 7836)<br>ലൈബ്രറി സെസ്സിനത്തിൽ കുറവ് വന്ന തുക – 472/- (868 - 396) | | | |

പ്രാദേശിക പരിശോധനയിൽ പ്രസ്തുത കെട്ടിടത്തിന്റെ മുകൾ ഭാഗം ഷീറ്റിട്ട് അടച്ച നിലയിൽ ഉപയോഗിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്നും പെർമിറ്റ് അനുവദിച്ചതിൽ കൂടുതൽ നിലയിൽ നിർമ്മാണം നടത്തിയതിന് നോട്ടീസ് നൽകേണ്ടതും പ്രസ്തുത ഭാഗം ക്രമവൽക്കരിക്കുവാൻ കഴിയുന്നില്ലെങ്കിൽ അനധികൃത നിർമ്മാണമായി കണക്കാക്കി പൊളിച്ചു മാറ്റുവാൻ നിർദ്ദേശം നൽകേണ്ടതുമാണ്. നിർമ്മാണ കാലയളവ് മുതൽ പൊളിച്ചു മാറ്റുന്ന കാലയളവ് വരേയുള്ള വസ്തു നികുതി ഈടാക്കേണ്ടതാണ്. (നിലവിലെ നികുതി നിരക്കും, രണ്ടിരട്ടിയും).

## 2-4 അനധികൃത കെട്ടിട നിർമ്മാണങ്ങൾ നടത്തി താമസിക്കുന്നവരിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ, ചട്ടം.20(1) പ്രകാരം പഞ്ചായത്ത് പരിധിയിൽ നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ നൽകി അവയെ വസ്തു നികുതി പരിഷ്കരണ നടപടി ക്രമങ്ങൾ നടത്തി കെട്ടിടങ്ങളിൽ നിന്നും നികുതി ഈടാക്കേണ്ട സമയക്രമങ്ങൾ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. അനധികൃത കെട്ടിട നിർമ്മാണങ്ങൾ രേഖപ്പെടുത്തുന്നതിനായി ചട്ടത്തിൽ വ്യവസ്ഥ ചെയ്ത പ്രകാരം നിശ്ചിത മാതൃകയിലുള്ള രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. പഞ്ചായത്ത് പരിധിയിൽ അനധികൃതമായി താമസിക്കുന്നവർക്ക് താമസാനുവാദം ആവശ്യപ്പെട്ട് ഉടമസ്ഥർ നൽകുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ വിവിധ പുറമ്പോക്ക്, റവന്യൂ ഭൂമികളിൽ സെക്രട്ടറി താമസാനുവാദം നൽകിയിട്ടുണ്ട്. എന്നാൽ മേൽ വിഭാഗക്കാരിൽ നിന്നും ചട്ടത്തിൽ വ്യവസ്ഥ ചെയ്ത പ്രകാരം വസ്തു നികുതി ഈടാക്കുന്നില്ല. താമസാനുവാദം നൽകിയവരുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | അപേക്ഷകന്റെ പേര് | പഞ്ചായത്ത് തീരുമാന നം. |
|---|---|---|
| 1 | ശ്രീമതി.നസീമ, നെല്ലളിക്കോത്ത് | 44/17, 20.02.2017 |
| 2 | ശ്രീമതി.ഖദീജ, എൻ.കെ, നിട്ടം പാറച്ചാലിൽ | |
| 3 | ശ്രീ.നാരായണൻ നായർ, മൊകായിക്കൽ | |
| 4 | ശ്രീമതി.ശൈലജ.ടി.കെ, | |
| 5 | ശ്രീ. നസ്റുദ്ദീൻ, തെച്ചി, വിമാനകുന്ന് | 13/17, 10.01.2017 |
| 6 | ശ്രീ.സവീഷ് ബാബു, തയ്യുള്ളതിൽ | |
| 7 | ശ്രീ.അബ്ദുൾ ജലീൽ, വിളക്കാത്തിൽ | |
| 8 | ശ്രീ.അനീഷ് കുമാർ, കോട്ടകുന്നമ്മൽ | |
| 9 | ശ്രീമതി.ഷഹർബാൻ, കോട്ടകുന്നമ്മൽ | |
| 10 | ശ്രീ.മുഹമ്മദ് അലി, തങ്കായം | 244/16, 29.11.2016 |

അനധികൃതമായി താമസിക്കുന്നവരുടെ കെട്ടിടങ്ങളെ കുറിച്ച് വ്യക്തമായ വിവരശേഖരണം ലഭ്യമായിട്ടും ചട്ടത്തിൽ വ്യവസ്ഥ ചെയ്ത തരത്തിൽ വസ്തു നികുതി ഈടാക്കാതിരുന്നത് നിയമ ലംഘനമാണ്. പഞ്ചായത്ത് പരിധിയിലെ പുറമ്പോക്ക് ഭൂമി കയ്യേറിയതിന്റെയും, അനുമതിയില്ലാതെ കെട്ടിട നിർമ്മാണം നടത്തിയതിന്റെയും നിജസ്ഥിതി പരിശോധിച്ച് പ്രസ്തുത കെട്ടിട ഉടമസ്ഥർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുവാൻ ജില്ലാ കളക്ടറോട് ശുപാർശ ചെയ്യേണ്ടതും അനധികൃതമായി നിർമ്മിച്ച കെട്ടിടത്തിന് നിർമ്മാണ കാലയളവ് മുതൽ പൊളിച്ചു മാറ്റുന്ന കാലയളവ് വരെയുള്ള വസ്തു നികുതി ഈടാക്കേണ്ടതുമാണ്. (യഥാർത്ഥത്തിൽ ലഭിക്കേണ്ട വാർഷിക വസ്തു നികുതിയും രണ്ടിരട്ടിയും). നടപടിക്രമങ്ങളുടെ പുരോഗതി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-5 റഗുലറൈസേഷൻ ഫീ ഈടാക്കിയതിൽ കുറവ്.

2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം 134 പ്രകാരം പെർമിറ്റില്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ ക്രമവൽക്കരണത്തിനുള്ള അപേക്ഷയുടെ തീർപ്പാക്കൽ നടപടി ക്രമം ഒരു പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്നതുപോലെ തന്നെയായിരിക്കുന്ന എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചട്ടം 137(4) പ്രകാരം ക്രമവൽക്കരിക്കുമ്പോൾ രാജിയാക്കൽ ഫീസിനോടൊപ്പം പെർമിറ്റ് ഫീയുടെ ഇരട്ടി കൂടി ഈടാക്കേണ്ടതാണ്. 2016-17 വർഷത്തിലെ കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ ക്രമവൽക്കരണം ചെയ്ത കെട്ടിടങ്ങൾക്ക് പെർമിറ്റ് ഫീ ഈടാക്കിയതിൽ താഴെ ചേർക്കും വിധം കുറവ് വന്നതായി കാണുന്നു. (ഗാർഹികേതര നിർമ്മാണങ്ങൾക്ക് ച.മീ ന് 7/- രൂപ നിരക്കിലാണ് പെർമ്മിറ്റ് ഫീസ് ഈടാക്കേണ്ടത്)

ഫയൽ നം. – 6098/16

കെട്ടിട പെർമിറ്റ് - B.L.-A.2/6098/16, 04.05.2016

കെട്ടിട നം - 10/50/A

| അപേക്ഷകന്റെ പേര്, മേൽവിലാസം, | തറവിസ്തീർണം(ച.മീ), ഒക്യുപൻസി | പെർമിറ്റ് ഫീ നിരക്ക് | ഈടാക്കേണ്ട ഫീ | ഈടാക്കിയ ഫീ, രശീതി നമ്പർ, തിയ്യതി | കുറവ് വന്ന തുക |
|---|---|---|---|---|---|
| ശ്രീ.എ.പി.അബൂബക്കർ മാനേജിംഗ് ട്രസ്റ്റി മർക്കസ് | 401.20 | 7 | 5617/- [401.2x7 = 2808.4 x 2 = 5616.8] | 4012/- 1160700396, 15.7.16 | 1605 |

റഗുലറൈസേഷൻ ഫീയിനത്തിൽ കുറവ് വന്ന തുക 1605/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-6 തൊഴിൻ നികുതി ഈടാക്കിയതിലെ അപാകതകൾ

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2016-17 വർഷത്തെ രണ്ടാം പാദ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ഉണ്ണികുളം വനിതാ സഹകരണ സംഘം-ഇയ്യാട് |
| 2 | പി.എച്ച് ആർ. സി പൂനൂർ |

സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 2-7 ഡി. & ഒ. ലൈസൻസ് അനുവദിക്കുന്നതിലെ അപാകതകൾ.

2016-17 സാമ്പത്തിക വർഷത്തിൽ , ഗ്രാമ പഞ്ചായത്തിലെ 23വാർഡുകളിലെ വാണിജ്യ സ്ഥാപനങ്ങളിൽ ലൈസൻസ് എടുത്തവരുടെ എണ്ണം ഡി.&.ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 547 ആണ് . സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഡി.ആന്റ്.ഒ. ലൈസൻസ് ആവശ്യമായ 3664 കെട്ടിടങ്ങളുണ്ട്.

(വാണിജ്യ കെട്ടിടങ്ങൾ - 3636, വ്യാവസായിക കെട്ടിടങ്ങൾ 28, ) പഞ്ചായത്ത് പരിധിയിലുള്ള എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടി കേരള പഞ്ചായത്ത് രാജ് വകുപ്പ് 205 ബി അനുസരിച്ച് നികുതിക്ക് വിധേയരായവരുടെ ലിസ്റ്റ് കെട്ടിട /ഭൂമിയുടെ ഉടമസ്ഥനോട് ആവശ്യപ്പെടാവുന്നതും ആയത് ഉറപ്പ് വരുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്ത് ഒരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-8 പഞ്ചായത്ത് പരിധിയിൽ ലൈവ് സ്റ്റോക്ക് ഫാം ലൈസൻസില്ലാതെ ഫാമുകൾക്ക് പ്രവർത്തനാനുമതി നൽകി.

2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിൽ സെക്രട്ടറി നൽകുന്ന ഒരു ലൈസൻസ് കൂടാതെയും, ലൈസൻസിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിബന്ധനകൾ പാലിക്കാതെയും യാതൊരാളും മൃഗങ്ങളേയോ, പക്ഷികളേയോ വളർത്തുന്ന ഒരു ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിക്കാനോ നടത്തിക്കൊണ്ടു പോകുവാനോ പാടുള്ളതല്ല (ചട്ടം.3).

ചട്ടം.6(1) പ്രകാരം ഒരു ലൈവ് സ്റ്റോക്ക് ഫാം ആരംഭിക്കുവാനോ അതിനു വേണ്ടിയുള്ള കെട്ടിടമോ, ഷെഡ്ഡോ നിർമ്മിക്കുവാനോ ഉദ്ദേശിക്കുന്ന ഏതൊരാളും ഈ ആവശ്യത്തിലേക്കായി ഗ്രാമപഞ്ചായത്തിന്റെ അനുമതിക്കു വേണ്ടി ഫാറം.1 ൽ അപേക്ഷ നൽകേണ്ടതും, അപേക്ഷയിൽ ഫാമിൽ വളർത്താനുദ്ദേശിക്കുന്ന മൃഗങ്ങളുടെ അഥവാ പക്ഷികളുടെ ഇനങ്ങളും എണ്ണം, ഈ ആവശ്യത്തിലേക്കായി ലഭ്യമായ സ്ഥലത്തിന്റെ വിസ്തീർണ്ണം, നിർമ്മിച്ചതോ, നിർമ്മിക്കാനുദ്ദേശിക്കുന്നതോ ആയ കെട്ടിടത്തിന്റെ അഥവാ ഷെഡ്ഡിന്റെ വിവരണം (തറവിസ്തീർണ്ണം ഉൾപ്പടെ) ഉദ്ദേശിക്കുന്ന മാലിന്യ നിർമ്മാർജ്ജന ക്രമീകരണങ്ങൾ, ചുറ്റു വട്ടത്തുള്ള ജനവാസത്തെപ്പറ്റിയുള്ള വിവരണം എന്നീ കാര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം ഷെഡ്ഡുകളുടെ പ്ലാനും, സ്ഥലത്തിന്റെ സ്കെച്ചും ഉള്ളടക്കം ചെയ്യണം.

ഡി&ഒ രജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിൽ സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും,മേൽ വിവരിച്ച ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കാതെയും ചട്ടം.7(3) ൽ വ്യവസ്ഥ ചെയ്ത ഫീസ് ഈടാക്കാതെയും കോഴി, ഡയറി ഫാമുകൾക്ക് പ്രവർത്തിക്കാൻ അനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര്, | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ നം/ഉപയോഗ ക്രമം | ഈടാക്കിയ ഡി.& ഒ. ലൈസൻസ് ഫീസ് |
|---|---|---|---|
| 1 | ശ്രീ.അനിൽകുമാർ വട്ടപ്പെയിൽ | 5/49 Aകോഴി വളർത്തൽ | 200 |
| 2 | ശ്രീമതി.സൈനബ കൊല്ലോന്നമ്മൽ | 10/249 Aകോഴി വളർത്തൽ | 100 |
| 3 | ശ്രീ. മുഹമ്മദ് പറയങ്കോട് | 15/245 Aലൈവ് സ്റ്റോക്ക് | 200 |
| 4 | ഷിനി , തൈക്കണ്ടി | 23/386കോഴി വളർത്തൽ | 200 |

ചട്ടം 7(3) പ്രകാരം ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് പഞ്ചായത്തിൽ നിന്നും അനുവദിക്കുന്ന ഓരോ ലൈസൻസിനും ഫീസ് ഈടാക്കണം. ഇതിനായി ഫാമുകളെ ചട്ടത്തിൽ വ്യവസ്ഥ ചെയ്ത പ്രകാരം 6 തരത്തിൽ ഉൾപ്പെടുത്തി അനുയോജ്യമായ നിരക്ക് കണക്കാക്കണം. എന്നാൽ ഫാമുകളെ കുറിച്ച് വ്യക്തമായ വിവരശേഖരണം ലഭ്യമായിട്ടും ഫീസ് ഈടാക്കിയിട്ടില്ല. അപാകതകൾ പരിശോധിച്ച് വിശദീകരണം

ലഭ്യമാക്കേണ്ടതാണ്.

## 2-9 സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള ഉപനികുതി ഈടാക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 200(2) പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാനൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് അപ്രകാരം ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. 14.01.2011 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 82 ൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 37/2011 ആയി സർക്കാർ പ്രസിദ്ധീകരിച്ചു. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം.27 പ്രകാരം പഞ്ചായത്ത് പരിധിയിൽ ഈടാക്കേണ്ട സേവനഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ എത്രയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം.29 പ്രകാരം പ്രത്യേക സൌകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സേവന ഉപനികുതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരേയും നടപടിക്രമങ്ങൾ പൂർത്തീകരിച്ചില്ല. നിയമ പ്രകാരം പഞ്ചായത്ത് ഫണ്ടിന് ലഭ്യമാകേണ്ട തുക ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതും സേവന ഉപനികുതി ഈടാക്കുന്നതിനായി നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും വീഴ്ച.

എ) വിവിധ മേഖലകളിലെ പ്രവർത്തനങ്ങൾക്ക് വകയിരുത്തിയ തുകയിൽ 2,75,18,691/- രൂപ നഷ്ടമായി.

ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്ത് വിഭാവനം ചെയ്ത് അംഗീകാരം വാങ്ങിയ 237 പദ്ധതികളിൽ 115 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്. 122 പദ്ധതികൾ നടപ്പാക്കിയില്ല. പദ്ധതികൾക്കായി വിവിധ ഫണ്ടുകളിൽ നിന്നും വകയിരുത്തിയ തുകയുടെയും, ചെലവഴിച്ച തുകയുടെയും വിശദാംശം താഴെ കൊടുക്കുന്നു.

(വിശദാംശങ്ങൾ ഐ.കെ.എം. ചെലവ് പത്രികയിൽ നിന്നും ശേഖരിച്ചത്)

| ക്രമ നം | ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാത്ത തുക | ചെലവ് % |
|---|---|---|---|---|---|
| 1 | വികസന ഫണ്ട് (ജനറൽ) | 2,06,37,575 | 1,60,35,339 | 46,02,236 | 77.69 |
| 2 | വികസന ഫണ്ട്(എസ്.സി.പി) | 96,18,700 | 68,46,310 | 27,72,390 | 71.17 |
| 3 | സംരക്ഷണഗ്രാന്റ് (റോഡ്) | 1,05,27,626 | 40,26,558 | 65,01,068 | 38.24 |
| 4 | സംരക്ഷണഗ്രാന്റ് (റോഡിതരം) | 78,14,553 | 27,68,610 | 50,45,943 | 35.42 |
| 5 | ധനകാര്യ കമ്മീഷൻ അവാർഡ് | 1,22,11,222 | 73,07,341 | 49,03,881 | 59.84 |

| | | | | | |
|---|---|---|---|---|---|
| 6 | ലോക ബാങ്ക് സഹായം | 60,98,444 | 37,60,831 | 23,37,613 | 61.66 |
| 7 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 28,50,000 | 16,25,560 | 13,40,560 | 57.03 |
| 8 | ജില്ലാപഞ്ചായത്ത് വിഹിതം | 90,000 | 75,000 | 15,000 | 83.33 |
| 9 | സംസ്ഥാനാവിഷ്കൃത ഫണ്ട് | 28,13,250 | ---- | 28,13,250 | ---- |
| 10 | കേന്ദ്രാവിഷ്കൃത ഫണ്ട് | 20,00,000 | 15,97,447 | 4,02,553 | 79.87 |
| 11 | തനത് ഫണ്ട് | 1,97,90,561 | 70,22,068 | 1,27,68,493 | 35.48 |
| 12 | മറ്റുള്ളവ | 88,29,225 | 1,30,800 | 86,98,425 | 1.48 |
| 13 | മറ്റ്ഗ്രാമപഞ്ചായത്ത് ഫണ്ട് | 2,00,000 | ----- | 2,00,000 | --- |
| ആകെ | | 10,34,81,156 | 5,11,95,870 | 5,24,01,412 | 49.47 |

മേൽ കണക്കുകളിൽ നിന്നും പദ്ധതികൾക്കായി വകയിരുത്തിയ തുകയിൽ 5,24,01,412/- രൂപ ഓഡിറ്റ് വർഷത്തിൽ വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല. ഇതിൽ ക്രമനം.1 മുതൽ 8 വരെയുള്ള ഫണ്ടുകൾ പ്രകാരമുള്ള 2,75,18,691/- രൂപ സാമ്പത്തിക വർഷാവസാനം ലാപ്സായത് തിരിച്ചു കിട്ടാത്തതിനാൽ ഫലത്തിൽ പൂർണ്ണമായും നഷ്ടപ്പെട്ടിരിക്കുകയാണ്.

നിർവ്വഹണ സാധ്യതയില്ലാത്ത പദ്ധതികൾക്ക് തുക വകയിരുത്തിയതും, പദ്ധതികൾ പുതുക്കി അംഗീകാരം വാങ്ങുന്നതിന് കാലതാമസം വരുത്തിയതും തൻവർഷം വകയിരുത്തിയ തുക പൂർണ്ണമായും വിനിയോഗിക്കുന്നതിന് തടസ്സമാകുകയും ചെയ്തിട്ടുണ്ട്. പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ലാതിരുന്നത് കൊണ്ടാണ് രൂപീകരിച്ച് അംഗീകാരം ലഭിച്ച പദ്ധതികൾ ലക്ഷ്യപ്രാപ്തിയിലെത്താതിരിക്കാൻ കാരണമായതെന്നും വിലയിരുത്തുന്നു.

ബി)എം.പി.ഫണ്ട്, എം.എൽ.എ. പ്രാദേശിക വികസന ഫണ്ട്, മറ്റ് ഏജൻസികൾ നിന്നും ലഭിക്കുന്ന തുക എന്നിവ വിനിയോഗിച്ച് സമഗ്ര പദ്ധതികൾ രൂപീകരിക്കുന്നില്ല.

11.01.2016ലെ(എം.എസ്)04/16/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ) ഖണ്ഡിക. നമ്പർ 6.11.1.VI. പ്രകാരം തദ്ദേശഭരണ സ്ഥാപനം പദ്ധതിയിൽ ഉൾപ്പെടുത്തിയോ അല്ലാതെയോ ചെയ്യേണ്ടുന്നതും, തദ്ദേശഭരണ സ്ഥാപനവുമായി ചേർന്നോ അല്ലാതെയോ മറ്റ് വകുപ്പുകളോ ഏജൻസികളോ, സ്ഥാപനങ്ങളോ, സംഘടനകളോ, മിഷനുകളോ, വ്യക്തികളോ ചെയ്യേണ്ടുന്നതും വിവിധ മേഖലകളിൽപ്പെടുന്നതുമായ പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് സമഗ്ര പരിപാടികൾ തയ്യാറാക്കണം. ഇപ്രകാരം തയ്യാറാക്കുന്ന സമഗ്ര പരിപാടിയിൽ വിഭവസമാഹരണവും, സമഗ്രതയും ഉറപ്പ് വരുത്തുന്നതിനായി അതാത് തദ്ദേശഭരണ സ്ഥാപങ്ങൾ ഉൾകൊള്ളുന്ന നിയോജകമണ്ഡലാടിസ്ഥാനത്തിൽ അതാത് എം.എൽ.എ, എം.പി.മാരുടെ നേതൃത്വത്തിൽ യോഗം ചേർന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി സംയോജനം നടത്തണം. (ഖണ്ഡിക നം.6.11.1.VI.) എന്നാൽ മേൽ രീതിയിലെ പ്രവർത്തനങ്ങൾ ഓഡിറ്റ് വർഷത്തിൽ നടപ്പാക്കിയിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളിൽ എം.പി., എം.എൽ.എ. എന്നിവരുടെ പ്രാദേശിക വികസന ഫണ്ട് വിനിയോഗിച്ച് വിവിധ മരാമത്ത് പ്രവൃത്തികൾക്ക് തുക ചെലവഴിച്ചത് പദ്ധതി രൂപീകരണമില്ലാതെയാണ്. വിശദാംശങ്ങൾ

താഴെ കൊടുക്കുന്നു.

| പ്രവർത്തിയുടെ പേര് | ചെലവ് തുക | വൌച്ചർ നം, തീയ്യതി | ഫണ്ട് തരം |
|---|---|---|---|
| തെങ്ങിനകുന്ന് കുടിവെള്ള പദ്ധതി | 40,000 | 21600310, 25.07.2016 | എം.പി., എം.എൽ.എ. പ്രാദേശിക വികസന ഫണ്ട് |
| കരിങ്കാളി കോളനി റോഡ് | 3,63,841 | 21600436, 22.09.2016 | |
| കൊളങ്ങരപൊയിൽ നടായിൽ റോഡ് | 4,61,766<br>9,559<br>23,896<br>4,779 | 21600813, 17.02.2017<br>21600814, 17.02.2017<br>21600815, 17.02.2017<br>21600816, 17.02.2017 | |
| കരുമ്പൊയിൽ ചാമക്കാല കുടിവെള്ള പദ്ധതി | 29,030 | 21600865, 03.03.2017 | |
| വെങ്ങലത്ത് നടക്കൽ റോഡ് | 4,61,881 | 21601051, 31.03.2017 | വെള്ളപൊക്ക ദുരിതാശ്വാസ ഫണ്ട് |
| വടക്കേനെരേത്ത് മാവുള്ളക്കണ്ടി റോഡ് | 9,22,241 | 21601052, 31.03.2017 | |
| വെളിപറമ്പിൽ നായാട്ടുകുന്ന് റോഡ് | 4,58,912 | 21601053, 31.03.2017 | |
| കോഴിക്കണ്ടി ആയപ്പള്ളി റോഡ് | 4,62,212 | 21601054, 31.03.2017 | |

പ്രസ്തുത പ്രവൃത്തികളുടെ കൺവീനർമാരെ പഞ്ചായത്ത് ഭരണസമിതി തന്നെ നേരിട്ട് തെരഞ്ഞെടുത്ത് ശുപാർശ ചെയ്തതാണ്. 1994 ലെ കേരള പഞ്ചാത്ത് രാജ് നിയമം 3എ(ബി) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പാക്കേണ്ട പദ്ധതികളുടേയും വികസന പരിപാടികളുടേയും നിർദ്ദേശ്ശങ്ങൾക്ക് രൂപം നൽകുകയും മുൻഗണന നിർദ്ദേശ്ശിക്കുകയും ചെയ്യേണ്ടത് ഗ്രാമസഭയുടെ അധികാരങ്ങളിലും, ചുമതലകളിലും, അവകാശങ്ങളിലും പെടുന്നവയാണ്. എന്നാൽ ഗ്രാമസഭകളിൽ ചർച്ച ചെയ്യാപ്പെടാതെയാണ് മേൽ പ്രവൃത്തികൾ നടപ്പാക്കിയിട്ടുള്ളത്. ഫണ്ട് വിനിയോഗം സംബന്ധിച്ചും പഞ്ചായത്ത് പരിധിയിലെ വികസന പ്രവർത്തനങ്ങൾ സംബന്ധിച്ചും ശരിയായ വിവരം ലഭ്യമായിരുന്നിട്ടും മേൽ പ്രവൃത്തികൾ വാർഷിക പദ്ധതികളിൽപെടുത്തിയിട്ടില്ല.

<u>സി. അനുവദനീയമായ മേഖല ചുമതലകൾ മറികടന്ന് പദ്ധതികൾ തയ്യാറാക്കി പൊതുപണം ചെലവഴിച്ചു</u>

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൽ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ ചുമതലകൾ വ്യക്തമായി നിർവചിക്കപ്പെട്ടിട്ടുണ്ട്. പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ ഉത്തരവിലൂടെ (ഖണ്ഡിക നം.4)

പഞ്ചായത്ത് രാജ് നിയമപ്രകാരം തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയിൽ നിക്ഷിപ്തമല്ലാത്തതും, മറ്റ് സർക്കാർ വകുപ്പുകളുടെ ചുമതലയിലുള്ളതും, സർക്കാർ തദ്ദേശഭരണ സ്ഥാപനത്തെ ഏൽപ്പിച്ചിട്ടില്ലാത്തതുമായ പ്രവർത്തനങ്ങൾ പദ്ധതികൾ തയ്യാറാക്കുമ്പോൾ ഉൾപ്പെടുത്തേണ്ടതില്ല എന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് പരിഗണിക്കാതെയാണ് വളരേയധികം പദ്ധതികൾ തയ്യാറാക്കി നിർവഹണം നടത്തിയിട്ടുള്ളത്. മേൽ വിഷയം റിപ്പോർട്ടിന്റെ തുടർ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 3-2 സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിച്ചു.

11.01.2016 ലെ (എം.എസ്) 4/2016/ത.സ്വ.ഭവ. നമ്പർ സർക്കാർ ഉത്തരവ് (പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി പരിഷ്കരിച്ച) മാർഗ്ഗരേഖ ഖണ്ഡിക 12.6 പ്രകാരം പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഏതെല്ലാം കാര്യങ്ങൾക്ക വേണ്ടിയാണ് വിനിയോഗിക്കേണ്ടതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതു പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാന സേവനകാര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിപുലപ്പെടുത്തുന്നതിനും വേണ്ടി മാത്രമായിരിക്കണം ഗ്രാന്റ് വിനിയോഗിക്കേണ്ടത്.

1. കുടിവെള്ള വിതരണം
2. ശുചിത്വം കക്കൂസ് മാലിന്യ പരിപാലനം ഉൾപ്പെടെ
3. മലിനജല നിർഗ്ഗമന സംവിധാനങ്ങളും ഖരമാലിന്യ പരിപാലനം
4. സാമൂഹ്യ ആസ്തികളുടെ സംരക്ഷണം, പരിപാലനം
5. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള റോഡുകളുടെ സംരക്ഷണം, പരിപാലനം,
6. റോഡിനിരുവശത്തുമുള്ള നടപ്പാതകൾ, സ്ട്രീറ്റ് ലൈറ്റ്
7. ശ്മശാനങ്ങൾ സ്ഥാപിക്കൽ/ആരംഭിക്കൽ

എന്നീ പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തേണ്ടത്. എന്നാൽ 2016-17 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ താഴെ കൊടുത്തിരിക്കുന്ന പ്രോജക്റ്റുകൾ മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ചാണ് നടപ്പിലാക്കിയത്.

| | പദ്ധതി പേര്, നം | അടങ്കൽ തുക | ചെലവ് തുക | നിർവ്വഹണ ഉദ്യോഗസ്ഥൻ | വൗച്ചർ നം, തീയ്യതി |
|---|---|---|---|---|---|
| 1 | ഇടവിള കൃഷി - വാഴക്കന്ന് വിതരണം,6/17 | 99,770 | 69,770 | കൃഷി ഓഫീസർ | 21600519, 31.10.16 |
| 2 | ഇടവിള കൃഷി - മഞ്ഞൾ വിത്ത് വിതരണം ,14/17 | 1,58,245 | 1,58,112 | | 21601004, 31.03.17 |
| 3 | ഗ്രോബാഗുകൾ ഉപയോഗിച്ചുള്ള പുരയിട പച്ചക്കറി കൃഷി, 15/17 | 8,225 | 8,225 | | 21600953, 31.3.17 |
| 4 | ഭവനനിർമ്മാണം (ജനറൽ),16/17 | 8,60,000 | 5,80,000<br>1,80,000<br>1,00,000 | വി.ഇ.ഒ | 21600678, 6.1.17<br>21600973, 31.3.17<br>21600879, 9.3.17 |

| | | | | | |
|---|---|---|---|---|---|
| 5 | ഭവന നിർമ്മാണം (ജനറൽ), So81/16 | 80,000 | 20,000<br>20,000 | | 21600679, 6.11.16<br>21600972, 31.3.17 |
| 6 | ഐ.എ.വൈ. വിഹിതം, 139/17 | 10,00,000 | 10,00,000 | | 21600589, 5.12.16 |
| 7 | വീടിന് ധനസഹായം, 268/17 | 2,00,000 | 1,40,000<br>60,000 | | 21600975, 31.3.17<br>21600971, 31.3.17 |
| 8 | വീട് റിപ്പയർ, 271/17 | 28,75,000 | 18,87,500 | | 21600969, 31.03.17 |
| 9 | സമഗ്രപൂരക പോഷകാഹാര പദ്ധതി,97/17 | 7,05,000 | 1,83,459<br>5,21,541 | ഐ.സി.ഡി. എസ്.സൂപ്പർ വൈസർ | 21600724, 17.01.17<br>21600919, 25.03.17 |
| 10 | ജാഗ്രത സമിതി പ്രവർത്തനങ്ങൾ, 116/17 | 1,00,000 | 85,000 | | 21601016, 31.3.17 |
| 11 | എസ്.എസ്.എ. വിഹിതം നൽകൽ,180/17 | 10,00,000 | 10,00,000 | ഹെഡ്മാസ്റ്റർ | 21600764, 3.2.17 |
| 12 | നാപ്കിൻ ഇൻസിനേറ്റർ സ്ഥാപിക്കൽ, 193/17 | 40,000 | 40,000 | | 21600900, 17.03.17 |
| 13 | സമഗ്ര വിദ്യാഭ്യാസ പരിപാടി, 196/17 | 3,00,000 | 2,44,876 | | 21601013, 31.3.17 |
| 14 | പാലിന് ഇൻസെന്റീവ്, 112/17 | 3,00,000 | 30,0000 | ഡയറി ഫാം ഇൻസ്ട്രക്ടർ | 21600948, 31.3.17 |
| | | | 65,98,483 | | |

സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ചതിന് സാധൂകരണം ലഭ്യമാക്കേണ്ടതാണ്. ചെലവഴിച്ച തുക 65,98,483/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-3 പദ്ധതി രൂപീകരണം നിർവ്വഹണം ചെലവ് - സർക്കാർ നിശ്ചയിച്ച പരിധി പരിഗണിച്ചില്ല.

നിർവ്വഹണം - സെക്രട്ടറി

പ്രൊജക്ട് പേര്, നം - പദ്ധതി രൂപീകരണം, നടത്തിപ്പ് മോണിറ്ററിംഗ് ചെലവുകൾ, 89/16-17

അടങ്കൽ തുക – 2,94,000/- (തനത് ഫണ്ട് - 2,50,000/- + വികസന ഫണ്ട് - 44,000/-)

ചെലവ് തുക – 2,78,129/- (തനത് ഫണ്ട് - 2,46,776/- + വികസന ഫണ്ട് - 31,353/-)

11.01.2016 ലെ (എം.എസ്)4/2016/ത.സ്വ.ഭവ. നമ്പർ ഉത്തരവ് (പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ) ഖണ്ഡിക.20 പ്രകാരം ഓരോ തട്ടിലുമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി രൂപീകരണം നിർവ്വഹണം മോണിറ്ററിംഗ് എന്നിവയ്ക്കായി ചെലവഴിക്കേണ്ട പരിധി സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. അതാത് സ്ഥാനങ്ങൾക്ക് ലഭിക്കുന്ന വികസന ഫണ്ടിന്റെ അടിസ്ഥാനത്തിലാണ് തുക വകയിരുത്തി ചെലവഴിക്കേണ്ടത്. ആയത് പ്രകാരം ഗ്രാമപഞ്ചായത്തുകൾ പദ്ധതി രൂപീകരണത്തിനായി പരമാവധി 2,00,000/- രൂപയും, പദ്ധതി നിർവ്വഹണം, മോണിറ്ററിംഗ് എന്നിവക്കായി പരമാവധി 1,00,000/- രൂപയുമാണ് ചെലവഴിക്കേണ്ടത്.

ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്ത് ഇതിനായി പദ്ധതി രൂപീകരിച്ച് മേൽ വിവരിച്ച തരത്തിൽ 2,94,000/- രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ തനത് ഫണ്ട് വൌച്ചറുകൾ പരിശോധിച്ചതിൽ നിന്നും പദ്ധതിക്കായി വകയിരുത്തിയ തുകയിൽ കൂടുതൽ ചെലവഴിച്ചതായി കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | വൌച്ചർ നം, തീയ്യതി | തുക | ചെലവിനം |
|---|---|---|---|
| 1 | 21600221, 22.06.2016 | 29,631 | പദ്ധതി നോട്ടീസ് പ്രിന്റിംഗ് |
| 2 | 21600303, 22.07.2016 | 8,000 | വികസന സെമിനാർ ഹാൾ വാടക |
| 3 | 21600304, 22.07.2016 | 35,000 | വികസന സെമിനാർ ഭക്ഷണ ചെലവ് |
| 4 | 21600326, 30.07.2016 | 700 | വികസന സെമിനാർ ബാനർ |
| 5 | 21600562, 04.11.2016 | 10,224 | പരസ്യ ചാർജ്ജ് |
| 6 | 21600674, 06.01.2017 | 31,353 | പ്രിന്റിംഗ് ചാർജ്ജ് |
| 7 | 21600716, 11.01.2017 | 6,750 | ഡാറ്റ എൻട്രി |
| 8 | 21600722, 16.01.2017 | 9,450 | പ്രിന്റിംഗ് ചാർജ്ജ് |
| 9 | 21600723, 16.01.2017 | | |
| 10 | 21600765, 09.02.2017 | 15,336 | പരസ്യ ചാർജ്ജ് |
| 11 | 21600766, 09.02.2017 | 37,484 | |
| 12 | 21600822, 20.02.2017 | 4,000 | ഗ്രാമസഭ ചെലവ് |
| 13 | 21600828, 22.02.2017 | 22,650 | വർക്കിംഗ് ഗ്രൂപ്പ് യോഗ ചെലവ് |
| 14 | 21600902, 22.03.2017 | 600 | ബാനർ |
| 15 | 21600903, 22.03.2017 | 600 | പ്രിന്റിംഗ് ചാർജ്ജ് |
| 16 | 21600959, 31.03.2017 | 30,864 | പരസ്യ ചാർജ്ജ് |
| 17 | 21600960, 31.03.2017 | 62,832 | പരസ്യ ചാർജ്ജ് |
| 18 | 21600961, 31.03.2017 | 29,736 | പ്രിന്റിംഗ് ചാർജ്ജ് |

| | | | |
|---|---|---|---|
| 19 | 21601041, 31.03.2017 | 16,250 | ഡാറ്റ എൻട്രി |
| 20 | 21600823, 20.02.2017 | 2,850 | സമഗ്ര വിദ്യഭ്യാസ പരിപാടി ഉത്ഘാടന ചെലവ് |
| 21 | 21600810, 16.02.2017 | 20,400 | |
| 22 | 21600829, 22.02.2017 | 1,500 | |
| 23 | 21600679, 10.01.2017 | 13,020 | ഗ്രീൻ ഉണ്ണികുളം, ക്ലീൻ ഉണ്ണികുളം പദ്ധതി പരിശീലന ചെലവ് |
| | ആകെ | 3,89,230 | |

- പദ്ധതിക്കായി വകയിരുത്തിയ തുകയേക്കാളും 95,230/- രൂപ അധികം ചെലവഴിച്ചു.
- സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള പത്രികയിൽ 2,78,129/- രൂപയുടെ ചെലവ് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ.

എ.സി.ആർ. പ്രകാരം ഗ്രാമപഞ്ചായത്തിന് തൻവർഷം ലഭ്യമായ വികസന ഫണ്ടിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് തുക |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 2,02,22,047 |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 90,68,700 |
| | | 2,92,90,747 |

പദ്ധതിക്കായി വകിയരുത്തിയ തുകയേക്കാളും അധികമായി ചെലവഴിച്ച 95,230/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മേൽ തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. കൂടാതെ സുലേഖ സോഫ്റ്റ് വെയറിൽ ചെലവ് തുക ക്രമീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-4 പദ്ധതി രൂപീകരിക്കാതെ വരൾച്ച ദുരിതാശ്വാസത്തിനായി തുക ചെലവഴിച്ചു.

ഫയൽ നം.എ.3/3536/16

16.04.2016 ലെ (സാധ)നം.1466/2016/ ത.സ്വ.ഭ.വ ഉത്തരവിലൂടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വരൾച്ച ദുരിതാശ്വാസം പ്രവർത്തനങ്ങൾക്കായി തുക ചെലവഴിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. 2016 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ അനുഭവപ്പെട്ട വരൾച്ചയുടെ ഭാഗമായി കുടിവെള്ള ക്ഷാമമുണ്ടായതിനാൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയും ലിറ്ററിന് ഏറ്റവും കുറവായ 1.30/- രൂപ തോതിൽ ക്വോട്ട് ചെയ്ത ശ്രീ.രാഹുൽ, പൊയിൽ മീത്തൽ (ഹ), മങ്ങാട് എന്നിവരുടെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ആകെ 289550 ലിറ്റർ വിതരണം നടത്തിയ വകയിൽ 3,72,651/- രൂപ ടിയാന് നൽകിയിട്ടുണ്ട്. കൂടാതെ ആദായ നികുതിയിനത്തിൽ 3,764/- രൂപ ടിയാനിൽ നിന്നും ഈടാക്കിയിട്ടുണ്ട്. ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| തിയ്യതി | വൌച്ചർ നമ്പർ | തുക |
|---|---|---|
| 30.07.2016 | 21600327 | 3,76,415 |

20.03.2012 ലെ (ആർ.ടി) 807/12ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത്, നഗരസഭ എന്നീ സ്ഥാപനങ്ങൾ വരൾച്ച ദുരിതാശ്വാസം പ്രവൃത്തികൾക്കായി ചെലവഴിക്കുന്ന തുകക്ക് പദ്ധതി രൂപീകരിച്ച് ജില്ലാ

ആസൂത്രണ സമിതിയുടെ സാധൂകരണം വാങ്ങേണ്ടതുമാണ്. വരൾച്ചക്കു ശേഷം ചേരുന്ന ഗ്രാമസഭയിൽ അതാതു വാർഡിലെ ജല വിതരണത്തെ സംബന്ധിച്ച വിവരങ്ങൾ ചർച്ച ചെയ്യേണ്ടതാണ്. എന്നാൽ മേൽ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചില്ല. ജില്ല ആസൂത്രണ സമിതിയുടെ അംഗീകാരമില്ലാതെ ചെലവഴിച്ച തുക ഓഡിറ്റിൽ അംഗീകരിക്കാവുന്നതല്ല. ചെലവ് തുക 3,76,415/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-5 ബാലസഭ പ്രവർത്തനങ്ങൾ - അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥ - ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പ്രൊജക്ട് - ബാലസഭ പ്രവർത്തനങ്ങൾ, 278/17

അടങ്കൽ തുക - 1,15,000/-രൂപ, വികസനഫണ്ട്(ജനറൽ)

ചെലവ് തുക - 1,14,770/- രൂപ, ബിൽ നം.8/31.03.2017

ഗ്രാമപഞ്ചായത്തിലെ ബാലസഭകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയത്. പദ്ധതിയുടെ ഭാഗമായി ഇവാ സ്പോർട്സ് എന്ന സ്ഥാപനത്തിൽ നിന്ന് ടെണ്ടർ മുഖാന്തിരം താഴെ പറയുന്ന സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി 23 വാർഡുകളിലെ മെമ്പർമാർക്ക് വിതരണം ചെയ്തിട്ടുണ്ട്.

| ക്രമ നം. | ഇനം | എണ്ണം | നിരക്ക് | ആകെ |
|---|---|---|---|---|
| 1 | വോളിബോൾ | 23 | 750 | 17,250 |
| 2 | വോളിനെറ്റ് | 23 | 1,400 | 32,200 |
| 3 | ഫുട്ബോൾ | 23 | 850 | 19,550 |
| 4 | ഷട്ടിൽ ബാറ്റ് | 92 | 300 | 27,600 |
| 5 | ഷട്ടിൽ നെറ്റ് | 23 | 400 | 9,200 |
| 6 | ടി - റിംഗ് | 23 | 80 | 1,840 |
| 7 | ഷട്ടിൽ കോക്ക് | 23 | 70 | 1,610 |
| 8 | സ്കിപ്പിംഗ് റോപ്പ് | 23 | 240 | 5,520 |
| | ആകെ | | | 1,14,770 |

<u>പദ്ധതി നടപ്പാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.</u>

1. സ.ഉ.(എം.എസ്) നമ്പർ4/16/ത സ്വ ഭ വ തീയതി 11.01.2016 പ്രകാരമുള്ള പദ്ധതി ആസൂത്രണ മാർഗരേഖയിലെ ഖണ്ഡിക 12.5(ii) പ്രകാരം ബാലസഭ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ കുടുംബശ്രീ മാനദണ്ഡങ്ങൾക്ക് വിധേയമായി കുട്ടികൾക്ക് വേണ്ടിയുള്ള പ്രത്യേകപദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. ബാലസഭ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തുകൾക്ക് ഒരു വർഷം 35,000/- രൂപ വരെയാണ് ചെലവഴിക്കാവുന്നത്. മേൽ പ്രൊജക്ട് പ്രകാരം ബാലസഭ പ്രവർത്തനങ്ങൾക്കായി 1,14,770/- രൂപ ചെലവഴിച്ചതിന് ആധാരമാക്കിയ സർക്കാർ അനുമതി വിവരം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
2. പ്രൊജക്ട് പ്രകാരം വാങ്ങിയ ഉപകരണങ്ങൾ കിറ്റുകളാക്കി 23 വാർഡ് മെമ്പർമാർക്ക് നൽകുകയാണ് ചെയ്തത്. മെമ്പർമാർ കൈപ്പറ്റിയ കിറ്റുകൾ എന്നിവ ബാലസഭകൾക്ക് കൈമാറിയതിന്റെയോ കിറ്റുകൾ എവിടെ സൂക്ഷിച്ചു എന്നതിന്റെയോ വിവരം ലഭ്യമല്ല.
3. സാധനങ്ങൾ സമാഹരിക്കൽ മാർഗ്ഗരേഖ പാലിച്ചില്ല.

നിർവ്വഹണഉദ്യോഗസ്ഥർ ഓഡിറ്റ് വർഷത്തിൽ വിവിധ പ്രൊജക്ടുകളുടെ ഭാഗമായി സാധനങ്ങൾ വാങ്ങിയത് 8.11.2010 ലെ പി.259/2010 ത.സ്വ.ഭ.വ നമ്പർ പ്രകാരം പുറപ്പെടുവിച്ച പ്രൊക്യർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചില്ല. സാമ്പത്തികവർഷത്തിന്റെ തുടക്കത്തിൽ ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും നിർവ്വഹിക്കാൻ പോകുന്ന പ്രൊജക്ടുകൾക്കാവശ്യമായ സാധനങ്ങളും സേവനങ്ങളും

എന്തൊക്കെയാണെന്നുള്ളതിന്റെ ലിസ്റ്റ് പ്രൊക്യർമെന്റ് കമ്മിറ്റിയെ ഏല്പിക്കണമെന്നും, കമ്മിറ്റി എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും ആവശ്യമായ സാധനങ്ങളും സേവനങ്ങളും മൊത്തത്തിൽ കണ്ടെത്തി ഒരേ ഇനം സാധനങ്ങൾ ഒരുമിച്ച് വാങ്ങുന്നതിനുള്ള നടപടി ക്രമം തെരെഞ്ഞെടുക്കുകയും ഇപ്രകാരം വാങ്ങുന്നതിന് പ്രൊക്യർമെന്റ് ടീമിനെ ചുമതല പ്പെടുത്തണമെന്നും മേൽ മാർഗ്ഗരേഖ നിഷ്കർഷിക്കുന്നു. പ്രൊക്യർമെന്റ് ടീം ടെണ്ടർ ഉൾപ്പടെയുള്ള നടപടിക്രമങ്ങൾ പാലിച്ച് സാധന/സേവന ദാതാക്കളെ തെരെഞ്ഞെടുക്കുകയും, ഇവരുമായി കരാറിലേർപ്പെടുകയും ചെയ്ത് ഇവരിൽ നിന്നും സാധനങ്ങൾ/സേവനങ്ങൾ വാങ്ങാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്യുന്നു. ഇതനുസരിച്ച് സാധനങ്ങൾ/സേവനങ്ങൾ വാങ്ങുന്ന ഉദ്യോഗസ്ഥർ അവ കൈപ്പറ്റി തുകനല്കുന്നു. എന്നാൽ പ്രൊജക്ടുകളുമായി ബന്ധപ്പെട്ട വാങ്ങലുകൾക്ക് അതാത് നിർവ്വഹണഉദ്യോഗസ്ഥർ പ്രത്യേകം ടെണ്ടർ/ക്വട്ടേഷൻ /നേരിട്ടുള്ള വാങ്ങൽ നടപടികൾ സ്വീകരിച്ച് സാധനങ്ങൾ വാങ്ങുന്ന മുൻകാല രീതി തന്നെ അവലംബിക്കുകയാണ് ചെയ്യുന്നത്. ഇതുമൂലം ഒരേ ഇനം സാമഗ്രികൾ വാങ്ങുന്നതിന് ഓരോ ഉദ്യോഗസ്ഥനും വ്യത്യസ്ത നടപടിക്രമങ്ങൾ സ്വീകരിക്കുകയും മാന്വൽ വിഭാവനം ചെയ്ത വാങ്ങലുകളിൽ പരമാവധി നേട്ടമുണ്ടാക്കുകയെന്ന ലക്ഷ്യപ്രാപ്തി കൈവരിക്കാൻ കഴിയാതെ വരികയും ചെയ്തു. ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ പ്രൊജക്ട് 188/17 പ്രകാരം പി വി എഞ്ചിനീയറിംഗ് വർക്സ് എന്ന സ്ഥാപനത്തിൽ നിന്ന് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി സ്കൂളുകൾക്ക് വിതരണം നടത്തിയിട്ടുണ്ട്. ഒരേ സ്പോർട്സ് ഉപകരണങ്ങൾ തന്നെ വ്യത്യസ്ത നിരക്കുകളിൽ വാങ്ങിയതിനാൽ ഐ സി ഡി എസ് സൂപ്പർവൈസർ താഴെ പറയും പ്രകാരം 31901രൂപ അധികം ചെലവഴിച്ചിട്ടുണ്ട്.

| ഇനം | എണ്ണം | 278/17 പ്രകാരം | | 188/17 പ്രകാരം | | അധികം ചെലവഴിച്ച തുക |
|---|---|---|---|---|---|---|
| | | നിരക്ക് | ആകെ | നിരക്ക് | ആകെ | |
| വോളിബോൾ | 23 | 750 | 17,250 | 635 | 14,605 | 2,645 |
| വോളിനെറ്റ് | 23 | 1,400 | 32,200 | 625 | 14,375 | 17,825 |
| ഫുട്ബോൾ | 23 | 850 | 19,550 | 750 | 17,250 | 2,300 |
| ഷട്ടിൽ ബാറ്റ് | 92 | 300 | 27,600 | 250 | 23,000 | 4,600 |
| ഷട്ടിൽ നെറ്റ് | 23 | 400 | 9,200 | 394 | 9,062 | 138 |
| സ്കിപ്പിംഗ് റോപ്പ് | 23 | 240 | 5,520 | 49 | 1,127 | 4,393 |
| | | | | | | 31,901 |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന് നഷ്ടം സംഭവിച്ച 31,901/-രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ ബാക്കി ചെലവ് തുക 82,869/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-6 സമഗ്ര വിദ്യാഭ്യാസപരിപാടി - അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

പ്രൊജക്ട് നം. - 196/17, സമഗ്ര വിദ്യാഭ്യാസപരിപാടി

അടങ്കൽ തുക - 3,00,000/- വികസനഫണ്ട് (ജനറൽ)

ചെലവ് തുക - 2,44,876/- (ബിൽ നം.3/28.03.2017)

പഞ്ചായത്ത് പരിധിയിലെ എൽ.പി, യു.പി സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ഗണിത പഠനം ലളിതവും രസകരവുമാക്കുന്നതിന് ഗണിത ലാബുകൾ രൂപീകരിക്കുക, അദ്ധ്യാപകർക്ക് മേഖലയിലെ വിദഗ്ദരുടെ നേതൃത്വത്തിൽ പരിശീലനം നൽകുക, ഇംഗ്ലീഷ് പഠനസൗകര്യങ്ങൾ ഒരുക്കുന്നതിനും അധ്യാപകർക്ക് ഇംഗ്ലീഷ് പഠന രീതികൾ പരിചയപ്പെടുത്തുന്നതിനും സ്കൂൾ തലത്തിൽ ഇംഗ്ലീഷ് തിയറ്റർ സംഘടിപ്പിക്കുക, സയൻസ് ഫെസ്റ്റ് നടത്തുക, സ്കൂളുകളിൽ കാർഷിക ക്ലബ് രൂപീകരിച്ച് ജൈവപച്ചക്കറി കൃഷി ആരംഭിക്കുക എന്നീ പ്രവർത്തനങ്ങളാണ് പ്രൊജക്ടിൽ ഉൾപ്പെടുത്തിയത്. പ്രൊജക്ട് പ്രകാരം തുക ചെലവഴിച്ചതിന്റെ വിവരം താഴെ കൊടുക്കുന്നു.

| ഇനം | സ്കൂളുകൾക്ക് കൈമാറിയ തുക | നിർവഹണ ഉദ്യോഗസ്ഥൻ നേരിട്ട് ചെലവഴിച്ചത് | ആകെ |
|---|---|---|---|
| ഗണിതക്ലബ് | 58,000 | 36,242 | 94,242 |
| ഇംഗ്ലീഷ് തിയേറ്റർ | 52,000 | 22,799 | 74,799 |
| കൃഷിപാഠം | 46,000 | 8,995 | 54,995 |
| സയൻസ് ഫെസ്റ്റ് | 20,000 | 840 | 20,840 |
| ആകെ | 1,76,000 | 68,876 | 2,44,876 |

പദ്ധതി പ്രകാരം ഗണിതക്ലബ്, ഇംഗ്ലീഷ് തിയേറ്റർ, കൃഷിപാഠം, സയൻസ് ഫെസ്റ്റ് എന്നീ പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത് പരിധിയിലെ 20 സർക്കാർ, എയിഡഡ് സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാർക്ക് 1,76,000/-രൂപ നൽകിയിട്ടുണ്ട്. പരിശീലകർക്കുള്ള ഓണറേറിയം, പഠനോപകരണങ്ങൾ, ബാനർ, സ്റ്റേജ്, മൈക്ക്, കുട്ടികൾക്കുള്ള ലഘുഭക്ഷണം, ഗ്രോബാഗ്, മണ്ണൊരുക്കൽ എന്നീ ഇനങ്ങൾക്കാണ് തുക ചെലവഴിച്ചത്. ഇതിന് പുറമെ മേൽ പ്രവർത്തനങ്ങൾ പഞ്ചായത്ത് തലത്തിൽ നടത്തിയതിന് പരിശീലകർക്കുള്ള ഓണറേറിയം, ബാനർ, സ്റ്റേജ്, മൈക്ക്, ലഘുഭക്ഷണം തുടങ്ങിയ ഇനങ്ങൾക്കായി 68,876/- രൂപ നിർവഹണ ഉദ്യോഗസ്ഥൻ നേരിട്ട് ചെലവഴിച്ചിട്ടുണ്ട്. സ്കൂളുകൾക്ക് തുക കൈമാറിയതിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്കൂളിന്റെ പേര് | ഗണിത ക്ലബ് | ഇംഗ്ലീഷ് തിയേറ്റർ | കൃഷി പാഠം | സയൻസ് ഫെസ്റ്റ് | ആകെ |
|---|---|---|---|---|---|---|
| 1 | എ.എം.എൽ.പി.എസ്, കരുമല | 2,600 | 2,900 | 2,300 | - | 7,800 |
| 2 | ശിവപുരം ന്യൂ എ.എൽ.പി.എസ്, | 2,600 | 2,900 | 2,300 | - | 7,800 |
| 3 | എ.എം.എൽ.പി.എസ്, വള്ളിയോത്ത് | 2,600 | 2,900 | 2,300 | - | 7,800 |
| 4 | എ.എം.എൽ.പി.എസ്, കാന്തപുരം | 2,600 | 2,900 | 2,300 | - | 7,800 |
| 5 | എ.എം.എൽ.പി.എസ്, പനങ്ങാട് വെസ്റ്റ് | 2,600 | 2,900 | 2,300 | - | 7,800 |
| 6 | ജി.എം.എൽ.പി.എസ്, പൂനൂർ | 2,600 | 2,900 | 2,300 | - | 7,800 |
| 7 | ജി.എൽ.പി.എസ്, മഠത്തുംപൊയിൽ | 2,600 | 2,900 | 2,300 | - | 7,800 |

| | | | | | | |
|---|---|---|---|---|---|---|
| 8 | ജി.എൽ.പി.എസ്, കാന്തപുരം | 2,600 | 2,900 | 2,300 | - | 7,800 |
| 9 | ജി.എം.എൽ.പി.എസ്, കാന്തപുരം | 2,600 | 2,900 | 2,300 | - | 7,800 |
| 10 | ജി.എൽ.പി.എസ്, പൂനൂർ | 2,600 | 2,900 | 2,300 | - | 7,800 |
| 11 | ജി.എം.എൽ.പി.എസ്, ഉണ്ണികുളം | 2,600 | 2,900 | 2,300 | - | 7,800 |
| 12 | ജി.എൽ.പി.എസ്, പള്ളിയോത്ത് | 2,600 | 2,900 | 2,300 | - | 7,800 |
| 13 | ജി.എം.യു.പി.എസ്, ഉണ്ണികുളം | 2,600 | 2,900 | 2,300 | 2,500 | 10,300 |
| 14 | ജി.എം.യു.പി.എസ്, പൂനൂർ | 2,600 | 2,900 | 2,300 | 2,500 | 10,300 |
| 15 | പി.ടി.എം.യു.പി.എസ്, പള്ളിയോത്ത് | 2,600 | 2,900 | 2,300 | 2,500 | 10,300 |
| 16 | എം.ഐ.യു.പി.എസ്, ഇയ്യാട് | 2,600 | 2,900 | 2,300 | 2,500 | 10,300 |
| 17 | സി.സി.യു.പി.എസ്, ഇയ്യാട് | 2,600 | 2,900 | 2,300 | 2,500 | 10,300 |
| 18 | എ.യു.പി.എസ്, മങ്ങാട് | 2,600 | 2,900 | 2,300 | 2,500 | 10,300 |
| 19 | എസ്.എം.എം.യു.പി.എസ്, ശിവപുരം | 2,600 | 2,900 | 2,300 | 2,500 | 10,300 |
| 20 | ജി.എച്ച്.എസ്.എസ്, ശിവപുരം | 2,600 | 2,900 | 2,300 | 2,500 | 10,300 |
| | ആകെ | | | | | 1,76,000 |

സ.ഉ.(എം.എസ്) നമ്പർ 4/16/ത.സ്വ.ഭ.വ തീയതി 11.01.2016 പ്രകാരമുള്ള പദ്ധതി ആസൂത്രണ മാർഗരേഖയിലെ ഖണ്ഡിക 11.6 പ്രകാരം പ്രൈമറി വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും പഠനനിലവാരം ഉയർത്തുന്നതിനുമുള്ള പ്രൊജക്ടുകൾ എസ്.എസ്.എ. പ്രൊജക്ടിൽ ഉൾപ്പെടുത്തി നടപ്പാക്കേണ്ടതാണ്. അധ്യാപക പരിശീലനങ്ങൾ, അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും വിതരണം ചെയ്യുന്നതിനുള്ള പുസ്തകങ്ങൾ തയ്യാറാക്കൽ, അച്ചടി, മറ്റ് പഠന സാമഗ്രികൾ തയ്യാറാക്കൽ എന്നിവ വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയിൽ നടന്നു വരുന്ന പ്രവർത്തനങ്ങളാകയാൽ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനു മുമ്പ് സർക്കാർ അനുമതി വാങ്ങിച്ചിരിക്കേണ്ടതാണെന്ന് സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽ പ്രൊജക്ട് നടപ്പിലാക്കുന്നതിന് സർക്കാരിൽ നിന്ന് ലഭിച്ച അനുമതി വിവരം പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക

2,44,876/-രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-7 എൽ പി, യു പി സ്കൂളുകൾക്ക് ഫർണ്ണീച്ചർ/ഉപകരണങ്ങൾ വാങ്ങൽ-അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

പ്രൊജക്ട് നം. - 193/17, എൽ പി, യു പി സ്കൂളുകൾക്ക് ഫർണ്ണീച്ചർ/ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ തുക - 8,50,000/- രൂപ, സംരക്ഷണഗ്രാന്റ് (റോഡിതരം)

ചെലവ് തുക - 8,45,461/- രൂപ, (ബിൽ നം.4/31.03.2017)

പഞ്ചായത്ത് പരിധിയിലെ എൽ.പി, യു.പി സ്കൂളുകളിലേക്ക് മേശ, കസേര, അലമാര, ബെഞ്ച്, ഡസ്ക്, ലാബ് ഉപകരണങ്ങൾ, സ്പോർട്സ് ഉപകരണങ്ങൾ, ഉച്ചഭക്ഷണത്തിനുള്ള പാത്രങ്ങൾ, മെഡിക്കൽ കിറ്റ് തുടങ്ങിയവ വിതരണം ചെയ്യുന്നതിനുള്ള പ്രൊജക്ടാണിത്. പ്രൊജക്ട് പ്രകാരം തുക ചെലവഴിച്ചതിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | ചെലവ് തുക | സാധനങ്ങൾ വിതരണം ചെയ്ത സ്ഥാപനം |
|---|---|---|---|
| 1 | സ്റ്റീൽ ഫർണ്ണീച്ചർ | 2,26,375 | ഫിഡ്കോ |
| 2 | ലാബ് ഉപകരണങ്ങൾ, സ്പോർട്സ് ഉപകരണങ്ങൾ, പാത്രങ്ങൾ | 1,57,215 | പി.വ. എഞ്ചിനീയറിംഗ് |
| 3 | കമ്പ്യൂട്ടർ റിപ്പയർ | 55,950 | ടെക്നോ സ്പേസ് |
| 4 | ലൈബ്രറി പുസ്തകങ്ങൾ | 1,49,000 | ലിപി പബ്ലിക്കേഷൻസ് |
| 5 | എൽ സി ഡി | 76,586 | എ.ബി. എന്റർപ്രൈസസ് |
| 6 | കസേര | 7,935 | സ്റ്റൈലോ ഫർണീച്ചർ |
| 7 | മെഡിക്കൽ കിറ്റ് | 35,602 | ന്യൂ ഡ്രഗ്സ് |
| 8 | മരഫർണ്ണീച്ചർ | 136798 | കാഡ്കോ |
| ആകെ | | 8,45,461 | |

പദ്ധതി പ്രകാരം വാങ്ങിയ ഫർണ്ണീച്ചറുകൾ, ഉപകരണങ്ങൾ എന്നിവ താഴെ പറയുന്ന എയ്ഡഡ് സ്കൂളുകൾക്കും നൽകിയിട്ടുണ്ട്.

| ക്രമ നം. | സ്കൂളിന്റെ പേര് | സ്പോർട്സ് ഉപകരണങ്ങൽ | ലാബ് ഉപകരണങ്ങൾ | മെഡിക്കൽ കിറ്റ് | ഫർണ്ണീച്ചർ | ആകെ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | എ.എം.എൽ.പി.എസ്, കരുമല | 3,163 | 2,508 | 1,780 | 6,493 | 13,944 |
| 2 | ശിവപുരം ന്യൂ എ.എൽ.പി.എസ് | 3,155 | 2,508 | 1,780 | 6,493 | 13,936 |
| 3 | എ.എം.എൽ.പി.എസ്, വള്ളിയോത്ത് | 3,144 | 2,508 | 1,780 | 6,493 | 13,925 |
| 4 | എ.എം.എൽ.പി.എസ്, കാന്തപുരം | 3,127 | 2,508 | 1,780 | 6,493 | 13,908 |
| 5 | എ.എം.എൽ.പി.എസ്, പനങ്ങാട് വെസ്റ്റ് | 3,129 | 2,508 | 1,780 | 6,493 | 13,910 |
| 6 | പി.ടി.എം.യു.പി.എസ്, പള്ളിയോത്ത് | 3,145 | 2,956 | 1,780 | 6,493 | 14,374 |
| 7 | എം.ഐ.യു.പി.എസ്, ഇയ്യാട് | 3,092 | 2,956 | 1,780 | 6,493 | 14,321 |
| 8 | സി.സി.യു.പി.എസ്, ഇയ്യാട് | 3,153 | 2,956 | 1,780 | 6,493 | 14,382 |
| 9 | എ.യു.പി.എസ്, മങ്ങാട് | 3,145 | 2,956 | 1,780 | 6,493 | 14,374 |
| 10 | എസ്.എം.എം.യു.പി.എസ്, ശിവപുരം | 3,137 | 2,956 | 1,780 | 6,493 | 14,366 |
| | ആകെ | 31,390 | 27,320 | 17,800 | 64,930 | 1,41,440 |

സ.ഉ.(എം.എസ്) നമ്പർ.4/16/ത.സ്വ.ഭ.വ. തീയതി 11.01.2016 പ്രകാരമുള്ള പദ്ധതി ആസൂത്രണ മാർഗരേഖയിലെ ഖണ്ഡിക 11.6 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള മുഴവൻ സർക്കാർ സ്കൂളുകളിലും ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിന് മുൻഗണന നൽകണം. സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.19(4) പ്രകാരം എല്ലാ സർക്കാർ സ്കൂളുകളിലും യൂറിനലുകളും, ടോയ്ലറ്റും കുടിവെള്ള സൗകര്യങ്ങളും നടപ്പാക്കിയതിന് ശേഷം എയ്ഡഡ് പ്രൈമറി സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കാവുന്നതാണ്. സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി എയ്ഡഡ് സ്കൂളുകൾക്ക് ഫർണ്ണീച്ചറുകൾ, ഉപകരണങ്ങൾ എന്നിവ നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി

ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 1,41,440/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-8 തൊഴിലുറപ്പ് പദ്ധതി - നഴ്സറിയിലേക്ക് വിത്ത് വാങ്ങൽ - അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

പ്രൊജക്ട് - തൊഴിലുറപ്പ് പദ്ധതി – നഴ്സറിയിലേക്ക് വിത്ത് വാങ്ങൽ, 279/17

അടങ്കൽ - 300000രൂപ, വികസനഫണ്ട്(ജനറൽ)

ചെലവ് - 1,59,470/- രൂപ, ബിൽ നം.9/30.03.2017

ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് നടത്തുന്ന നഴ്സറിയിലേക്ക് കുടംപുളി, ഉങ്ങ്, മണിമരുത്, ലക്ഷ്മിതരു, വീട്ടി, പുളി, കണിക്കൊന്ന, നെല്ലി, മന്ദാരം, ആത്ത, കരിങ്ങാലി തുടങ്ങിയ വനവൃക്ഷത്തൈകളുടെ വിത്തുകൾ, വിത്തുതേങ്ങ, വിത്ത് അടക്ക, പപ്പായ, മുരിങ്ങ എന്നീ നടീൽ വസ്തുക്കളുടെ വിത്തുകൾ, കറിവേപ്പ് തൈകൾ എന്നിവ വാങ്ങി നൽകുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയത്. വിത്തുകളും തൈകളും വിതരണം ചെയ്യുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും 14.03.2017 ന് നടന്ന ടെണ്ടറിൽ ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത താഴെ പറയുന്ന സ്ഥാപനങ്ങളുടെ ടെണ്ടർ 16.03.2017 ലെ 57/17(2)നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിക്കുകയും ചെയ്തു.

| ഇനം | നിരക്ക് | സ്ഥാപനം |
|---|---|---|
| വൃക്ഷത്തൈകളുടെ വിത്തുകൾ | 3080/കി.ഗ്രാം | ഉസ്മാനിയ നഴ്സറി, മാനന്തവാടി |
| പപ്പായ | 1500/കി.ഗ്രാം | |
| മുരിങ്ങ | 1000/കി.ഗ്രാം | |
| കറിവേപ്പ് തൈ | 2.25/1 | |
| വിത്ത് അടക്ക | 3.50/1 | രശ്മി കാർഷിക നഴ്സറി, കുറ്റ്യാടി |

പദ്ധതി പ്രകാരം താഴെ പറയുന്ന സാധനങ്ങൾ വാങ്ങി തൊഴിലുറപ്പ് പദ്ധതി നഴ്സറിക്ക് നൽകിയിട്ടുണ്ട്.

| ക്രമ നം. | ഇനം | അളവ് | നിരക്ക് | ചെലവ് തുക |
|---|---|---|---|---|
| 1 | കുടംപുളി | 40kg | 90 | 3,600 |
| 2 | ഉങ്ങ് | 50kg | 90 | 4,500 |
| 3 | മണിമരുത് | 50kg | 90 | 4,500 |
| 4 | ലക്ഷ്മിതരു | 70kg | 190 | 13,300 |
| 5 | വീട്ടി | 15kg | 340 | 5,100 |

| | | | | |
|---|---|---|---|---|
| 6 | കണിക്കൊന്ന | 20kg | 230 | 4,600 |
| 7 | നെല്ലി | 4kg | 1290 | 5,160 |
| 8 | മന്ദാരം | 10kg | 290 | 2,900 |
| 9 | സീതപ്പഴം | 37kg | 200 | 7,400 |
| 10 | കരിങ്ങാലി | 6kg | 360 | 2,160 |
| 11 | മുരിങ്ങ | 26kg | 1000 | 26,000 |
| 12 | പപ്പായ | 5kg | 1500 | 7,500 |
| 13 | കറിവേപ്പിൻ തൈ | 25000 no. | 2.25 | 56,250 |
| 14 | വിത്ത് അടക്ക | 5000 no. | 3.50 | 16,500 |
| | ആകെ | | | 1,59,470 |

തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നഴ്സറി നിർമ്മാണം - വാർഡ്23(കപ്പുറം) എന്ന പ്രവൃത്തിയിൽ മേൽ വിത്തുകൽ പാകി മുളപ്പിക്കുകയും തൈകൾ വിവിധ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തു. പദ്ധതി നടപ്പാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സ.ഉ.(എം.എസ്) നമ്പർ4/16/ത സ്വ ഭ വ തീയതി 11.01.2016 പ്രകാരമുള്ള സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 3.1 പ്രകാരം ഫലവൃക്ഷങ്ങൾക്കും ഔഷധസസ്യ കൃഷിക്കുമുള്ള വിത്തുകളും തൈകളും ഗ്രാമസഭ വഴി തെരഞ്ഞെടുത്ത നാമമാത്ര കർഷകർക്കും പാട്ടഭൂമിയിൽ കൃഷി നടത്തുന്ന കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കും കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകൾക്കും 75% സബ്സിഡിയോട് കൂടി നൽകാവുന്നതാണ്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തൊഴിലുറപ്പ് പദ്ധതി പ്രകാരം നടത്തുന്ന നഴ്സറിയിലേക്ക് 100% സബ്സിഡിയോട് കൂടി വിത്തുകൾ നൽകാൻ തുക ചെലവഴിച്ചതിന് ആധാരമാക്കിയ സർക്കാർ അനുമതി വിവരം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. നഴ്സറിയിൽ ഉത്പാദിപ്പിച്ച തൈകൾ വിതരണം ചെയ്തതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ പറഞ്ഞ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 1,59,470/-രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-9 ജി.യു.പി.സ്കൂളിൽ നാപ്കിൻ ഇൻസിനറേറ്റർ സ്ഥാപിക്കൽ - അപാകതകൾ

പ്രൊജക്ട് - 193/17, ഉണ്ണികുളം ജി.യു.പി.സ്കൂളിൽ നാപ്കിൻ ഇൻസിനറേറ്റർ സ്ഥാപിക്കൽ

അടങ്കൽ തുക - 40,000/- രൂപ [വികസന ഫണ്ട് (ധനകാര്യകമ്മീഷൻ ഗ്രാന്റ്)]

ചെലവ് തുക - 40,000/- രൂപ [ബിൽ നം.2/13.03.2017]

ഉണ്ണികുളം ജി.യു.പി.സ്കൂളിൽ നാപ്കിൻ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനായി 40,000/- രൂപ മേൽ ബിൽ പ്രകാരം പിൻവലിച്ച് വനിത വികസന കോർപറേഷന് കൈമാറിയിട്ടുണ്ട്. സ്ഥാപനം തുക കൈപ്പറ്റിയതിന്റെ

കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല. തുക കൈമാറി 6 മാസം കഴിഞ്ഞെങ്കിലും ഇതുവരെ ഇൻസിനറേറ്റർ സ്ഥാപിച്ചിട്ടില്ല. ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടിയുടെ വിവരം അറിയിക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 40,000/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-10 തൊഴിലുറപ്പ് പദ്ധതി - വാറ്റ് ഈടാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ നടപ്പിലാക്കിയ 16 മെറ്റീരിയൽ വർക്കുകൾക്ക് ആവശ്യമായ സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത ശ്രീ.പി.വി.അബ്ദുൾമജീദ് എന്ന കരാറുകാരന്റെ ടെണ്ടർ ഭരണസമിതി അംഗീകരിക്കുകയും ചെയ്തു. സാധനസാമഗ്രികൾ വിതരണം ചെയ്തതിന് 13,98,751 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. സാധനങ്ങൾ സപ്ലൈ ചെയ്യുമ്പോൾ ഫോറം 8 ലുള്ള ബിൽ (rule.58, KVAT rules) സമർപ്പിക്കേണ്ടതാണെങ്കിലും കരാറുകാരൻ ബിൽ സമർപ്പിച്ചിട്ടില്ല. വാറ്റ് ബിൽ സമർപ്പിക്കാത്തതിനാൽ KVAT rules പ്രകാരം മേൽ പറഞ്ഞ സാധന സാമഗ്രികൾ വിറ്റ വകയിൽ കരാറുകാരനിൽ നിന്നും താഴെ 14.5% വാറ്റ് ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തികളുടെ ബില്ലിൽ നിന്ന് 4% വാറ്റ് മാത്രമാണ് കുറവ് ചെയ്തത്. കരാറുകാരനിൽ നിന്ന് നിയമാനുസൃത വാറ്റ് ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-11 പശു വളർത്തൽ പദ്ധതി - ഉയർന്ന വരുമാന പരിധിയുള്ളവർക്കും സബ്സിഡി അനുവദിച്ചു.

പദ്ധതി പേര്, നം - ക്ഷീരധാര, 109/16-17

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജ്ജൻ.

അടങ്കൽ തുക – 62,10,000/- (16,10,000/- വികസന ഫണ്ട്, 46,00,000/- ഗുണഭോക്തൃ വിഹിതം)

ചെലവ് തുക - 2,10,000/- ( വികസന ഫണ്ട്), ബിൽ നം, തീയ്യതി - 3/16-17, 30.03.2017

മൃഗസംരക്ഷണം മേഖലയിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പശു വളർത്തൽ പ്രോൽസാഹിപ്പിച്ച്, പാൽ ഉൽപാദനത്തിൽ സ്വയം പര്യാപ്ത കൈവരിക്കുന്നതിനായിട്ടാണ് മേൽ പദ്ധതി രൂപീകരിച്ച് നടപ്പാക്കിയിട്ടുള്ളത്. പദ്ധതി നടപ്പാക്കുന്നതിനായി 204 ഗുണഭോക്താക്കളെ ഗ്രാമസഭ മുഖേന തെരഞ്ഞെടുത്ത് അന്തിമ ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ അർഹത നിശ്ചയിച്ച് മുൻഗണന കണക്കാക്കി 15.11.2016 ലെ ഭരണസമിതി യോഗത്തിൽ അംഗീകരിച്ചു. (തീരുമാന നം.219/16). അന്തിമ ലിസ്റ്റിൽ നിന്നും വാർഡ് അടിസ്ഥാനത്തിൽ 5 ഗുണഭോക്താക്കൾക്ക് മുൻഗണന നൽകും. അന്തിമ ലിസ്റ്റ് തയ്യാറാക്കിയെങ്കിലും 15 പേർക്ക് മാത്രമാണ് 14,000/- രൂപ തോതിൽ സബ്സിഡി അനുവദിച്ചത്. പദ്ധതിയുടെ അനുബന്ധ രേഖകൾ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന തരത്തിൽ അപാകതകൾ കാണുന്നു.

- അനർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു.

11.01.2016 ലെ (എം.എസ്)4/2016/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് അനുബന്ധം.15. ഖണ്ഡിക.2.14 ൽ (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി) ജനകീയാസൂത്രണ പദ്ധതികളിൽ സബ്സിഡി നൽകുമ്പോൾ ഗുണഭോക്താക്കളുടെ അർഹത പരിഗണിക്കുന്നതിന് പാലിക്കേണ്ട നിബന്ധനകൾ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ഖണ്ഡിക (iii)പ്രകാരം 100 ച.മീറ്ററിലധികം വിസ്തീർണ്ണമുള്ള ഓടിട്ടതോ, കോൺക്രീറ്റ് കൊണ്ടുള്ളതോ, രണ്ടും കൂടിയുള്ളതോ ആയ കെട്ടിട ഉടമസ്ഥരെ ഗുണഭോക്താവായി പരിഗണിക്കുവാൻ കഴിയില്ല. എന്നാൽ പ്രസ്തുത നിബന്ധന പാലിക്കാതെ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് പശുവിനെ വാങ്ങുന്നതിനായി സബ്സിഡി അനുവദിച്ചു.

| ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | സബ്സിഡി തുക | സഞ്ചയ സോഫ്റ്റ വെയർ പ്രകാരം ഉടമസ്ഥന്റെ പേരിലുള്ള കെട്ടിടത്തിന്റെ വിശദാംശങ്ങൾ |
|---|---|---|

| | | |
|---|---|---|
| ശ്രീ.പി.കെ.രാജൻ, പാലുള്ളക്കണ്ടി(ഹ), വട്ടോളി ബസാർ (പി.ഒ). | 14,000/- | 22/509 – 14 ച.മീ വാണിജ്യ കെട്ടിടം<br>22/510 – 14 ച.മീ വാണിജ്യ കെട്ടിടം<br>22/513 – 32 ച.മീ വാണിജ്യ കെട്ടിടം<br>22/514 – 100 ച.മീ പാർപ്പിടാവശ്യം കെട്ടിടം |
| ശ്രീ.ജയപ്രകാശ് നാറങ്ങാലത്ത് ഇയ്യാട്, ഉണ്ണികുളം | 14,000/- | 20/556/A – 30 ച.മീ വാണിജ്യ കെട്ടിടം<br>22/557 – 130.52 ച.മീ പാർപ്പിടാവശ്യം കെട്ടിടം |

ഗ്രാമപഞ്ചായത്ത് ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾക്ക് അംഗീകാരം നേടിയ ശേഷം ഗ്രാമസഭകളിലൂടെ മാർക്കടിസ്ഥാനത്തിൽ അർഹത നിശ്ചയിച്ച് മുൻഗണന കണക്കാക്കി വാർഡ് മെമ്പർമാരുടെ നേതൃത്തത്തിൽ തെരഞ്ഞെടുത്തതാണ് മേൽ ഗുണഭോക്തകൾ. സബ്സിഡി മാർഗ്ഗരേഖ അർഹതാ മാനദണ്ഡങ്ങൾ പ്രകാരം അപേക്ഷിക്കാൻ അർഹതയില്ലാത്ത ഗുണഭോക്താക്കൾക്കും പഞ്ചായത്ത് കമ്മറ്റിത്തന്നെ അർഹത, മുൻഗണനാ മാനദണ്ഡം നിശ്ചയിച്ച് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തി. ആയത് നിർവ്വഹണ ഉദ്യോഗസ്ഥനും പരിശോധിച്ചില്ല.

- <u>ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെ അപാകതകൾ</u>

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഗുണഭോക്താക്കളെ ലക്ഷ്യമിട്ട നടപ്പാക്കുന്ന പദ്ധതികളിൽ ഗ്രാമസഭകളുടെ പങ്ക്, ജനപങ്കാളിത്തം, ഗുണഭോക്തൃ തെരഞ്ഞെടുപ്പ് തുടങ്ങിയവയുടെ സുതാര്യത ഉറപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് 02.09.1998 ലെ (പി)നം.181/98/ത.സ്വ.ഭ., 09.07.1999ലെ (പി) നം.138/99 /ത.സ്വ.ഭ.വ എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ വിശദമായ മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിലാവണം ഗുണഭോക്താക്കൾക്ക് വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള സബ്സിഡി, സർക്കാരുകളിൽ നിന്നും ലഭിക്കുന്ന മറ്റ് ആനുകൂല്യങ്ങൾ അനുവദിക്കേണ്ടത്. എന്നാൽ മേൽ പദ്ധതിക്കായി ഗുണഭോക്താവിനെ തെരഞ്ഞെടുത്തതിൽ പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ, സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, സർക്കുലറിലുകൾ എന്നിവയിലെ നിർദ്ദശങ്ങൾ പാലിക്കുന്നതിൽ പഞ്ചായത്ത് അധികാരികൾ വീഴ്ച വരുത്തി.
2. ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംബന്ധിച്ച് വ്യാപകമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്താതെ ഗുണഭോക്തൃ തെരഞ്ഞെടുപ്പിനായുള്ള ഗ്രാമസഭയിൽ അപേക്ഷ ഫോറങ്ങളും മാനദണ്ഡങ്ങളും വിതരണം ചെയ്താണ് പദ്ധതികൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ആയതിനാൽ തന്നെ ഓരോ വാർഡിലെയും മുഴുവൻ ആളുകൾക്കും പദ്ധതി സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ ലഭിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞില്ല.
3. അപേക്ഷിക്കാൻ അർഹതയില്ലാത്തവരുടെ അപേക്ഷകൾ കാരണം രേഖപ്പെടുത്തി ഗ്രാമസഭയിൽ വായിച്ച് അംഗീകാരം വാങ്ങുന്നില്ല.
4. ഗ്രാമസഭകളിൽ അംഗീകരിച്ച മുൻഗണന ലിസ്റ്റുകൾ കൺവീനർ, ചെയർമാൻ, കോ-ഓഡിനേറ്റർ, പഞ്ചായത്ത് സെക്രട്ടറി, പരിശോധന സമിതിയംഗങ്ങൾ, നിർവഹണ ഉദ്യോഗസ്ഥർ എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
5. വാർഡ് അടിസ്ഥാനത്തിൽ അന്തിമ ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കി.
6. ഗുണഭോക്താക്കൾ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നാമനിർദ്ദേശം ചെയ്തത് സബ്കമ്മിറ്റി രൂപീകരിച്ചില്ല. ആയതിനാൽ തന്നെ അപേക്ഷ ഫോറങ്ങളുടെ പരിശോധന, ശരിയായ തരത്തിലുള്ള മാർക്ക് നൽകൽ എന്നിവയുടെ ആധികാരികതയും സുതാര്യതയും ഉറപ്പുവരുത്താൻ കഴിഞ്ഞില്ല.

സബ്സിഡി മാർഗ്ഗരേഖയിലെ നിബന്ധനകൾ പ്രകാരം അർഹതയില്ലാത്ത ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചത് ഓഡിറ്റിൽ അംഗീകരിക്കാവുന്നതല്ല. ആയതിനാൽ അനർഹമായി അനുവദിച്ച സബ്സിഡി തുക 28,000/- രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-12 കിടപ്പിലായ രോഗികൾക്ക് റേഡിയോ വിതരണം.

പ്രോജക്റ്റ് നം - 275/16-17

അടങ്കൽ തുക – 2,00,000/- (വികസന ഫണ്ട്. )

ചെലവ് തുക – 2,00,000/- [ബിൽ നം.7/16-17, 30.03.2017]

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (ആരോഗ്യം)

ഗ്രാമപഞ്ചായത്ത് പരിധിയിലെ കിടപ്പിലായ രോഗികൾക്ക് റേഡിയോ വിതരണം നടത്തുന്നതിനായിട്ടാണ് മേൽ പദ്ധതി രൂപീകരിച്ച് നടപ്പാക്കിയിട്ടുള്ളത്. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി 225 എഫ്.എം.റേഡിയോ 'ഓഡിയോ ഇലക്ട്രിക്കൽസ്, മാവൂർ റോഡ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| 225 x 786 | 1,76,850.00 |
| Vat 14.5% | 25,643.25 |
| ആകെ | 2,02,493.25 |
| (-) അഡ്ജസ്റ്റ് ചെയ്ത തുക | 2,493.25 |
| ബാലൻസ് | 2,00,000.00 |

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. 11.01.2016 ലെ (എം.എസ്)4/2016/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ, അനുബന്ധം.15,ഖണ്ഡിക.3.9.1) സബ്സിഡി നൽകാൻ അനുവാദമില്ലാത്ത ഇനങ്ങൾ ഏതെല്ലാമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത പട്ടിക ക്രമ നം.4 പ്രകാരം റേഡിയോ നൽകുന്നതിന് അനുവാദമില്ല.
2. 1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166 (1) പട്ടിക – 3 പ്രകാരം ആരോഗ്യ മേഖലയിൽ ഗ്രാമപഞ്ചായത്തിന്റെ നേതൃത്ത്വതിൽ നടപ്പാക്കേണ്ട ചുമതലകൾ ഏതെല്ലാമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മേൽ ചുമതലകളിൽ നിന്ന് വ്യതിചലിച്ചാണ് കേരള സാമൂഹ്യ സുരക്ഷ മിഷന്റെ ചുമതലയിൽ വരുന്ന പ്രവർത്തനങ്ങൾക്ക് സമാനമായി പദ്ധതി നടപ്പാക്കിയത്.
3. പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ, ഖണ്ഡിക.4 പ്രകാരം തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയിൽ നിക്ഷിപ്തമല്ലാത്തതും, തദ്ദേശ ഭരണ സ്ഥാപനത്തെ സർക്കാർ ഏൽപ്പിച്ചിട്ടില്ലാത്ത പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതില്ല എന്ന് നിർദ്ദേശ്ശിച്ചിട്ടുണ്ടെങ്കിലും മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല.
4. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 3എ(സി) പ്രകാരം പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതികൾ നടപ്പാക്കുമ്പോൾ നിശ്ചയിക്കപ്പെട്ട മാനദണ്ഡങ്ങൾക്കനുസരിച്ച് മുൻഗണന ക്രമത്തിൽ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമാക്കി പഞ്ചായത്തുകൾക്ക് നൽകേണ്ടത് ഗ്രാമസഭകളാണ്. ഗുണഭോക്താക്കളെ അവരുടെ അർഹത മാനദണ്ഡങ്ങൾക്കനുസരിച്ച് തെരഞ്ഞെടുക്കേണ്ട ചുമതലയും ഗ്രാമസഭകൾക്കാണ്. 02.09.1998ലെ181/98 /ത.സ്വ.ഭ.വ നമ്പർ ഉത്തരവിലൂടെ ജനകീയാസൂത്രണ പദ്ധതികളിൽ പഞ്ചായത്തുകൾ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് സർക്കാർ മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ മേൽ നിയമത്തിൽ

അനുശാസിച്ച പ്രകാരമോ, സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെയുമാണ് പദ്ധതിക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരിക്കുന്നത്. പഞ്ചായത്ത് രാജ് നിയമം പ്രകാരം ജനകീയാസൂത്രണ പദ്ധതികൾ നടപ്പിലാക്കേണ്ടത് ഗുണഭോക്താക്കളെ ഗ്രാമസഭകൾ വഴി മുൻകൂട്ടി തെരഞ്ഞെടുത്താവണം.

5. 08.11.2010 ലെ (പി)259/2010/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലൂടെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടേയും കൈമാറികിട്ടിയ സ്ഥാപനങ്ങളുടേയും ഉപയോഗത്തിനു വേണ്ടി സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോൾ പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം 1,00,000/- രൂപയിൽ കൂടുതൽ മതിപ്പു വില വരുന്ന പർച്ചേയ്സുകൾക്കുള്ള ടെണ്ടറുകൾ വ്യാപകമായ പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും, മലയാള ദിനപത്രത്തിലും പരസ്യം ചെയ്യണം. എന്നാൽ പത്രങ്ങളിൽ പരസ്യം ചെയ്തതിന്റെയും, ടെണ്ടർ നടപടികൾ സ്വീകരിച്ചതിന്റെയും നടപടികൾ സ്വീകരിച്ചത് ഫയലിൽ ലഭ്യമാക്കിയിട്ടില്ല.
6. കേരള സ്റ്റോർ പർച്ചേഴ്സ് മാന്വൽ ഖണ്ഡിക 11(1) പ്രകാരം സാങ്കേതിക സ്വഭാവമുള്ള ഉപകരണങ്ങൾ വാങ്ങുമ്പോൾ, ആയതിന്റെ ഗുണമേന്മ സാങ്കേതിക യോഗ്യതയുള്ള ആൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തണം. എന്നാൽ അപ്രകാരമുള്ള സാക്ഷ്യപത്രമില്ലാതെയാണ് പണം നൽകിയിട്ടുള്ളത്.
7. കേരള സ്റ്റോർ പർച്ചേഴ്സ് മാന്വൽ ഖണ്ഡിക 9.18(1) പ്രകാരം ടെണ്ടർ നൽകിയ സ്ഥാപനം അറിയപ്പെടുന്നതല്ലെങ്കിൽ ടെണ്ടർ സ്ഥിരീകരിച്ച് ഓർഡർ നൽകുന്നതിന് മുമ്പ് സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതിയെ കുറിച്ച് ഉറപ്പ് വരുത്താൻ പർച്ചേഴ്സ് ഓഫീസർ ബാധ്യസ്ഥനാണ്. സ്ഥാപനം സമർപ്പിച്ച ബിൽ പ്രകാരം മേൽ സ്ഥാപനത്തിന് റേഡിയോ പോലുള്ള ഉപകരണങ്ങൾ വിൽപ്പന നടത്തുന്നതിനായി അംഗീകാരം ലഭ്യമായിട്ടില്ല.
8. റേഡിയോ വിതരണം നടത്തിയ രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

മേൽ വിവരിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി 13.09.2017 ന് നിർവ്വഹണ ഉദ്യോഗസ്ഥന് ഓഡിറ്റ് അന്വേഷണകുറിപ്പ് നൽകിയെങ്കിലും (നം.08/16-17) മറുപടി ലഭ്യമാക്കിയില്ല. 23.12.1995 ലെ (പി)566/95/ആ.കു.വ നം. ഉത്തരവിലൂടെ സർക്കാരിൽ നിക്ഷിപ്തമായിരുന്ന ആരോഗ്യ മേഖലയിലെ ചുമതലകളും, സ്ഥാപനങ്ങളും, പദ്ധതികളും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ വിവരിച്ച മാർഗ്ഗരേഖയിലോ, പഞ്ചായത്ത് രാജ് നിയമത്തിലോ മറ്റ് വിഭാഗങ്ങളുടെ ചുമതലയിൽപെട്ട ഇനങ്ങൾ നടപ്പാക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടില്ല.

17.06.1999 ലെ 26139/പി.3/99/ത.ഭ.വ നം സർക്കുലറിലൂടെ ആതുരശുശ്രൂഷ എന്ന പരമ പ്രധാനമായ കടമ നിർവ്വഹിക്കുവാൻ ബാദ്ധ്യസ്ഥരായ മെഡിക്കൽ ഓഫീസർമാർ മേഖലയുമായി ബന്ധമില്ലാത്ത ജോലികൾ ഏറ്റെടുക്കേണ്ടതില്ല എന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾ പരിഗണിച്ച് പദ്ധതികൾ തയ്യാറാക്കേണ്ട ഉദ്യോഗസ്ഥർ തങ്ങളുടെ പ്രവർത്തന മേഖലയിൽപെടാത്ത ഇനങ്ങൾക്ക് പദ്ധതി രൂപീരിച്ച് നടപ്പാലാക്കേണ്ടതില്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി നടപ്പാക്കിയതിന്റെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കാവുന്നതല്ല. ചെലവഴിച്ച തുക 2,00,000/- രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും പദ്ധതിക്ക് അംഗീകാരം നൽകിയ ഉദ്യോഗസ്ഥനിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-13 സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ വയോജനക്ഷേമ പദ്ധതി.

പ്രോജക്ട് പേര്, നം - വയോജനക്ഷേമ പദ്ധതി, 118/16-17

അടങ്കൽ തുക – 4,09,000/- (വികസന ഫണ്ട്. )

ചെലവ് തുക – 4,09,000/- [ബിൽ നം.6/16-17, 30.03.2017]

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (ആരോഗ്യം)

ഗ്രാമപഞ്ചായത്ത് പരിധിയിലെ വൃദ്ധരായ ജനങ്ങളുടെ ശാരീരികവും, മാനസികവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായിട്ടാണ് മേൽ പദ്ധതി രൂപീകരിച്ച് നടപ്പാക്കിയിട്ടുള്ളത്. പദ്ധതി നടപ്പാക്കുന്നതിനായി

ടെണ്ടർ മുഖേന മരുന്നുകൾ ലഭ്യമാക്കി പഞ്ചായത്ത് പകൽ വീട് കേന്ദ്രീകരിച്ച് വൃദ്ധജനങ്ങളുടെ രക്ത പരിശോധന നടത്തി പ്രഷർ, ഡയബറ്റിക് തുടങ്ങിയ രോഗനിർണ്ണയങ്ങൾ നടത്തിയിട്ടുണ്ട്. ഇതിനായി ലഭ്യമാക്കിയ മരുന്നുകളുടേയും, ഉപകരണങ്ങളുടേയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഇനം | യൂണിറ്റ് വില | ആകെ യൂണിറ്റ് | ആകെ വില |
|---|---|---|---|---|
| 1 | Cholestrol Checking Machine | 5200.00 | 8 | 41,600.00 |
| 2 | Gulcometer Strip-100 | 1409.75 | 80 | 1,12,780.00 |
| 3 | B.P Apparatus | 2000.00 | 12 | 24,000.00 |
| 4 | Sethascope | 524.00 | 9 | 4,716.00 |
| 5 | Cholestrol Strip | 92.40 | 2170 | 2,00,508.00 |
| 6 | Gulcometer | 742.90 | 8 | 5,943.20 |
| | | | Total | 3,89,547.20 |
| | | | Vat 5% | 19,477.36 |
| Rounded to 4,09,000/- | | | | 4,09,024.56 |

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. 11.01.2016 ലെ (എം.എസ്)4/2016/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ, അനുബന്ധം.12, ഖണ്ഡിക.11.7) ആരോഗ്യ മേഖലയിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ, ബോധവൽക്കരണ പരിപാടികൾ, സർവ്വേകൾ, മറ്റ് വിവര ശേഖരണങ്ങൾ തുടങ്ങിയവ നടത്തേണ്ടത് ആരോഗ്യ വകുപ്പിലെ ഫീൽഡ് ജീവനക്കാർ, ആശാവർക്കർമാർ എന്നിവരിലൂടെയും എൻ.ആർ.എച്ച്.എം പരിപാടികൾ ഉപയോഗപ്പെടുത്തിയുമാണ്.
2. 23.12.1995 ലെ (പി)566/95/ആ.ക.വ നം. ഉത്തരവിലൂടെ ആരോഗ്യ വകുപ്പിൽ നിക്ഷിപ്തമായിരുന്ന ചുമതലകളും, സ്ഥാപനങ്ങളും, പദ്ധതികളും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത് അധികാര – അവകാശങ്ങൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. (ഭരണപരവും, സാമ്പത്തികവുമായ അധികാരങ്ങൾ). സമൂഹത്തിലെ അവശതയനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ സാമൂഹ്യ ശാക്തീകരണ പദ്ധതികൾ നടപ്പാക്കുന്നതിനായിട്ടാണ് സർക്കാർ കേരള സാമൂഹ്യ സുരക്ഷ മിഷൻ രൂപീകരിച്ചിട്ടുള്ളത്. പ്രസ്തുത വിഭാഗം നടത്തുന്ന വയോമിത്രം പദ്ധതിയിലൂടെ സംസ്ഥാനത്തെ രോഗികകളായ മുതിർന്ന പൌരൻമാർക്ക് നൽകുന്ന സൌജന്യ ചികിൽസയും, മരുന്ന് വിതരണവും ലഭ്യമാക്കുന്നുണ്ട്. പദ്ധതി നടപ്പാക്കുന്നതിനായി എല്ലാ വർഷവും പഞ്ചായത്ത് വിഹിതം സാമൂഹ്യ മിഷന് ലഭ്യമാക്കുന്നുണ്ട്. ഓഡിറ്റ് വർഷത്തിലും സാമൂഹ്യ മിഷന് പണം ലഭ്യമാക്കിയിട്ടുണ്ട്. (പ്രൊ.നം.264/16-17). മേൽ വിഭാഗം നടപ്പാക്കുന്ന പദ്ധതികൾക്ക് സമാനമായിട്ടാണ് ഗ്രാമപഞ്ചായത്തും പദ്ധതി രൂപീകരിച്ച് നടപ്പാക്കിയത്. പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി (പുതുക്കിയ) മാർഗ്ഗരേഖ, ഖണ്ഡിക.4 പ്രകാരം തദ്ദേശ ഭരണ സ്ഥാപനത്തെ സർക്കാർ ഏൽപ്പിച്ചിട്ടില്ലാത്ത പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പരിഗണിക്കാതെയാണ് ആവർത്തനമായി പദ്ധതി നടപ്പാക്കിയത്.

സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി നടപ്പാക്കിയതിന്റെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കാവുന്നതല്ല. ചെലവഴിച്ച തുക 4,09,000/- രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും പദ്ധതിക്ക് അംഗീകാരം നൽകിയ ഉദ്യോഗസ്ഥനിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-14 ഔഷധിയിൽ നിന്നും മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല

പ്രോജക്റ്റ് പേര്, നം – ആയുർവേദ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നു വാങ്ങൽ, എസ് 0140/17

അടങ്കൽ – 4,00,000/-
ചെലവ് - 4,00,000/-ബിൽനം-1/2016-17/24.1.17(DDno:595054/25.1.2017)

ആയുർവേദ ആശുപത്രിയ്ക്കു മരുന്നു വാങ്ങൽ എന്ന പദ്ധതിയ്ക്കായി ഔഷധിയ്ക്ക് 4,00,000/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥ കൈമാറിയിട്ടുണ്ടെങ്കിലും 3,86,149/-രൂപയുടെ മരുന്നു മാത്രമേ ഔഷധിയിൽ നിന്നും ലഭിച്ചിട്ടുള്ളൂ. ബാക്കി 13,851/-രൂപയുടെ മരുന്നു ഓഡിറ്റ് നടക്കുന്ന സമയത്തും ലഭിച്ചിട്ടില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. 01.07.2017 മുതൽ ജി.എസ്.ടി നിലവിൽ വന്നതിനാൽ ബാക്കി വരുന്ന മരുന്നിനു നികുതി അധികം ഈടാക്കുന്നത് ഒഴിവാക്കി എഗ്രിമെന്റ് പ്രകാരം മുഴുവൻ തുകയ്ക്കും മരുന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിയ്ക്കേണ്ടതാണ്.

## 3-15 എൽ.ഇ.ഡി. തെരുവ് വിളക്കുകൾ സ്ഥാപിച്ചതിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പദ്ധതി പേര്, നം. - വിവിധ അങ്ങാടികളിൽ എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ, 254/16-17

അടങ്കൽ തുക – 3,00,000/- (ലോക ബാങ്ക് ധനസഹായം)

ചെലവ് തുക – 3,00,000/- ( ബിൽ നം. 22/16-17, 23.03.2017)

ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ 30 എണ്ണം 100 W എൽ.ഇ.ഡി തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന് ഓഡിറ്റ് വർഷം പദ്ധതി നടപ്പാക്കിയിട്ടുണ്ട്. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രവൃത്തിക്ക് എൽ.ഇ.ഡി. വിളക്കുകൾ വാങ്ങുന്നതിനായി 13.01.2017 ന് ടെണ്ടർ ക്ഷണിക്കുകയും (നോട്ടീസ് നം.എ.3/3536/14) 25.01.2017 ന് ടെണ്ടർ അപേക്ഷ സ്വീകരിച്ച് വിജയിയെ തെരഞ്ഞെടുത്തു. 2 ഏജൻസികൾ മാത്രം പങ്കെടുത്ത ടെണ്ടറിൽ 'അലുമിന ഇലക്ട്രോണിക്സ്, കക്കാടംപൊയിൽ' എന്ന സ്ഥാപനം വിജയിയായി. 07.02.2017 ലെ ഭരണസമിതി യോഗത്തിൽ വിതരണ ഏജൻസിയെ ഭരണസമിതി അംഗീകരിച്ചു [തീരുമാനം നം.30/17(2)]. ആയതിന്റെ അടിസ്ഥാനത്തിൽ സപ്ലൈ ഓർഡർ നൽകുകയും (നം.3/16-17, 14.02.2017) സ്ഥാപനം താഴെ പറയുന്ന തരത്തിൽ എൽ.ഇ.ഡി. വിളക്കുകൾ സപ്ലൈ ചെയ്തു.

| ഇനം | എണ്ണം | യൂണിറ്റ് വില | ആകെ വില |
|---|---|---|---|
| 100 വാട്ട് എൽ.ഇ.ഡി തെരുവ് വിളക്കുകൾ (ആട്ടോമാറ്റിക്) | 30 | 9609.52 | 288285.60 |
| വാറ്റ് 5% | | | 14414.28 |
| ആകെ | | | 302699.88 |
| കുറവ് വരുത്തിയത് (-) | | | 2699.28 |
| ആകെ വില | | | 3,00,000.00 |

പദ്ധതിയുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. 15.09.2011 ലെ 3055/ഡി.എ3/2011/ത.സ്വ.ഭ.വ നമ്പർ സർക്കുലറിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ പരിധിയിലുള്ള തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണിയും, സംരക്ഷണവും നടത്തേണ്ടതിന് വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ മാർഗ്ഗരേഖ പ്രകാരം പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കേണ്ടത് നിലവിലുള്ള സ്റ്റോർ പർച്ചേയ്സ് നിയമങ്ങൾ ബാധകമാക്കി കൊണ്ട് ടെണ്ടറിങ്ങ് സംവിധാനം വഴി കരാർ ചമച്ച് ആന്വൽ മെയിന്റനൻസ് കോൺട്രാക്ടിലൂടെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഉൾപ്പടെയുള്ള ഏജൻസികൾക്ക് നൽകാവുന്നതാണ്. (27.03.2012 ലെ 67208/ഡി.എ3 /2011/ത.സ്വ.ഭ.വ നം സർക്കുലർ കൂടി പരിശോധിക്കുക).

   കേരളത്തിൽ നിലവിൽ തെരുവ് വിളക്കുകളുടെ റിപ്പയറും മെയിന്റനൻസും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ മേൽ നോട്ടത്തിലും അവർ നിശ്ചയിക്കുന്ന നിരക്കിലുമാണ് നടത്തി വരുന്നത്. ആയതിനാൽ തന്നെ അറ്റകുറ്റപ്പണിയും വിപുലീകരണവും നടത്തുമ്പോൾ കെ.എസ്.ഇ.ബി. അധികാരികളുമായി സംയുക്ത പരിശോധന നടത്തി വേണം വൈദ്യുതീകരണ പദ്ധതികൾ നടപ്പാക്കേണ്ടത്. പ്രവർത്തികൾക്ക് ഉപയോഗിക്കുന്ന സാമഗ്രികൾ ഐ.എസ്.ഐ നിലവാരത്തിലുള്ളതും, നിരക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ നിരക്കിനേക്കാൾ അധികരിക്കാനും പാടില്ല. എന്നാൽ മേൽ പദ്ധതിക്ക് എസ്റ്റിമേറ്റ്

തയ്യാറാക്കാതെയും, സാധന സാമഗ്രികൾ കെ.എസ്.ഇ.ബി. നിരക്കിനേക്കാൾ അധികരിച്ചിട്ടാണോ രേഖപ്പെടുത്തിയത് എന്നും ഉറപ്പ് വരുത്തിയില്ല.

2. 08.11.2010ലെ (പി)259/2010/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലൂടെ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ മാർഗ്ഗരേഖ പ്രകാരം സാധനങ്ങൾ സമാഹരിക്കുമ്പോൾ താഴെ പറയുന്ന നടപടിക്രമങ്ങൾ നിർബന്ധമായും പാലിക്കണം.

   "വാങ്ങേണ്ടിയിരുന്ന സാധനങ്ങളുടേയും സേവനങ്ങളുടേയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ഉചിതമായ നടപടിക്രമമനുസരിച്ച് വാങ്ങൽ നടപടി ആരംഭിക്കുകയും ചെയ്യുക"

   "നിരക്കുകൾ താരതമ്യം ചെയ്ത് വാർഷിക പദ്ധതി നിർവ്വഹണത്തിന് പരമാവധി നേട്ടമുണ്ടാക്കുന്ന തരത്തിൽ വാങ്ങുക".

   "1,00,000/- രൂപയിൽ കൂടുതൽ മതിപ്പ് വില വരുന്ന പർച്ചേയ്സുകൾക്കുള്ള ടെണ്ടറുകൾ വ്യാപകമായ പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും, മലയാള ദിനപത്രത്തിലും പരസ്യം ചെയ്യണം."

   എന്നാൽ പ്രസ്തുത നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ഫയലിൽ ചേർത്തിട്ടില്ല.

3. ഇന്ത്യയിൽ എൽ.ഇ.ഡി. തെരുവ് വിളക്കുകൾ നിർമ്മിച്ച് വിതരണം നടത്തുന്ന വിവിധ കമ്പനികളുടെ ഔദ്യോഗിക വെബ്സൈറ്റുകൾ പരിശോധിച്ച് ഓഡിറ്റിൽ നിന്നും ശേഖരിച്ച പ്രൈസ് ലിസ്റ്റ് പ്രകാരം 4,599/-രൂപ നിരക്കിൽ ISI അംഗീകരത്തോടെയുള്ള കമ്പനികളുടെ എൽ.ഇ.ഡി. തെരുവ് വിളക്കുകൾ (Wipro - 100W) ലഭ്യമാകും. പൊതു കമ്പോളത്തിലെ നിരക്കുകൾ താരതമ്യം ചെയ്യാതെയും, പരിശോധിക്കാതെയുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉയർന്ന നിരക്കിൽ വിതരണം നടത്തുന്ന 'അലുമിന ഇലക്ട്രോണിക്സ്, കക്കാടംപൊയിൽ' എന്ന സ്ഥാപനത്തിൽ നിന്നും എൽ.ഇ.ഡി. തെരുവ് വിളക്കുകൾ വാങ്ങിയത്. ചെലവഴിച്ച തുകയെക്കാൾ വളരെ കുറഞ്ഞ നിരക്കിൽ പൊതു കമ്പോളത്തിൽ നിന്ന് വിപുലമായ ടെണ്ടർ നടപടികളിലൂടെ വാങ്ങാവുന്ന സാഹചര്യം ഒഴിവാക്കിയത് കൊണ്ട് പദ്ധതിക്കായി പൊതു പണം അധികം ചെലവഴിക്കേണ്ടി വന്നു.

4. 15.09.2011 ലെ മാർഗ്ഗരേഖ പ്രകാരം (ഖണ്ഡിക.2.ബി) തെരുവ് വിളക്കുകൾ അനുബന്ധിത വസ്തുക്കൾ തുടങ്ങിയവ സ്ഥാപിക്കാനുദ്ദേശിക്കുന്ന പ്രദേശം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലേയും, കെ.എസ്.ഇ.ബി.യിലേയും അധികാരികൾ സംയുക്ത പരിശോധന നടത്തി ടെണ്ടർ രേഖകളിൽ വ്യക്തമായി പരാമർശിക്കേണ്ടതുമാണ്. തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന പ്രദേശത്തിന്റെ സെറ്റ് പ്ലാൻ, ലൊക്കേഷൻ പ്ലാൻ എന്നിവ ഫയലിൽ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. കൂടാതെ എൽ.ഇ.ഡി.തെരുവ് വിളക്കുകൾ സ്ഥാപിച്ച പ്രദേശങ്ങളിൽ മുൻകാലങ്ങളിൽ സ്ഥാപിച്ച തെരുവ് വിളക്കുകളുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടില്ല.

5. ഖണ്ഡിക.2.(സി) പ്രകാരം കരാർ രേഖകളിൽ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികളുടെ 36 മാസത്തേക്കുള്ള നഷ്ടപരിഹാരം സംബന്ധിച്ച വിവരങ്ങൾ കരാറുകാരൻ ത്രൈമാസികമായി രേഖപ്പെടുത്തിയിരിക്കണം. ഇപ്രകാരം സൂചിപ്പിച്ച നിരക്കിൽ തെരുവ് വിളക്കുകളുടെ സ്പെയർ പാർട്ട്സുകൾക്കും, തൊഴിൽകൂലിക്കും ആവശ്യമായ തുക കൂടി വകയിരുത്തണം. എന്നാൽ എ.എം.സി. സംബന്ധിച്ച വിവരങ്ങൾ കരാറിൽ പരാമർശിച്ചില്ല.

6. ക്ഷമതയുള്ള അധികാരികളിൽ നിന്ന് സാങ്കേതികാനുമതി വാങ്ങിയില്ല

   കേരള സ്റ്റോർ പർച്ചേഴ്സ് മാന്വൽ ഖണ്ഡിക 11(1) പ്രകാരം സാങ്കേതിക സ്വഭാവമുള്ള ഉപകരണങ്ങൾ വാങ്ങുമ്പോൾ, ആയതിന്റെ ഗുണമേന്മ സാങ്കേതിക യോഗ്യതയുള്ള ആൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തണം. എന്നാൽ അപ്രകാരമുള്ള സാക്ഷ്യപത്രമില്ലാതെയാണ് പർച്ചേയ്സ് നടത്തിയത്.

7. 2014 ലെ കേരള ഇല്ക്ട്രിസിറ്റി സപ്ലൈ കോഡ്, ഖണ്ഡിക.102 (6) പ്രകാരം പുതിയ തെരുവ് വിളക്കുകൾ സ്ഥാപിക്കുമ്പോൾ ആയവ എല്ലാം തന്നെ മീറ്ററിംഗ് സംവിധാനത്തോടെയാവണം സ്ഥാപിക്കേണ്ടത്. എന്നാൽ പ്രസ്തുത സംവിധാനം ഇല്ലാതെയാണ് തെരുവ് വിളക്കുകൾ സ്ഥാപിച്ചത്.

അപാകതകൾ പരിശോധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവഴിച്ച തുക 3,00,000/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-16 ഓഫീസ് വയറിംഗ് വിപുലീകരണ പ്രവൃത്തികൾ നടപ്പാക്കിയില്ല.

പ്രോജക്ട് നം :265/17,

നിർവ്വഹണം : സെക്രട്ടറി

അടങ്കൽ തുക : 4,75,000/- (വികസന ഫണ്ട്)

ചെലവ് തുക : 4,75,000/- (ബിൽ നം - 21/16-17, 22.03.2017)

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ വയറിംഗ് തകരാർ പരിഹരിക്കുന്നതിനായി റീവയറിംഗ് നടത്തുന്നതിനായിട്ടാണ് പദ്ധതി രൂപീകരിച്ചത്. മേൽ പ്രവൃത്തി നിർവ്വഹണം നടത്തുന്നതിന് കേരള പൊതുമരാമത്ത് (ഇലക്ട്രിക്കൽ) വിഭാഗത്തിനെ ഏൽപ്പിക്കുന്നതിനായി തീരുമാനിച്ചു. തീരുമാനത്തിന്റെ പകർപ്പ് ഫയലിൽ ലഭ്യമാക്കിയിട്ടില്ല. 25.05.2016 ലെ എ.3/100/16 നമ്പർ കത്തിലൂടെ പദ്ധതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി തരണമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ പൊതു മരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗം അസി. എക്സിക്യൂട്ടീവ് എൻജിനീയറോട് അപേക്ഷിച്ചു. ആയതിന്റെയടിസ്ഥാനത്തിൽ അസി. എക്സിക്യൂട്ടീവ് എൻജിനീയർ 23/06/2016 ന് നമ്പർ ഇ.എൽ.2-970/16 നം കത്തിനോടൊപ്പം എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുകയും തുക ഡെപ്പോസിറ്റായി നിക്ഷേപിക്കുവാനും അറിയിച്ചു. 22.02.2017 ന് ട്രഷറിയിൽ നിന്നും 4,75,000/- രൂപ പിൻവലിച്ച് കേരള പൊതുമരാമത്ത് വകുപ്പ് അസി.എക്സി.എൻജിനീയറുടെ പേരിൽ ട്രഷറിയിൽ നിക്ഷേപിച്ചു. എന്നാൽ ഓഡിറ്റ് കാലയളവ് വരേയും പ്രവൃത്തി ആരംഭിച്ചില്ല.

1996 കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങൾ, ചട്ടം 6(3) പ്രകാരം പഞ്ചായത്തിലെ ഏതെങ്കിലും പണിയുടെ നിർവ്വഹണത്തിനോ, സാധനങ്ങൾ സംഭരിച്ച കൊടുക്കുന്നതിനോ, സേവനം ലഭ്യമാക്കുന്നതിനോ ഉള്ള സംഗതിയിൽ ആയിരം രൂപയിൽ കവിയുന്ന ചെലവ് വരുകയാണെങ്കിൽ അതിനു വേണ്ടിയുള്ള കരാറുകൾ രേഖാമൂലമായിരിക്കേണ്ടതും, ആ കരാറിൽ ചെയ്യേണ്ട ജോലിയുടെ വിശദ വിവരം ലഭ്യമാക്കുന്ന സേവനം ഏത് പ്രകാരത്തിലും ഏത് കാലയളവിൽ വരെ ആയിരിക്കണമെന്ന വിവരം, ജോലി പൂർത്തികരിക്കേണ്ട തീയതി എന്നിവ അതത് സംഗതി പോലെ വ്യക്തമായി പറഞ്ഞു കൊണ്ട് തയ്യാറാക്കണം. എന്നാൽ പ്രസ്തുത തരത്തിലുള്ള കരാർ തയ്യാറാക്കാതെയാണ് തുക അനുവദിച്ചത്. പ്രവൃത്തി നിർവ്വഹണ കാലാവധി നിർണ്ണയിച്ച് കൃത്യമായ കരാറിലേർപ്പെടാതിരുന്നതിനാൽ പദ്ധതി നടത്തിപ്പ് അകാരണമായി നീട്ടികൊണ്ടു പോകുന്നതിനെതിരെ നടപടികൾ സ്വീകരിക്കുവാൻ പഞ്ചായത്തിനും സാധിക്കില്ല. നിലവിൽ രാജ്യത്ത് 2017 മുതൽ ജി.എസ്.ടി. നിരക്കുകൾ ബാധമാക്കിയതിനാൽ പദ്ധതിക്കായി നിശ്ചയിച്ച എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കാതെ വരും. ഇത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നും വന്ന വീഴ്ചയാണ്. ഏറ്റെടുത്ത പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ അകാരണമായ കാലതാമസം വരുത്തുന്നത് നിർമ്മാണ ചെലവ് വർദ്ധിപ്പിക്കുന്നതിനെ ഉപകരിക്കു. ആയതിനാൽ നിർവ്വഹണ ഏജൻസിക്ക് അനുവദിച്ച തുകയിൽ വർദ്ധനവ് വരുത്താതെയും, നിലവിൽ അംഗീകരിച്ച് എസ്റ്റിമേറ്റൽ മാറ്റം വരുത്താതെയും നിർമ്മാണം കാലതാമസം കൂടാതെ തീർക്കേണ്ടതാണ്. പ്രവൃത്തിയുടെ നിർമ്മാണം പൂർത്തീകരിച്ച് ഓഡിറ്റിൽ അറിയിക്കുന്നത് വരെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-17 തെരുവ് വിളക്ക് റിപ്പയർ പദ്ധതി നടത്തിപ്പിലെ അപാകതകൾ.

നിർവ്വഹണം - സെക്രട്ടറി

പ്രൊജക്ട് നം - 07/16-17

അടങ്കൽ തുക – 1,15,955/- (തനത് ഫണ്ട്)

ചെലവ് തുക – 56,037/-

[ചെക്ക് നം.742749, 18.07.2016 – (30,000/- രൂപ), 742747, 18.07.2016 (26,037/0രൂപ)]

കരാറുകാരൻ - ശ്രീ.സുധാകരൻ.ഇ, മൈത്രി ഇലക്ട്രിക്കൽസ്, അറപ്പീടിക, ബാലുശ്ശേരി

പഞ്ചായത്ത് പരിധിയിലെ വിവിധ വാർഡുകളിലെ തെരുവ് വിളക്കുകൾ പ്രവർത്തന ക്ഷമമല്ലാത്തതിനാൽ അറ്റകുറ്റപ്പണി നടത്തുന്നതിനായി മേൽ വിവരിച്ച പ്രൊജക്ട് പ്രകാരം 56,037/- രൂപയുടെ ഇലക്ട്രിക്കൽ ഉപകരണങ്ങൾ അനുബന്ധ സാധനങ്ങൾ വാങ്ങുകയും (വാറ്റ് ഉൾപ്പടെ), അറ്റകുറ്റപ്പണി നടത്തുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. 15.09.2011 ലെ 3055/ഡി.എ3/2011/ത.സ്വ.ഭ.വ നമ്പർ സർക്കുലറിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ പരിധിയിലുള്ള തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണിയും, സംരക്ഷണവും നടത്തേണ്ടതിന് വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ മാർഗ്ഗരേഖ പ്രകാരം പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കേണ്ടത് ടെണ്ടറിങ്ങ് സംവിധാനം വഴി കരാർ ചമച്ച് ആന്വൽ മെയിന്റനൻസ് കോൺട്രാക്ടിലൂടെയാണ്. തെരുവ് വിളക്കുകളുടെ റിപ്പയറും മെയിന്റനൻസും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ മേൽ നോട്ടത്തിലും അവർ നിശ്ചയിക്കുന്ന നിരക്കിലുമാണ് നടത്തേണ്ടത്. പ്രവർത്തികൾക്ക് ഉപയോഗിക്കുന്ന സാമഗ്രികൾ ഐ.എസ്.ഐ നിലവാരത്തിലുള്ളതും, നിരക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ നിരക്കിനേക്കാൾ അധികരിക്കാനും പാടില്ല. എന്നാൽ മേൽ പദ്ധതിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കാതെയും, സാധന സാമഗ്രികൾ കെ.എസ്.ഇ.ബി. നിരക്കിനേക്കാൾ അധികരിച്ചിട്ടാണോ രേഖപ്പെടുത്തിയത് എന്നും ഉറപ്പ് വരുത്തിയില്ല.
2. കരാറുകാരനായ ശ്രീ.ഇ.സുധാകരന്റെ പ്രവർത്തന പരിചയം, അംഗീകാരം കിട്ടിയ ലൈസൻസിന്റെ പകർപ്പ് എന്നിവ ഫയലിൽ സമർപ്പിച്ചിട്ടില്ല.
3. തെരുവ് വിളക്കുകൾ അനുബന്ധിത വസ്തുക്കൾ തുടങ്ങിയവ സ്ഥാപിക്കാനുദ്ദേശിക്കുന്ന പ്രദേശം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലേയും, കെ.എസ്.ഇ.ബി.യിലേയും അധികാരികൾ സംയുക്ത പരിശോധന നടത്തി വ്യക്തമായി പരാമർശിക്കേണ്ടതുണ്ട്. തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന പ്രദേശത്തിന്റെ സെറ്റ് പ്ലാൻ, ലൊക്കേഷൻ പ്ലാൻ എന്നിവ ഫയലിൽ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.
4. തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിനായി 140 സി.എഫ്.എൽ. വിളക്കുകൾ (20Watt) സ്ഥാപിച്ചതായി കരാറുകാരൻ അറിയിച്ചിട്ടുണ്ട്. 11.01.2016 ലെ (എം.എസ്)4/2016/ത.സ്വ.ഭവ. നമ്പർ ഉത്തരവ് (പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ) അനുബന്ധം.15, ഖണ്ഡിക. 7.9 പ്രകാരം തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് വിലക്കുറവുള്ളതും, ആയുസ്സ് കൂടിയതും, പരിസ്ഥിതിക്ക് ഹാനികരവുമല്ലാത്ത എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിക്കുന്നതിന് മുൻഗണന നൽകണമെന്ന് സർക്കാർ നിർദ്ദേശിച്ചെങ്കിലും ആയത് പരിഗണിച്ചില്ല. 21.04.2017 ലെ [B.O.(FTD)No.1043/2017(KSEB /TRAC/Tariff Revision/2017-18) Tvpm] കെ.എസ്.ഇ.ബി. തെരുവ് വിളക്കുകൾക്ക് വിതരണം നടത്തുന്ന താരിഫ് പ്രകാരം (LT – VIII (A) – Composite Tariff approved for Unmetered Street Lights) സി.എഫ്.എൽ വിളക്കുകൾ ഉപയോഗിക്കുന്ന യൂണിറ്റ് എൽ.ഇ.ഡി വിളക്കുകൾക്ക് ആവശ്യമില്ല. ആയതിനാൽ തന്നെ നിരക്കും കുറവാണ്.

| വിളക്ക് തരം | വാട്ട് | Rs/Lamp/Month | | |
|---|---|---|---|---|
| | | Burning Hours per day | | |
| | | 4 Hous | 6 Hours | 12 Hours |
| സി.എഫ്.എൽ | 18 | 9/- | 13/- | 26/- |
| എൽ.ഇ.ഡി. | 20 | 5/- | 7/- | 15/- |

5. റിപ്പയർ ചെയ്ത സാധനങ്ങൾ തിരികെ ഏൽപ്പിച്ചതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

മേൽ വിവരിച്ച അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം നൽകേണ്ടതാണ്. ചെലവ് തുക56,037/-രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-18 സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ മാലിന്യ നിർമ്മാർജ്ജന പദ്ധതി.

നിർവ്വഹണം - സെക്രട്ടറി

പ്രൊജക്ട് പേര്, നം - ക്ലീൻ ഉണ്ണികുളം, ഗ്രീൻ ഉണ്ണികുളം, 236/16-17

അടങ്കൽ തുക – 27,28,500/- (തനത് ഫണ്ട് - 9,78,500/- + ബ്ലോക്ക് വിഹിതം - 12,25,560/-)

ചെലവ് തുക –12,25,560/- (ബ്ലോക്ക് വിഹിതം)

11.01.2016 ലെ (എം.എസ്)4/2016/ത.സ്വ.ഭവ. നമ്പർ ഉത്തരവ് (പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ) ഖണ്ഡിക.11.12 പ്രകാരം ഓരോ തട്ടിലുമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പദ്ധതികൾ തയ്യാറാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിൽ പ്രധാനപ്പെട്ടവ താഴെ കൊടുക്കുന്നു.

1. ഉറവിടത്തിൽ നിന്നും തന്നെ മാലിന്യത്തെ സംസ്കരിക്കുക.
2. പൊതുമാലിന്യ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി സ്ഥലം വാങ്ങുക.
3. പൊതുമാലിന്യ പ്ലാന്റുകൾ സ്ഥാപിക്കുക.
4. മാലിന്യങ്ങൾ കൊണ്ടു പോകുന്നതിന് പ്രത്യേകം രൂപകൽപ്പന ചെയ്ത വാഹനം വാങ്ങൽ.

എന്നാൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ഗ്രാമപഞ്ചായത്ത് പരിധിയിലെ 23 വാർഡുകളിൽ നിന്നായി 46 ലോഡ് പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് കൊണ്ടു പോകുന്നതിനായി "നിറവ് സീറോ വേസ്റ്റ് മാനേജ്മെന്റ് യൂണിറ്റ്" വേങ്ങേരി, കോഴിക്കോട് എന്ന സ്ഥാപനത്തിന് പദ്ധതി തുക അനുവദിച്ചിട്ടുണ്ട്. പദ്ധതിക്കായി വകയിരുത്തിയ തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. (46 x27000/- @ ലോഡൊന്നിന് ലോറി നിരക്ക്)

| ക്രമ നം | വൌച്ചർ നം, തീയ്യതി | തുക |
|---|---|---|
| 1 | 21600944, 30.03.2017 | 11,00,000 |
| 2 | 21601050, 30.03.2017 | 1,17,160 |
| 3 | 21600945, 30.03.2017 (ആദായ നികുതി) | 24,840 |
| 4 | 21601049, 09.03.2017 | 5,000 |
| 5 | 21600880, 09.03.2017 | 3,400 |
| | | 12,50,400 |

(ക്രമ നം .3 പ്രകാരമുള്ള തുകയുടെ ചെലവ് സുലേഖ സോഫ്റ്റ് വെയറിൽ ചേർത്തിട്ടില്ല.)

സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ മാലിന്യ നിർമ്മാർജ്ജന പദ്ധതി നടപ്പാക്കിയത് ഓഡിറ്റിൽ അംഗീകരിക്കാവുന്നതല്ല. ചെലവ് തുക 12,50,400/-രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-19 കുടുംബശ്രീ ഓണം വിപണന മേളക്ക് പഞ്ചായത്ത് ഫണ്ട്.

നിർവ്വഹണം - സെക്രട്ടറി

പ്രോജക്റ്റ് പേര്, നം - ഓണം വിപണന മേള 99/17

അടങ്കൽ തുക - 75,000/- (തനത് ഫണ്ട്)

ചെലവ് തുക – 62,972/- (ചെക്ക് നം.26197, 04.11.2016)

കുടുംബശ്രീ സംഘടിപ്പിക്കുന്ന ഓണം വിണന മേളയിൽ ഉൽപ്പന്നങ്ങൾക്ക് വിപണനത്തിനായി വേദിയൊരുക്കുന്നതിനും, അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കുന്നതിനുമായിട്ടാണ് മേൽ പദ്ധതി രൂപീകരിച്ച് നടപ്പാക്കിയിട്ടുള്ളത്. സി.ഡി.എസ്. ചെയർപേഴ്സൺ സമർപ്പിച്ച ചെലവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | തുക |
|---|---|
| നിലം ഒരുക്കൽ | 4,500 |
| നിലം ഒരുക്കൽ | 3,477 |
| പ്രചരണം | 7,500 |
| പന്തൽ | 55,000 |
| സ്റ്റാൾ സംരക്ഷണ ചെലവ് | 5,000 |
| ഡോക്യുമെന്റേഷൻ | 1,800 |
| പ്രിന്റിംഗ് ആന്റ് സ്റ്റേഷനറി | 1,075 |
| ആകെ | 78,347 |
| Rounded to | 62,972 |

11.01.2016 ലെ (എം.എസ്)4/2016/ത.സ്വ.ഭവ. നമ്പർ ഉത്തരവ് (പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ) അനുബന്ധം.15, ഖണ്ഡിക. 7.5 പ്രകാരം കുടുംബശ്രീ സംവിധാനത്തിലെ അയൽക്കൂട്ടങ്ങൾ, ഏരിയ ഡവലപ്പ്മെന്റ് സൊസൈറ്റികൾ, കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് സൊസൈറ്റികൾ എന്നിവയ്ക്ക് മാത്രം വ്യക്തമായ വായ്പാധിഷ്ഠിതമായ ഒരു തൊഴിൽ സംരംഭത്തിന് റിവോൾവിംഗ് ഫണ്ട് നൽകാവുന്നതാണ്. മറ്റ് തരത്തിൽ കുടുംബശ്രീ സംഘടിപ്പിക്കുന്ന ഓണം വിണന മേള പോലുള്ള പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെയും, കുടുംബശ്രീയുടെ സാമ്പത്തിക സ്ഥിതി പരിശോധിക്കാതെയും തുക അനുവദിച്ചത് ഓഡിറ്റിൽ അംഗീകരിക്കാവുന്നതല്ല. ചെലവഴിച്ച തുക പ്രസ്തുത വിഭാഗത്തിൽ നിന്നും തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. വിപണന മേളയിൽ ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നതിനായി സെക്രട്ടറി അനുവദിച്ച ലൈസൻസിന്റെ പകർപ്പുകൾ, ലൈസൻസ് ഫീസിനത്തിൽ കച്ചവടക്കാർ അടവാക്കിയ തുക എന്നീ വിശദാംശങ്ങളും പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 3-20 സ്വകാര്യ ലൈബ്രറികളുടെ പത്രവരിസംഖ്യ നൽകുന്നതിന് പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 166, പട്ടിക.3 (സി)(x) പ്രകാരം പഞ്ചായത്ത് വക വായനശാലകളുടേയും ഗ്രന്ഥശാലകളുടേയും നടത്തിപ്പ് ഗ്രാമപഞ്ചായത്തിന്റെ മേഖല ചുമതലയാണ്. ഗ്രാമപഞ്ചായത്ത് പരിധി പ്രദേശത്തെ സ്വകാര്യ ഗ്രന്ഥശാലകളുടേയും, വായനശാലകളുടേയും നടത്തിപ്പ ചുമതലയും പഞ്ചായത്തുകൾ ഏറ്റെടുത്ത് നടത്തേണ്ടതില്ല. മേൽ നിയമ വ്യവസ്ഥക്ക് വിരുദ്ധമായി ഗ്രാമപഞ്ചായത്ത് പരിധിയിലെ സ്വകാര്യ വായനശാലകളിലേക്കും, ക്ലബുകളിലേക്കും ലഭിക്കുന്ന പത്രങ്ങളുടെ മാസവരി സംഖ്യ പഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | വൌച്ചർ നം, തീയ്യതി | തുക |
|---|---|---|
| 1 | 21600091, 26.04.2016 | 2,548 |
| 2 | 21600128, 07.05.2016 | 4,360 |
| 3 | 21600129, 07.05.2016 | |
| 4 | 21600130, 07.05.2016 | 4,360 |
| 5 | 21600131, 07.05.2016 | |
| 6 | 21600132, 07.05.2016 | 2,180 |
| 7 | 21600203, 15.06.2016 | 4,440 |
| 8 | 21600295, 16.07.2016 | 1,139 |
| 9 | 21600445, 28.09.2016 | 1,170 |
| 10 | 21600650, 17.12.2016 | 1,122 |
| 11 | 21600658, 27.12.2016 | 3,114 |
| 12 | 21600744, 30.01.2017 | 1,176 |
| 13 | 21600838, 01.03.2017 | 5,910 |
| 14 | 21600881, 10.03.2017 | 2,002 |
| 15 | 21600965, 31.03.2017 | 5,589 |

| | | |
|---|---|---|
| | ആകെ | 39,110 |

27.05.1998 ലെ (എം.എസ്) 107/98/ത.ഭ.വ. നമ്പർ ഉത്തരവിലൂടെ പഞ്ചായത്തുകളിലെ കണ്ടിജന്റ് ചെലവുകൾ ഏതെല്ലാം ഓഫീസ് കാര്യങ്ങൾക്കായിരിക്കണമെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവുകൾക്ക് വിരുദ്ധമായി പഞ്ചായത്തിന്റെ ചുമതലകളിൽ പെടാത്ത ഇനങ്ങൾക്ക് പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കാവുന്നതല്ല. ചെലവ് തുക 39,110/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-21 വിനിയോഗ, പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല

ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും സ്ഥാപനങ്ങൾക്കും, വ്യക്തികൾക്കും താഴെ പറയുന്ന തരത്തിൽ സെക്രട്ടറി തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രവർത്തികൾ പൂർത്തീകരിച്ചതിന്റെയും തുക വിനിയോഗിച്ചതിന്റെയും സാക്ഷ്യപത്രങ്ങൾ പരിശോധനക്കായി ലഭ്യക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഇനം | ചെലവ് തുക | ബിൽ/വൌച്ചർ/ചെക്ക് നം, തീയതി |
|---|---|---|---|
| 1 | തെങ്ങിനകുന്ന് കുടിവെള്ള പദ്ധതി (എം.പി.ഫണ്ട്) | 40,000 | 21600310, 25.07.2016 |
| 2 | പെർഫോർമെൻസ് ഓഡിറ്റ് യൂണിറ്റ്, ബാലുശ്ശേരി | 10,000 | 21600057, 15.04.2016 |
| 3 | | 10,000 | 21600721, 16.01.2017 |
| 4 | അങ്കണവാടികളിൽ കുഴൽ കിണർ നിർമ്മാണം (ഭൂജലവകുപ്പിന് പദ്ധതി മുഖാന്തിരം നൽകിയത് | 2,53,860 | 29/16-17, 31.03.2017 (ബിൽ) |
| 5 | | 38,651 | 27149, 29.03.2017 (ചെക്ക്) |
| 6 | | 36,330 | 27150, 29.03.2017 (ചെക്ക്) |
| | ആകെ | 3,88,841 | |

മേൽ വിവരിച്ച തുക ചെലവഴിച്ചതിന് സാക്ഷ്യപത്രങ്ങൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 3,88,841/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-22 വരുമാന പരിധി പരിശോധിക്കാതെ വിവാഹ ധനസാഹായം അനുവദിച്ചു.

വൗച്ചർ നമ്പർ.21601044, തീയ്യതി - 31.03.2017, തുക – 30,000/-

21.07.2010 ലെ (എം.എസ്) 43/2010/ സാ.ക്ഷേ.വ ഉത്തരവിലൂടെ കേരളത്തിലെ സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം നൽകുന്നതിലുള്ള വരുമാന പരിധി ഗ്രാമപ്രദേശങ്ങളിൽ 20,000/- രൂപയായിട്ടാണ് സർക്കാർ ഉയർത്തിയിട്ടുള്ളത്. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും ശ്രീമതി.പത്മാവതി.കെ, ചെട്ട്യാംകണ്ടി, കരുമല (പി.ഒ) ബാലുശ്ശേരി (വഴി) എന്ന എന്നവരുടെ മകളായ ശ്രീമതി.നിമ.സി.കെ. എന്ന പെൺകുട്ടിയുടെ വിവാഹത്തിന് വിവാഹ ധനസഹായം അനുവദിച്ചപ്പോൾ മേൽ പരിധി പരിഗണിച്ചില്ല. ശ്രീമതി.പത്മാവതി.കെ സമർപ്പിച്ച അപേക്ഷയിൽ ടിയാരിയുടെയും കുടുംബാങ്ങളുടേയും പ്രതിമാസ വരുമാനം 4,381/- രൂപയെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അപേക്ഷയോടൊപ്പം സമർപ്പിച്ച രേഖകൾ പ്രകാരം ശ്രീമതി.പത്മാവതിക്ക് സർക്കാരിൽ നിന്നും ഫാമിലി പെൻഷൻ ലഭിക്കുന്നുണ്ട്. രേഖകൾ പരിശോധിക്കാതെ വിവാഹ ധനസഹായം നൽകിയതന് വിശദീകരണം ലഭ്യമാക്കേണ്ടതും അനർഹമായി

നൽകിയ തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും തിരികെയീടാക്കി സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതുമാണ്.

## 3-23 സേവന പെൻഷൻ കുടിശ്ശിക അധികം വിതരണം ചെയ്തു.

സാമൂഹ്യ ക്ഷേമ പെൻഷൻ ഇനത്തിലെ അൻപതു വയസ്സ കഴിഞ്ഞ സ്ത്രീകൾക്ക് പെൻഷൻ നല്കിയതിന്റെ സേവന സോഫ്റ്റ് വെയർ സൈറ്റിൽ പെൻഷൻ ലിസ്റ്റ് പരിശോധിച്ചതിൽ താഴെ പറയുന്നവർക്ക് കുടിശ്ശിക ഇനത്തിൽ അധികം തുക ഡി.ബി.റ്റി. സെല്ലിൽ നിന്നും നല്കിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും ഐഡിയും | മാസം | തുക | അഭിപ്രായ കുറിപ്പ്. | അധികം നല്കിയത് |
|---|---|---|---|---|---|
| 1 | ശ്രീമതി.കോമള.ഇ.കെ. എടത്തുകണ്ടി,<br>ഐഡിനം- 110330500139 | ജനവരി- 2016മുതൽഏപ്രിൽ- 2016ജൂലൈ,ആഗസ്റ്റ്, സെപ്റ്റംബർ-2016 | 800x4= 3200/-<br>1000x3= 3000/- | 6200/- രൂപയ്ക്കു പകരം 7000/- വിതരണം | 800/-രൂപ കൂടുതൽ നല്കിയിരിയ്ക്കുന്നു. |
| 2 | ശ്രീമതി.രേണുക.ടി.കെ. തീയ്യക്കണ്ടി,<br>കാര്യത്താൻകാവ്,<br>110330500138 | 2015ജൂൺ,ജൂലൈ, ആഗസ്ററ്, 2016മാർച്ച്,ഏപ്രിൽ, മെയ്,ജൂൺ,ജൂലൈ, ആഗസ്റ്റ് സെപ്റ്റംബർ- | 6x800=4800, 4x1000= 4000, ആകെ-8800/- | 5600/-രൂപവിതരണം ചെയ്യേണ്ടതിനു പകരം 8800/- രൂപയാണ് വിതരണം ചെയ്തത്. | 5600/- രൂപ കൂടുതൽ |
| 3 | ശ്രീമതി.ജാനകി, നെല്ലിക്കുന്നുമ്മേൽ, ഇയ്യാട്, ഐഡിനം- 110330500144 | 2015ജൂൺ,ജൂലൈ,ആഗസ്റ്റ്, 2016ജനവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മെയ്,ജൂൺ, ജൂലൈ,ആഗസ്റ്റ്, സെപ്റ്റംബർ. | 800x8=6400, 1000x1=1000<br>3x1000= 3000/- | 10400/-രൂപവിതരണം ചെയ്യേണ്ടതിനു പകരം 14400/- രൂപ കുടിശ്ശിക നല്കിയതായികാണുന്നു | 4000/- രൂപ അധികം നല്കിയിട്ടുണ്ട്. |
| 4 | ശ്രീമതി.രാധഅമ്മ.വി പൂപ്പൊയിൽ,മങ്ങാട്, ഐഡിനം- 110330500135 | 2016 ജൂലൈ,ആഗസ്റ്റ്, സെപ്റ്റംബർ, മാസത്തെ പെൻഷനോടൊപ്പം അരിയർ എന്നു രേഖപ്പെടുത്തിയിരിയ്ക്കുന്നു. | 3x1000= 3000/-, 4x200 =800/- | 3000/-രൂപ വിതരണം ചെയ്യേണ്ടതിനു പ്രകാരം 3800/-രൂപനല്കിയതായി കാണുന്നു. | 800/-രൂപ അധികം നല്കിയിട്ടുണ്ട് |

ഓൾഡേജ് പെൻഷൻ വിതരണ രജിസ്റ്റർ പ്രകാരമുള്ള ഐ.ഡി നമ്പർ സേവന സോഫ്റ്റ് വെയർ സൈറ്റിൽ എന്റർ ചെയ്യുമ്പോൾ ഭൂരിഭാഗം ആളുകളുടെയും ആനുകൂല്യം തടഞ്ഞു വച്ചതായി കാണപ്പെടുന്നു. റിമാർക്സ് കോളത്തിൽ അഫിഡവിറ്റ് ഹാജരാക്കാത്തതിനാൽ എന്നു രേഖപ്പെടുത്തിയിരിയ്ക്കുന്നു. പ്രസ്തുത തുക വിതരണം ചെയ്യപ്പെടുന്നതുവരെ ഏത് അക്കൗണ്ടിൽ സൂക്ഷിയ്ക്കപ്പെടുന്നു എന്ന് വ്യക്തമല്ല. മേലപാകതകളിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്നറിയിക്കേണ്ടതാണ്.

## 3-24 യൂണിഫോം, ഫുട്ട് വെയർ അലവൻസ്

വൗച്ചർ നം. 21600226, 23.06.2016 – 1,600/-

വൗച്ചർ നം. 21600227, 23.06.2016 – 450/-

ഗ്രാമപഞ്ചായത്തിലെ പി.ടി.എസ്. വിഭാഗത്തിലെ ജീവനക്കാരന് മേൽ വിവരിച്ച വൗച്ചറുകൾ പ്രകാരം

യൂണിഫോം അലവൻസ്, ഫുട്ട് വെയർ അലവൻസ് എന്നിവ അനുവദിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ട്. 20.01.2016 ലെ (പി)07/2016/ധനം. ഉത്തരവിലൂടെ സർക്കാർ ജീവനക്കാരിൽ യൂണിഫോം അലവൻസ് (അനക്സ് .XII), ഫുട്ട് വെയർ അലവൻസ് (അനക്സ്.VII) അനുവദിക്കേണ്ടവർ ആരെല്ലാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിൽ പഞ്ചായത്ത് വകുപ്പിലെ പാർട്ട് ടൈം സ്വീപ്പർ വിഭാഗത്തിൽപെട്ടവർക്ക് യൂണിഫോം അലവൻസ്, ഫുട്ട് വെയർ അലവൻസ് എന്നിവ അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ല. പ്രസ്തുത തരത്തിൽ ഗ്രാമപഞ്ചായത്ത് പി.ടി.എസ്. വിഭാഗക്കാർക്ക് അലവൻസ് അനുവദിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാത്തതിനാൽ പരിഗണിക്കുവാൻ കഴിയില്ലായെന്ന് 12.05.2017 ലെ ഇ.9-26357/16 നം കത്തിലൂടെ പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്. ആതിനാൽ പി.ടി.എസ്. വിഭാഗത്തിലെ ജീവനക്കാരന് അനുവദിച്ച യൂണിഫോം അലവൻസ്, ഫുട്ട് വെയർ അലവൻസ് എന്നിവ തിരികെ ഈടാക്കേണ്ടതാണ്.

## 3-25 പെയിൻ & പാലിയേറ്റീവ് നേഴ്സിന്റെ ഓണറേറിയം പ്രതിമാസം നൽകുന്നില്ല.

29.10.2015 ലെ (സാധാ) 3217/2015/ത.സ്വ.ഭ.വ. നം ഉത്തരവിലൂടെ പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി തദ്ദേശഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്നതിനായി സർക്കാർ പുതുക്കിയ മാർഗനിർദശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവ് ഖണ്ഡിക.2.811 ൽ പാലിയേറ്റിവ് പ്രവർത്തനങ്ങൾക്കായി നിയോഗിക്കപ്പെട്ട നഴ്സിനു ഓരോ മാസത്തേയും ഓണറേറിയം അടുത്ത മാസം 10 നകം നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുവാൻ പാടുള്ളതല്ല. തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിക്ക് ജില്ല ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കാൻ വൈകുന്നത് കൊണ്ട് പദ്ധതി പണം വിനിയോഗിച്ച് ഓണറേറിയം നൽകുവാൻ കഴിയാതെ വന്നാൽ, അങ്ങനെയുള്ള മാസങ്ങളിൽ തനത് ഫണ്ട് വിനിയോഗിച്ച് താൽകാലികമായി ഓണറേറിയം നൽകേണ്ടതും, പദ്ധതിക്ക് അംഗീകാരം ലഭിക്കുന്ന മുറക്ക് തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക റീക്കൂപ്പ് ചെയ്യേണ്ടതുമാണ്. എന്നാൽ മേൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെ നഴ്സിന് ഓണറേറിയം അനുവദിക്കുന്നതിന് പഞ്ചായത്ത് അധികാരികൾ കാലതാമസം വരുത്തി. സർക്കാർ നിർദേശങ്ങൾ പാലിച്ച കൊണ്ട് പദ്ധതി നടപ്പിലാക്കേണ്ടതും ജീവനക്കാരുടെ വേതനം പ്രതിമാസം നൽകേണ്ടതുമാണ്.

## 3-26 പഞ്ചായത്ത് പരിധിയിൽ അനധികൃതമായി താമസിക്കുന്നവർക്ക് താമസാനുവാദം നൽകുന്നു.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166, ഉപവകുപ്പ് (1), പട്ടിക.3ൽ ഗ്രാമപഞ്ചായത്തുകളുടെ ചുമതലകൾ, കർത്തവ്യങ്ങൾ, അധികാരങ്ങൾ എന്നിവ വിശദീകരിച്ചിട്ടുണ്ട്. മേൽ പട്ടികയിലെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ ക്രമ നമ്പർ VII പ്രകാരം ഗ്രാമപഞ്ചായത്തുകൾ തങ്ങളുടെ പരിധിയിലെ ഭവനരഹിതരേയും പുറമ്പോക്ക് നിവാസികളേയും കണ്ടെത്തി ഭവന നിർമ്മാണത്തിനായി ഭൂമിയും, ഭവനങ്ങളും നൽകുകയാണ് വേണ്ടത്. ടി വകുപ്പിലെ മൂന്നാം പട്ടികയിൽ പരാമർശിച്ചിരിക്കുന്ന സംഗതികളുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളും പദ്ധതികളും വസ്തുവകകളും ഗ്രാമപഞ്ചായത്തിന് കൈമാറേണ്ടതാണെന്ന് അനുശാസിച്ചതിന്റെ അടിസ്ഥാനത്തിലാണ് റോഡുകളടക്കമുള്ള വസ്തുവകകളും സ്ഥാപനങ്ങളും ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നതും അവയുടെ സംരക്ഷണവും നടത്തിപ്പും ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാവുന്നതും. എന്നാൽ ഓഡിറ്റ് വർഷത്തിലെ പഞ്ചായത്ത് ഭരണ സമിതിയുടെ വിവിധ യോഗങ്ങളിൽ ഭൂമി രഹിതരും, ഭവന രഹിതരുമായ വ്യക്തികൾക്ക് പഞ്ചായത്ത് പരിധിയിലെ വിവിധ ഭൂമികളിൽ താമസാനുവാദം നൽകുന്നതിനായി തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി വിവിധ ഓഫീസ് നടപടി ക്രമങ്ങളിലൂടെ പ്രസ്തുത വ്യക്തികൾക്ക് താമസാനുവാദ പത്രികയും നൽകിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ അനധികൃതമായി താമസിക്കുന്നവർക്ക് താമസാനുവാദം നൽകണമെന്ന് ആവശ്യപ്പെട്ട് ഉടമസ്ഥർ അപേക്ഷകൾ നൽകിയതിന്റെ അടിസ്ഥാനത്തിൽ നിയമവിരുദ്ധമായാണ് താമസാനുവാദം നൽകിയത്.

താമസാനുവാദം നൽകിയവരുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | അപേക്ഷകന്റെ പേര് | പഞ്ചായത്ത് തീരുമാന നം. |
|---|---|---|

| | | |
|---|---|---|
| 1 | ശ്രീമതി.നസീമ, നെല്ലളിക്കോത്ത് | 44/17, 20.02.2017 |
| 2 | ശ്രീമതി.ഖദീജ, എൻ.കെ, നിട്ടം പാറച്ചാലിൽ | |
| 3 | ശ്രീ.നാരായണൻ നായർ, മൊകായിക്കൽ | |
| 4 | ശ്രീമതി.ശൈലജ.ടി.കെ, | |
| 5 | ശ്രീ. നസ്റുദ്ദീൻ, തെച്ചി, വിമാനകുന്ന് | 13/17, 10.01.2017 |
| 6 | ശ്രീ.സവീഷ് ബാബു, തയ്യുള്ളതിൽ | |
| 7 | ശ്രീ.അബ്ദുൾ ജലീൽ, വിളക്കാത്തിൽ | |
| 8 | ശ്രീ.അനീഷ് കുമാർ, കോട്ടകുന്നുമ്മൽ | |
| 9 | ശ്രീമതി.ഷഹർബാൻ, കോട്ടകുന്നുമ്മൽ | |
| 10 | ശ്രീ.മുഹമ്മദ് അലി, തങ്കായം | 244/16, 29.11.2016 |

10.08.2009 ലെ 48297/ആർ.എ.1/09/ത.സ്വ.ഭ.വ. നമ്പർ സർക്കുലറിലൂടെ പുറമ്പോക്ക് ഭൂമികളിൽ അനധികൃത കെട്ടിടങ്ങൾ നിർമ്മിച്ച് താമസിക്കുന്നവർക്ക് റേഷൻകാർഡ്, വൈദ്യുതി, കുടിവെള്ളം എന്നിവ ലഭ്യമാക്കുവാൻ പ്രയാസം നേരിടുന്നതിനാലാണ് താൽകാലിക കെട്ടിട നമ്പർ നൽകുവാൻ സർക്കാർ നിർദ്ദേശിച്ചത്. പാവപ്പെട്ടവരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനായി കേന്ദ്ര, സംസ്ഥാന സർക്കാരുകൾ വിവിധ ഭവനനിർമ്മാണ പദ്ധതികൾ ആവിഷ്കരിച്ച് പഞ്ചായത്തുകൾ മുഖേന നടപ്പാക്കുമ്പോഴാണ് ഭൂരഹിതരും ഭവനരഹിതരുമായ മേൽ വിഭാഗങ്ങളെ പ്രസ്തുത പദ്ധതികളിൽ ഉൾപ്പെടുത്താതെ താമസാനുവാദം നൽകുന്നത്.

പഞ്ചായത്ത് രാജ് നിയമം പ്രകാരം ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപെടുന്നതും, ജനകീയാസൂത്രണ പദ്ധതികളിൽ പഞ്ചായത്തിന്റെ പ്രധാന പദ്ധതികളിൽപെടുന്നവയുമാണ് സമ്പൂർണ്ണ പാർപ്പിട പദ്ധതി. അതിൽ തന്നെ ഏറ്റവും കൂടിയ മുൻഗണന നൽകേണ്ടത് ഭൂരഹിത ഭവനരഹിതർക്കാണ്. ഇതിനായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് സ്ഥലം വാങ്ങി ഭവനങ്ങൾ, ഫ്ലാറ്റുകൾ എന്നിവ നിർമ്മിച്ചു നൽകാവുന്നതിനു നിയമ തടസ്സങ്ങളുമില്ല. പഞ്ചായത്ത് പരിധിയിലെ ഭൂരഹിതരും ഭവനരഹിതരുമായ പ്രസ്തു കുടുംബങ്ങളെക്കുറിച്ച് വ്യക്തമായ വിവരശേരണം പഞ്ചായത്തിൽ തന്നെ ലഭ്യമായിരിക്കേ ആയവരെ പഞ്ചായത്തിന്റെ ഭവനനിർമ്മാണ പദ്ധതികളിൽ പെടുത്തി ഭൂമിയോടുകൂടിയുള്ള ഭവനങ്ങൾ ലഭ്യമാക്കാതെ പഞ്ചായത്ത് പരിധിയലെ പുറമ്പോക്ക് ഭൂമികളിൽ താമസാനുവാദം കൊടുക്കുന്നത് അംഗീകരിക്കാവുന്നതല്ല.

പാവപ്പെട്ടവരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനായി കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ആവിഷ്കരിച്ച വിവിധ ഭവനനിർമ്മാണ പദ്ധതികൾ പഞ്ചായത്ത് മുഖേന നടപ്പാക്കുമ്പോഴാണ് ഭൂരഹിതരും ഭവനരഹിതരുമായ മേൽ വിഭാഗങ്ങൾക്ക് മറ്റ് സർക്കാർ ഭൂമികളിൽ താമസാനുവാദം നൽകുന്നത്. ഈ നടപടികൾ കൊണ്ട് പാവപ്പെട്ടവരുടെ പാർപ്പിട പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയില്ല എന്ന് മാത്രമല്ല മേൽ രീതിയിലുള്ള പ്രവർത്തനങ്ങളിലൂടെ പ്രസ്തുത ഭൂമികൾ അനർഹരിൽ എത്തിചേരുവാനും ആസ്തികൾ അന്യാധീനപ്പെട്ടു പോകുവാനും ഇടവരുത്തും.

പഞ്ചായത്ത് പരിധിയിലെ ഭൂരഹിത ഭവനരഹിതരായ മേൽ വിഭാഗങ്ങളെ നിയമാനസൃത നടപടികളിലൂടെ പുനരധിവസിപ്പിക്കേണ്ടതും, മറ്റ് സർക്കാർ വകുപ്പുകൾ ഏജൻസികൾ എന്നിവരുടെ ഭൂമികളിൽ താമസാനുവാദം നൽകുന്നത് നിർത്തലാക്കേണ്ടതുമാണ്. കേരള ഭൂപരിഷ്കരണ ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം പുറമ്പോക്ക് ഭൂമികളിൽ വ്യക്തികൾ അനധികൃതമായി കയ്യേറുന്നത് ശ്രദ്ധയിൽപെട്ടാൽ മേൽ വിവരം ജില്ലാ കളക്ടറെ അറിയിച്ച് നടപടികൾ സ്വീകരിക്കേണ്ടത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നതോടൊപ്പം സർക്കാരിന്റെ ശ്രദ്ധയിലും പെടുത്തുന്നതാണ്.

## 3-27 നിയമനാധികാരിയുടെ അനുമതിയില്ലാതെ പഞ്ചായത്തിൽ തസ്തികകൾ സൃഷ്ടിച്ച് വേതനം നൽകുന്നു.

1997 ലെ കേരള പഞ്ചായത്ത് രാജ് (ഉദ്യോഗസ്ഥൻമാരുടെ മേൽ നിയന്ത്രണം)ചട്ടങ്ങളിലെ ചട്ടം.3 (8) പ്രകാരം പഞ്ചായത്തിന് സേവനം വിട്ടു കൊടുക്കപ്പെട്ട സർക്കാർ ഉദ്യോഗസ്ഥർ സ്ഥലം മാറ്റം മൂലമോ, അവധിമൂലമോ, മറ്റേതെങ്കിലും കാരണം കൊണ്ടോ പഞ്ചായത്തിന് സേവനം വിട്ടുകൊടുക്കപ്പെട്ട ഒരു സർക്കാർ ഉദ്യോഗസ്ഥന്റേയോ ജീവനക്കാരന്റേയോ തസ്തികയിൽ ഒഴിവുണ്ടായാൽ പ്രസ്തുത ഒഴിവ് നികത്തുന്നതിന് മറ്റൊരു സർക്കാർ ഉദ്യോഗസ്ഥന്റേയോ, ജീവനക്കാരന്റേയോ സേവനം ഉടനെ വിട്ടു കിട്ടാത്ത സാഹചര്യത്തിൽ, സർക്കാരിന്റെ പൊതുമാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി ബന്ധപ്പെട്ട നിയമനാധികാരിയെ മുൻകൂട്ടി അറിയിച്ചു കൊണ്ട്, ആ ഒഴിവിൽ

(എ) എംപ്ലോയ്മെന്റ് എക്സ് ചേഞ്ച് മുഖേനയോ

(ബി) എംപ്ലോയ്മെന്റ് എക്സ് ചേഞ്ച് മുഖേന ഒരു ഉദ്യോർഗാർത്ഥിയെ ലഭിക്കാതിരിക്കുന്ന സാഹചര്യത്തിൽ

സർക്കാർ പ്രത്യേകം നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരം കരാർ അടിസ്ഥാനത്തിലോ പഞ്ചായത്തിന് മറ്റൊരാളെ 6 മാസത്തിൽ കൂടുതലല്ലാത്ത കാലയളവിലേക്കോ ഒരു സർക്കാർ ഉദ്യോഗസ്ഥനോ, ജീവനക്കാരനോ പ്രസ്തുത ഒഴിവിലേക്ക് നിയമിക്കപ്പെടുകയോ ഇതിൽ ഏതാണോ ആദ്യം അതുവരേയ്ക്കായി താൽകാലികമായി നിയമിക്കാവുന്നതാണ്.

സർക്കാർ അനുവദിച്ച തസ്തികകൾ, പ്രത്യേക ഉത്തരവുകൾ മുഖാന്തിരമുള്ള നിയമനങ്ങൾ എന്നിവ കൂടാതെയും പഞ്ചായത്തിൽ തസ്തികകൾ സൃഷ്ടിച്ച് നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

| തസ്തിക | നിയമനം ലഭിച്ച വ്യക്തി |
|---|---|
| ക്ലാർക്ക് | ശ്രീ.അബൂബക്കർ.എ. |
| ഡാറ്റ എൻട്രി ഓപ്പറേറ്റർ | ശ്രീമതി. രേണുക.പി |
| | ശ്രീമതി.മിനിജ |

സർക്കാരിന്റെ അനുമതിയില്ലാതെ നിയമനങ്ങൾ നടത്തി പഞ്ചായത്ത് ഫണ്ടിൽ നിന്നും വേതനം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും പഞ്ചായത്ത് കാര്യാലയത്തിലെ തസ്തികകളിൽ ജീവനക്കാരെ നിയമിക്കുമ്പോൾ നിയമനാധികാരിയുടെ അംഗീകാരം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇതുമായി ബന്ധപ്പെട്ട ചെലവുകൾ സെക്രട്ടറിയുടെ ബാദ്ധ്യതയായി നിജപ്പെടുത്തി നടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നതാണ്.

## 3-28 പരിമിതമായ അടിസ്ഥാന സൌകര്യങ്ങളോടെ പൊതുജനാരോഗ്യ കേന്ദ്രങ്ങൾ.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 166(1), പട്ടിക3 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ പൊതുജനാരോഗ്യ കേന്ദ്രങ്ങളും, ഡിസ്പെൻസറികളും (എല്ലാത്തരം ചികിൽസാ

സമ്പ്രദായങ്ങളിലുംപെടുന്നവ) ഏറ്റെടുത്ത് നടത്തേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ മേഖല അടിസ്ഥാനത്തിലുള്ള ചുമതലയാണ്. അതു പോലെ രോഗ പ്രതിരോധ നടപടികൾ, രോഗങ്ങളും നിയന്ത്രണം എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപെടുന്നതാണ്. സമൂഹത്തിലെ എല്ലാതലത്തിലുമുള്ളവരായും, വിശിഷ്യാ സാധാരണ ജനങ്ങളുടെ ആരോഗ്യ പരിപാലനത്തിൽ ഏറ്റവും ആദ്യം ശ്രദ്ധ കേന്ദ്രീകരിക്കുവാൻ സാധിക്കുന്നതും എല്ലാ തുറയിലുള്ള ജനങ്ങളുമായും ക്രിയാത്മകമായ ബന്ധം സ്ഥാപിക്കുവാൻ എളുപ്പം കഴിയുന്നതും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കാണ്. അതുവഴി സാധാരണക്കാരന്റെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി അവ പരിഹരിക്കപ്പെടുവാനും, ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കുവാനും പ്രസ്തുത സ്ഥാപനങ്ങൾക്ക് സാധിക്കുന്നു.

ഓഡിറ്റ് വേളയിൽ മെഡിക്കൽ ഓഫീസർമാർക്ക് ലഭ്യമാക്കിയ ചോദ്യാവലി പരിശോധിച്ചതിൽ നിന്നും അടിസ്ഥാനപ്പെടുത്തിയാണ് അവലോകനം തയ്യാറാക്കിയിരിക്കുന്നത്.

| സ്ഥാപനം | ഹോമിയോ ഡിസ്പെൻസറി | ആയുർവ്വേദ ഡിസ്പെൻസറി | യുനാനി ഡിസ്പെൻസറി |
|---|---|---|---|
| ആരംഭിച്ച വർഷം | 2009 | 2010 | 2010 |
| അടിസ്ഥാന സൌകര്യങ്ങളുടെ വിവരം | | | |
| സൌകര്യപ്രദമായ കെട്ടിടം | അല്ല, വാടക കെട്ടിടം | ഇല്ല | ഉണ്ട് |
| വേണ്ടത്ര ഫർണിച്ചർ ഉണ്ടോ. | ഇല്ല | ഇല്ല | ഉണ്ട് |
| ആശുപത്രി ഉപകരണങ്ങൾ പര്യാപ്തമാണോ | അതേ | അതേ | അതേ |
| ഏതെങ്കിലും നിർമ്മാണ പ്രവർത്തനം സ്തംഭനാവസ്ഥയിലുണ്ടോ | ഇല്ല | ഇല്ല | ഇല്ല |
| കുടിവെള്ള ലഭ്യത പര്യാപ്തമാണോ | അല്ല | അതേ | അല്ല |
| കെട്ടിടം ഉപയോഗമില്ലാതെ കിടപ്പുണ്ടോ | ഇല്ല | ഇല്ല | ഇല്ല |
| സ്റ്റേഷനറി, മറ്റ് പ്രവർത്തന ചെലവുകൾ, ചാർജ്ജുകൾ ഗ്രാമപഞ്ചായത്തിൽ നിന്നും വഹിക്കുന്നുണ്ടോ | ഉണ്ട് | ഉണ്ട് | ഇല്ല |
| അടിസ്ഥാന സൌകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ടോ | ഇല്ല | ഇല്ല | ഇല്ല |
| രോഗപ്രതിരോധ നടപടികൾ | | | |
| പ്രതിദിനം ആശുപത്രിയിൽ വരുന്ന രോഗികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടോ | ഉണ്ട് | ഉണ്ട് | ഉണ്ട് |
| ആവശ്യമായ മരുന്നുകൾ ലഭിക്കുന്നുണ്ടോ | ഉണ്ട് | പര്യാപ്തമല്ല ഫണ്ട് കുറവാണ് | |
| നിലവിൽ മരുന്നുകളുടെ കുറവുണ്ടോ | ഇല്ല | ഉണ്ട് | ---- |
| എൻ.ആർ.എച്ച്.എം. മുഖേന പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ | ഇല്ല | ഇല്ല | ഇല്ല |

ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് ആരോഗ്യ മേഖലയിൽ നടപ്പാക്കിയ പദ്ധതികളിൽ മരുന്നുകൾ വാങ്ങുന്നവയാണ് പ്രധാനപ്പെട്ടവ. ആരോഗ്യ കേന്ദ്രങ്ങളിലെയും, കേന്ദ്രങ്ങളിലേക്ക് എത്തിപ്പെടുന്നതിനും വേണ്ട അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയ്ക്ക് വർഷങ്ങളുടെ പഴക്കമുണ്ടായിരിക്കേ അതിന് ആവശ്യമായ പദ്ധതി രൂപീകരിക്കാനോ തുക വകയിരുത്താനോ പഞ്ചായത്തിനു കഴിഞ്ഞിട്ടില്ല. ഇത് പ്രസ്തുത

മേഖലയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നവരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയായിട്ടേ ഓഡിറ്റിൽ വിലയിരുത്താൻ കഴിയൂ. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതും ആരോഗ്യ സ്ഥാപനങ്ങളിലെ പോരായ്മകൾ കാലതാമസമില്ലാതെ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-29 ആശുപത്രി വികസന സമിതി രൂപീകരിച്ചില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ പ്രാഥമികാരോഗ്യകേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപെട്ടതാണ്. വകുപ്പ് 173(എ) പ്രകാരം സർക്കാരിൽ നിന്നും പഞ്ചായത്തിന് കൈമാറ്റം ചെയ്യപ്പെട്ട ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തിനും വേണ്ടി ചെയർമാനുൾപ്പടെ 15 അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണ്. എന്നാൽ 2010 ജനവരിയിൽ ആരംഭിച്ച യുനാനി ഡിസ്പെൻസറിയിൽ ഓഡിറ്റ് കാലയളവ് വരേയും, ആയുർവ്വേദ ഡിസ്പെൻസറിയിൽ പുതിയ ഭരണസമിതി നിലവിൽ വന്നിട്ടും (2015 നവംബർ) പ്രസ്തുത തരത്തിലുള്ള കമ്മിറ്റി രൂപീകരിച്ചിട്ടില്ല. ഡിസ്പെൻസറിയിൽ എത്തുന്ന രോഗികളിൽ നിന്നും ഒ.പി.ശീട്ട് മുഖേന 5/- രൂപ ഈടാക്കുന്നുണ്ട്. പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(xv) പ്രകാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിനു കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൌണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. അപാകതകൾ പരിശോധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും പ്രസ്തുത സ്ഥാപനങ്ങളിൽ നിയമത്തിൽ അനുശാസിച്ച പ്രകാരം കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്.

## 3-30 ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി ലഭ്യമാക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തിന്റെ മേഖല അടിസ്ഥാനത്തിലുള്ള ചുമതലകളിൽപെട്ടതാണ്. 2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ, ചട്ടം 9(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് ഓഡിറ്റ് നടത്തേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് (ജൂലായ് 31 നകം). എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കൈമാറിയിട്ടുള്ള ആശുപത്രികളിൽ (ആരോഗ്യം, ഹോമിയോ, ആയുർവ്വേദം, യുനാനി) മാനേജിംഗ് കമ്മിറ്റികൾ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി സമർപ്പിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(xv) പ്രകാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിനു കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൌണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. നിയമത്തിൽ അനുശാസിക്കുന്ന സമയ പരിധി പാലിച്ച് എച്ച്.എം.സി. വാർഷിക കണക്കുകൾ ഓഡിറ്റ് പരിശോധനക്കായി സമർപ്പിക്കേണ്ടതാണ്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-31 തൊഴിൽ രഹിതർക്ക് തൊഴിൽ ലഭ്യമാക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 166, ഉപവകുപ്പ് 1, പട്ടിക 3, സി Xv പ്രകാരം പഞ്ചായത്ത് പരിധിയിലെ ദരിദ്രരെ കണ്ടെത്തി സ്വയം തൊഴിലും, ഗ്രൂപ്പ് എംപ്ലോയ്മെന്റ് പദ്ധതികളും നടപ്പാക്കേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ മേഖലാപരമായ ചുമതലയാണ്. മേൽ നിയമത്തിലെ ചുമതലകൾ ഗ്രാമപഞ്ചായത്തുകൾക്ക് നടപ്പാക്കുവാൻ സഹായിക്കും വിധത്തിലാണ് കേന്ദ്ര സർക്കാർ 2005 മുതൽ രാജ്യത്തെ ഗ്രാമീണ മേഖലയിലെ അസംഘടിത, അവിദഗ്ധ തൊഴിലാളികളുള്ള കുടുംബങ്ങൾക്ക് തൊഴിൽ നൽകുന്നതിനായി മഹാത്മഗാന്ധി

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഗ്രാമപഞ്ചായത്തിൽ സ്ഥിരമായി താമസിക്കുന്നതും, 18 വയസ്സ് തികഞ്ഞ കായികാധ്വാനം ചെയ്യാൻ തയ്യാറുള്ള ആർക്കും തൊഴിലിനായി രജിസ്റ്റർ ചെയ്യാം. തൊഴിലുറപ്പ് പദ്ധതിയിലൂടെ അസംഘടിത, അവിദഗ്ദ്ധ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പും നൽകുന്നുമുണ്ട് (നിലവിൽ പ്രതിദിനം 258/- രൂപ). പദ്ധതി നടത്തിപ്പിനായി പണം ചെലവിടുന്നതിന് പരിധി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ എത്ര തുക വേണമെങ്കിലും ചെലവഴിച്ച് ഗ്രാമപഞ്ചായത്തുകളിലെ മുഴുവൻ തൊഴിൽ രഹിതർക്കും, അവിദഗ്ദ്ധ തൊഴിലാളികൾക്കും തൊഴിൽ നൽകാൻ സാധിക്കും. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ ഒരു വിഭാഗം തൊഴിൽരഹിതരായ യുവതീയുവാക്കൾ പഞ്ചായത്തിൽ നടപ്പാക്കുന്ന തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യുകയോ, തൊഴിലിനായി അപേക്ഷിക്കുകയോ ചെയ്യാതെ കേരള സർക്കാരിന്റെ തൊഴിൽ രഹിത വേതന പദ്ധതിയിലൂടെ പ്രതിമാസം 120/- രൂപ നിരക്കിൽ വേതനം കൈപ്പറ്റുകയാണ് ചെയ്യുന്നത്.

13.12.2009 ലെ (പി)169/2009/തൊഴിൽ നമ്പർ ഉത്തരവിലൂടെ (1998 ലെ കേരള തൊഴിൽരഹിത വേതന പദ്ധതി ചട്ടങ്ങളുടെ ഭേദഗതി ഉത്തരവ്) എൻ.ആർ.ഇ.ജി.എസ്. പ്രകാരമുള്ള തൊഴിൽ ലഭിക്കുന്ന വ്യക്തിയുടെ കുടുംബ വാർഷിക വരുമാനം 12,000/- രൂപയിൽ അധികമായാൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ വേതനം നിർത്തൽ ചെയ്യേണ്ടതും വിവരം ബന്ധപ്പെട്ട എംപ്ലോയ്മെന്റ് ഓഫീസറെ അറിയിക്കേണ്ടതുമാണ്. എന്നാൽ 1998 ലെ കേരള തൊഴിൽ രഹിത വേതന പദ്ധതി ചട്ടം - 4 (ii)അനുബന്ധ ഫോറത്തിൽ (നം.1) പ്രതിമാസം 100/- രൂപയിൽ കൂടുതൽ വരുമാനം ലഭിക്കുന്ന അന്നു മുതൽ തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നതല്ല എന്ന സത്യ പ്രസ്താവനയോടെ (ക്രമ നം.6) അപേക്ഷ സമർപ്പിക്കുന്ന ഗുണഭോക്താക്കൾ തൊഴിൽ ലഭിക്കുവാനുള്ള അവസരവും, സാഹചര്യവും പഞ്ചായത്തിൽ ഒരുക്കിയിട്ടും ആയത് പ്രയോജനപ്പെടുത്താതെയാണ് തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നത്. ഓഡിറ്റ് വർഷത്തിൽ തൊഴിൽരഹിത വേതനം വിതരണം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക | വൌച്ചർ നം, തീയ്യതി |
|---|---|---|
| 417 | 3,93,960 | 21600424, 09.09.2016 |
| | 2,84,160 | 21600947, 30.03.2017 |
| ആകെ | 6,78,120 | |

തൊഴിലുറപ്പ് നിയമം പ്രകാരം പഞ്ചായത്ത് പരിധിയിൽ തൊഴിൽരഹിതരായവർ, അർഹതപ്പെട്ടവർ എന്നവരുടെ ലിസ്റ്റ് തയ്യാറാക്കി രജിസ്ട്രേഷൻ നടത്താനുള്ള ഉത്തരവാദിത്വം ഏറ്റെടുത്ത് തൊഴിൽ ലഭ്യമാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ കടമയാണെന്നിരിക്കേ ആയതിന് പകരം താൽകാലിക ധനസഹായം എന്ന നിലയ്ക്ക് പ്രതിമാസം ലഭിക്കുന്ന തുച്ഛമായ (120/- രൂപ) ആനുകൂല്യത്തിന് അപേക്ഷ സമർപ്പിക്കുന്ന തരത്തിൽ ഗുണഭോക്താക്കളെ പ്രോൽസാഹിപ്പിക്കുകയാണ് ചെയ്യുന്നതു്. കേരള തൊഴിൽരഹിത വേതന പദ്ധതി ചട്ടങ്ങൾ പ്രകാരം വേതനം കൈപ്പറ്റുന്നവരുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിവരങ്ങൾ തദ്ദേശഭരണ അധികാരികൾക്ക് സ്വമേധയ അന്വേഷിക്കാവുന്നതും പ്രസ്തുത അന്വേഷണത്തിൽ വേതനം അനുവദിച്ചത് തെറ്റിദ്ധരിപ്പിക്കൽ മൂലമോ, തൊഴിൽ ലഭിച്ച വിവരം, കുടുംബത്തിന്റെ വാർഷിക വരുമാനത്തെ സംബന്ധിച്ചോ വിവരങ്ങൾ മറച്ചു വെയ്ക്കുകയോ ചെയ്യുന്നവരുണ്ടെങ്കിൽ വേതനം നിറുത്തലാക്കുന്നതിനും ശുപാർശ ചെയ്യുന്നതിനും അധികാരമുണ്ട്.

പഞ്ചായത്ത് പരിധിയിൽ തൊഴിൽ രഹിതരായവർക്ക് തൊഴിൽ ലഭ്യമാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ കടമയായതിനാൽ പ്രസ്തുത ഗുണഭോക്താക്കളെ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യിച്ച് തൊഴിൽ നൽകേണ്ടതും, തൊഴിൽ രഹിത വേതനം ലഭ്യമാക്കുന്നത് നിരുൽസാഹപ്പെടുത്തേണ്ടതുമാണ്. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 400000 | മിൽക്ക് ഇൻസെന്റീവ് | 400000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 1100000 | ക്ലീൻ ഉണ്ണികുളം 112/17 | 1100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 200000 | എസ്.സി കോളനി കക്കൂസ് | 0 | 200000 |
| ജില്ല പഞ്ചായത്ത് | 75000 | നെല്ല് കർഷക ഇൻസെന്റീവ് | 75000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| PWD Electrical | പഞ്ചായത്ത് ഓഫീസ് വയറിങ് | 211617 22.3.17 | 475000 | -- | 475000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ-വായ്പതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | 533/10 /ത.സ്വ.ഭ.വ | 23500000 | 10691441 | 2350000 | | 8136441 |

| | | | | | | |
|---|---|---|---|---|---|---|
| | /18.2.2010 | | | | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 60285 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 5727 |
| ആകെ | 66012 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 66012 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 20842 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2014-15 | ഖ 3(1) | 10000 | സുലൈഖ | 11601101188 13.7.16 |
| 2012-13 | 3-9 | 5000 | ശോഭന ഇല്ലത്ത് | 11601101590 17.08.16 |
| 2014-15 | 3-8 | 5842 | ഉസൈൻ കുട്ടി | 11601101124 11.07.16 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2001-02 | ഖ7 | 2003-04 | പൊതു പരാമർശങ്ങൾ തൊഴിൽ യൂണിറ്റുകൾ പരാജയം - പദ്ധതിപ്പണം ദുർവിനിയോഗം ചെയ്തു. | വനിതാ ബേക്കറി യൂണിറ്റ് പ്രവർത്തനം ആരംഭിച്ചില്ല |
| 1999-00 | ഖ 30 | 2003-04 | 2.വ്യവസായ എസ്റ്റേറ്റുകൾ പ്രയോജനപ്പെട്ടില്ല | 1998-99 ൽ 1 ഏക്കർ |

| | | | | |
|---|---|---|---|---|
| | | | | ചെലവഴിച്ച തുക 715345 |
| 1999-00 | ഖ 32 | 2003-04 | 5.മൈത്രി ഭവന പദ്ധതി ഉത്തരവാദിത്വം നിറവേറ്റിയില്ല | ഹൗസിംഗ് ബോർഡിൽ നിന്നും തിരിച്ച് ലഭിക്കാനുള്ള 1600000 രൂപ ലഭിക്കാനുള്ള നടപടി സ്വീകരിച്ചില്ല |
| 2001-02 | | | മറ്റ് പരാമർശങ്ങൾ ഒറ്റ നോട്ട ത്തിൽ | തെരുവു വിളക്ക് സ്ഥാപി ക്കൽ -117360 |
| 2001-02 | | | " | വനിതാ ബേക്കറി യൂണിറ്റ്-20000 |
| 2001-02 | 3.1 | | 8.കുടിവെള്ള പദ്ധതികൾ ഗ്രാമ പഞ്ചായത്തുകൾക്ക് ബാദ്ധ്യത യാകുന്നു. | വൈദ്യുത ചാർജ്ജ്-74131 |
| 2001-02 | 2.1 | 2003-04 | 11.ആഭ്യന്തര നിയന്ത്രണം പാളുന്നു. | വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തുന്നില്ല.ക്യാഷ് ബുക്ക് എഴുതാതെ ചെലവു ചെയ്യുന്നു..ദൈനംദിന കള ക്ഷൻ അടുത്ത ദിവസം അടക്കാതെ ജൂനിയർ സൂപ്രണ്ട് കൈവശം വെക്കു ന്നു. |
| 2001-02 | ഭാഗം 1 | 2005-06 | 12. ഗ്രമസഭ നിയമ ലംഘനം തുടരുന്നു. | സമയ പരിധി പാലിച്ചിട്ടില്ല. മിനുട്സിൽ തീരുമാനങ്ങൾ രേഖപ്പെടുത്താതെ പേജുക ൾ ഒഴിച്ചിടുന്നു.ഓഡിറ്റ് റിപ്പോർട്ടുകൾ ചർച്ച ചെയ്യു ന്നില്ല.10/01 ന ശേഷം 11 മാസം കഴിഞ്ഞാണ് 9/02 ലാണ് സഭ വിളിച്ചു ചേർ ത്തത്. |
| 01-02 ,2(1)<br>2001-02,2(2) | | 2005-06 | തദ്ദേശസ്വയം ഭരണ സ്ഥാപന ങ്ങളുടെ തനത് വരവ് കാലഹ രണപ്പെട്ട തുകയുടെ വിവരം | കെട്ടിട നികുതി -175722<br>തൊഴിൽ നികുതി -125150 |
| 2001-02 | | 2005-06 | നികുതി പിരിക്കുന്നതിലെ അലം ഭാവം-കുടിശ്ശിക വർദ്ധിക്കുന്നു. | കെട്ടിട നികുതി-741628 |
| 2002-03 | 2.9 | 2006-07 | ഗ്രാമപഞ്ചായത്ത് കെട്ടിടനികുതി , | .തൊഴിൽ നികുതി 86000 |

| | | | | |
|---|---|---|---|---|
| | | | തൊഴിൽ നികുതി തനത് വരവ് യഥാസമയം പിരിച്ചെടുക്കാത്ത തിനാൽ കാലഹരണപ്പെട്ടു. | |
| 2002-03 | 3.17 | 2006-07 | 3.79.12കാർഷികോപകരണങ്ങൾ വിതരണം ചെയ്യതിലേയും പരി പാലനത്തിലേയും അപാകതകൾ | നെൽകൃഷി പ്രോത്സാഹനം-പവർ ടില്ലറുകൾ വാങ്ങി 2 സമിതികൾക്ക് കൈമാ റിയെങ്കിലും ഓരോ സമി തിക്കും 2652 രൂപ മാത്ര മാണ് ചെലവ് വന്നത് ഈ സാഹചര്യത്തിൽ പവർ ടില്ല റിന്റെ രജിസ്ട്രേഷൻ പഞ്ചാ യത്തിന്റെ പേരിൽ നടത്തേ ണ്ടതിനു പകരം സമിതി യുടെ പേരിൽ നടത്തിയത് അപാകതയാണ്.<br>2.ടില്ലറിന്റെ സൂക്ഷിപ്പ് ഉപ യോഗം എന്നിവ കൃഷി ഓഫീസർ പരിശോധന നട ത്തിയിരുന്നില്ല.<br>3. ടില്ലറിന്റെ വരവ് ചെലവ് കണക്കുകൾ പരിശോധന ക്ക് ലഭ്യമാക്കിയില്ല.<br>4.മൂലധന നിക്ഷേപം തിരികെ ലഭിക്കുവാനോ പുനർ നിക്ഷേപം നടത്തു വാനോ ഉള്ള വ്യവസ്ഥ കരാറിൽ ഇല്ല |
| 2002-03 | 3.13 | 2006-07 | ആരംഭിച്ച പദ്ധതി പൂർത്തിയാക്കിയില്ല ,ഉപേക്ഷിച്ചു. | കമ്മ്യൂണിറ്റി ഹാൾ,അടങ്കൽ 1380000 രൂപയിൽ നിന്നും 1577000 രൂപയായി ഉയർത്തി |

## **4-8** ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,36,42,183<br>(മുന്നിരിപ്പ് ഉൾപ്പെടെ ) |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,18,29,689 |
| വരവിനങ്ങളിലുള്ള നഷ്ടം | 58,469 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 8,98,263 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,03,49,938 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 47,353 | | ബാലൻ കെ.പി, സെക്രട്ടറി |
| 2-3 | 9,511 | | ,, |
| 2-5 | 1,605 | | ,, |
| 3-3 | | 95,230 | ബാലൻ. കെ.പി,സെക്രട്ടറി, |
| 3-5 | | 31,901 | ലക്ഷ്മി.ടി.കെ. ഐസിഡിഎസ് സൂപ്പർവൈസർ |
| 3-11 | | 28,000 | ഡോ. സി.കെ ഷാജിബ്, വെറ്ററിനറി സർജൻ |
| 3-12 | | 2,00,000 | ഡോ. സുനിൽ ലാൽ കാഞ്ഞിരത്തിങ്കൽ |
| 3-13 | | 4,09,000 | ഡോ. സുനിൽ ലാൽ കാഞ്ഞിരത്തിങ്കൽ |
| 3-19 | | 62,972 | ബാലൻ. കെ.പി,സെക്രട്ടറി, |
| 3-20 | | 39,110 | ബാലൻ. കെ.പി,സെക്രട്ടറി, |
| 3-22 | | 30,000 | ബാലൻ. കെ.പി,സെക്രട്ടറി, |
| 3-24 | | 2,050 | ബാലൻ. കെ.പി,സെക്രട്ടറി, |
| | 58,469 | 8,98,263 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 2,36,107 | മുഹമ്മദ് ഇക്ബാൽ. കെ, കൃഷി ഓഫീസർ |
| 3-2 | 30,87,500 | സിസ്ധു. കെ.വി.ഇ.ഒ,(ഉണ്ണികുളം സർക്കിൾ) |
| 3-2 | 8,80,000 | സുധ വി.ഇ.ഒ, (വീര്യമ്പ്രം സർക്കിൾ) |
| 3-2 | 20,000 | ലക്ഷ്മി സശീന്ദ്രൻ വി.ഇ.ഒ, (വീര്യമ്പ്രം സർക്കിൾ) |

| | | |
|---|---|---|
| 3-2 | 7,90,000 | ലക്ഷ്മി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| | 12,84,876 | ഹെഡ്മാസ്റ്റർ,മോഹനൻ.എൻ |
| | 3,00,000 | ജിഷ.ഒ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 3-4 | 3,76,415 | ബാലൻ. കെ.പി,സെക്രട്ടറി, |
| 3-5 | 82,869 | ലക്ഷ്മി ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-6 | 2,44,876 | ഹെഡ്മാസ്റ്റർ,മോഹനൻ.എൻ |
| 3-7 | 1,41,440 | ഹെഡ്മാസ്റ്റർ,മോഹനൻ.എൻ |
| 3-8 | 1,59,470 | മുഹമ്മദ് ഇക്ബാൽ. കെ, കൃഷി ഓഫീസർ |
| 3-9 | 40,000 | ഹെഡ്മാസ്റ്റർ,മോഹനൻ.എൻ |
| 3-15 | 3,00,000 | ബാലൻ. കെ.പി,സെക്രട്ടറി, |
| 3-16 | 4,75,000 | ബാലൻ. കെ.പി,സെക്രട്ടറി, |
| 3-17 | 56,037 | ബാലൻ. കെ.പി,സെക്രട്ടറി, |
| 3-18 | 12,50,400 | ബാലൻ. കെ.പി,സെക്രട്ടറി, |
| 3-21 | 3,88,841 | ബാലൻ. കെ.പി,സെക്രട്ടറി, |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ – 2.2 – 2,298/-, 2.3 – 472/- (ലൈബ്രറി സെസ്സ്) ആകെ – 2,757/- രൂപ

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ – ശ്രീ.ബാലൻ.കെ.പി, സെക്രട്ടറി

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബാലൻ കെ.പി,<br>സെക്രട്ടറി | സെക്രട്ടറി<br>ഉണ്ണികുളം ഗ്രാമപഞ്ചായത്ത് | അഞ്ജലി, ഒരുവിൽ(വീട്),<br>നൻമണ്ട, ബാലുശ്ശേരി |
| ലക്ഷ്മി. ടി.കെ,<br>ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ | ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ<br>ഉണ്ണികുളം ഗ്രാമപഞ്ചായത്ത് | പീടിക കക്കോട്ട്<br>മീത്തൽ,അവിടനല്ലൂർ(പി.ഒ),<br>നടുവണ്ണൂർ |

| | | |
|---|---|---|
| സി.കെ ഷാജിബ്,<br>വെറ്ററിനറി സർജൻ | വെറ്റിനറി സർജൻ,<br>ഉണ്ണികുളം | അനുഗ്രഹ, കാന്തപുരം,<br>ഉണ്ണികുളം |
| ഡോ. സുനിൽലാൽ<br>കാഞ്ഞിരത്തിങ്കൽ,<br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, ഉണ്ണികുളം | 2എ,<br>കോസ്റ്റിക് അപാർട്മെന്റ്,<br>ചേവായൂർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | LFKKD/P10/945/11, തിയ്യതി:21.07.2011 | 7 |
| 1999-00 | LFKKD/P10/945/11, തീയതി:.21.07.2011 | 9 |
| 2000-01 | LFKKD/P3/231/10, തീയതി: 22.05.2010 | 12 |
| 2001-02 | LFKKD/P3/231/10, തീയതി: 22.05.2010 | 5 |
| 2002-03 | LFKKD/P3/231/10, തീയതി:22.05.2010 | 22 |
| 2003-04 | LFKKD/P3/231/10, തീയതി: 22.05.2010 | 18 |
| 2004-05 | LFKKD/P3/231/10, തീയതി:22.05.2010 | 7 |
| 2005-06 | LFKKD/P3/231/10, തീയതി: 22.05.2010 | 10 |
| 2006-07 | LFKKD/P10/653/10, തീയതി:18.01.2011 | 34 |
| 2007-08 | LFKKD/P10/1494/11(1), തീയതി: 05.05.2012 | 20 |
| 2008-09 | LFKKD/P10/1494/11(2), തീയതി: 08.05.2012 | 21 |
| 2009-10 | LFKKD/P10/1068/13, തീയതി:29.07.2013 | 21 |
| 2010-11 | LFKKD/P10/115/14, തീയതി: 05.03.2014 | 7 |
| 2011-12 | LFKKD/P10/76/14, തീയതി: 06.03.2014 | 19 |
| 2012-13 & 2013-14 | LFKKD P10/333/2015 തീയതി: 13.04.2015 | 27 |

| | | |
|---|---|---|
| 2014-15 | KSA.KKD/P1/1038/2016, 15.06.2016 | 30 |
| 2015-16 | KSA.KKD/P10/2129/2016, 03.01.2017 | 22 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.കെ.ഡി/പി-10/1810 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

E-mail: dokkd.ksad@kerala.gov.in

ഫോൺ: 0495-2371012

തീയതി 25.10.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 ാം വകുപ്പും 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും കേരള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡ് അവലംബിച്ചും ഉണ്ണികുളം ഗ്രാമപഞ്ചായത്തിന്റെ 2016 –17 വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ള കാര്യങ്ങളിലൊഴികെ എന്റെ അഭിപ്രായത്തിൽ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് ഉണ്ണികുളം ഗ്രാമപഞ്ചായത്തിന്റെ വരവ്-ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- ാം വകുപ്പും 12.06.2003 ലെ ജി.ഒ.(പി)/319/2003/ഫിൻ നമ്പർ സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

District Audit Office, Kozhikode

Phone: 0495-2371012

E-mail:dokkd.ksad@kerala.gov.in

Date:25.10.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Unnikulam Grama Panchayat in Kozhikode District for the year ended on 31.03.2017 in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Unnikulam Gramapanchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure .

DEPUTY DIRECTOR

District Audit Office, Kozhikode.